KOTTAYAM PUBLIC LIBRARY

Call No. M335

Acc. No. 12569

Author [illegible]

Title [illegible]

12569

# ഇന്ത്യൻ സോഷ്യലിസ്റ്റ് പാർട്ടിയുടെ പ്രമാണങ്ങളും പ്രവൃത്തികളും

★

ലേഖകൻ:

**അജയകുമാർ ഘോഷ്**

(ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ ജനറൽ സിക്രട്ടറി)

1952 ആഗസ്റ്റ്

★

NATIONAL BOOK STALL
SPCS
LTD
BR. KOT[illegible]

പരിഭാഷകൻ: [illegible] പ[illegible]

**പന്തളം [illegible] ഇ[illegible]**

H 335

## ഉള്ളടക്കം


1. സോഷ്യലിസ്റ്റ് പാർട്ടിക്കുള്ളിലെ കുഴപ്പം
2. കുഴപ്പത്തിലേക്ക് വഴി തെളിച്ച നയങ്ങൾ
3. ജനാധിപത്യസോഷ്യലിസത്തിന്റെ "ലോകവീക്ഷണഗതി"—മുഖ്യശത്രുവായി അവർ ആരെ കാണുന്നു?
4. ജനാധിപത്യസോഷ്യലിസത്തിന്റെ രാഷ്ട്രീയലക്ഷ്യങ്ങൾ—ബൂർഷ്വാജനാധിപത്യവും ജനകീയ ജനാധിപത്യവും.
5. ഇന്ത്യൻ ഭരണകൂടം ഒരു വർഗ്ഗത്തിന്റെ മാത്രമാണോ?
6. സോഷ്യലിസവും "പ്രായോഗിക ആദർശവാദവും"
7. ജനാധിപത്യസോഷ്യലിസത്തിന്റെ സാമ്പത്തിക ലക്ഷ്യങ്ങൾ.
8. "മുടിവെച്ചുവാഴുന്ന സാമ്പത്തിക നിയമങ്ങൾ.
9. ജനാധിപത്യസോഷ്യലിസത്തിന്റെ തത്വസംഹിത
10. പാച്ച്മാരിയും ശേഷവും.



1952 ഒക്ടോബർ] [കോപ്പി 1000

പ്രസാധകന്മാർ:

മാർക്സിസ്റ്റ് ബുക്ക്സ്റ്റാൾ,

കോഴിക്കോട് 1.

# 1. സോഷ്യലിസ്റ്റ് പാർട്ടികളിലെ കുഴപ്പം

ഇന്ത്യൻ സോഷ്യലിസ്റ്റ് പാർട്ടി ആഴമേറിയ ഒരു കുഴപ്പത്തിൽപ്പെട്ടിരിക്കയാണ്. കുഴപ്പം പരിഹരിക്കുന്നതിന്നും അണികളെ വീണ്ടും യോജിപ്പിക്കുന്നതിന്നും നേതൃത്വം നടത്തിയ ശ്രമങ്ങൾ ഇന്നുവരേയും വിജയിച്ചിട്ടില്ല. പലരും രാജിവെച്ചു കഴിഞ്ഞു, മററു പലരും രാജിവെയ്ക്കാൻ ആലോചിക്കയാണ്. സോഷ്യലിസ്റ്റ് പാർട്ടിയെ ഈ അവസ്ഥയിലെത്തിച്ച അപകടകരമായ നയം മാറേറുമെന്നു പ്രതീക്ഷിച്ചവരുടെയെല്ലാം ആശ അസ്തമിച്ചിരിക്കുന്നു. പൊതുതിരഞ്ഞെടുപ്പിന്നു ശേഷം പാർട്ടിയെ വലയംചെയ്ത കൂരിരുട്ടിനെ ആട്ടിപ്പായിക്കാൻ പാച്ച്മാരിസമ്മേളനം യാതൊന്നും ചെയ്തിട്ടില്ല. എല്ലാവരും ആ സമ്മേളനത്തെയാണ് ഉററുനോക്കിക്കൊണ്ടിരുന്നത്. പാർട്ടിനേതാക്കന്മാർ സമ്മേളനത്തിൽ ചെയ്ത പ്രസംഗങ്ങളും അവിടെ പാസ്സാക്കിയ പ്രമേയങ്ങളും പാർട്ടിഅണികളിൽ സംഭ്രാന്തി ഉളവാക്കുകയും, കുഴപ്പത്തിന്റെ ആഴം വർദ്ധിപ്പിക്കയുമാണ് ചെയ്തത്. കോൺഫറൻസിനെത്തുടർന്നുണ്ടായ സംഭവങ്ങൾ അവരുടെ സംഭ്രമം വർദ്ധിപ്പിക്കുന്ന തരത്തിലുള്ളവയായിരുന്നു. കുപ്രസിദ്ധ വർഗ്ഗീയവാദിയായ ഡി. പി. മിശ്രയെ സോഷ്യലിസ്റ്റ് പാർട്ടിയിൽ ചേർത്തുവെന്ന് അവർ അറിഞ്ഞു. ഗാന്ധിസത്തിന്റെ ആദർശം അടിസ്ഥാനപ്രമാണമായംഗീകരിച്ചുകൊണ്ടു കെ. എം. പി. പി. യുമായി ലയി[illegible] പാർട്ടി തീർച്ചപ്പെടുത്തിയിരിക്കു[illegible]വെന്ന് അവർ മനസ്സിലാക്കി. ഗവർമ്മെണ്ടു ഭക്ഷ്യധാന്യധനസഹായം പി[illegible]വലിച്ചതിനെത്തുടർന്നു ഭക്ഷ്യവില ആകാശത്തോളമുയർന്നതിൽ പ്രതിഷേധിച്ച ബോംബെത്തൊഴിലാളികൾ നടത്തിയ പണിമുടക്കിനെ ശ്രീ. അശോകമേത്ത എതിർത്തുവെന്നും, തന്റെ ഉപദേശം സ്വീകരിക്കാത്തതിന്നു തൊഴിലാളികളെ അധിക്ഷേപിച്ചുവെന്നും അവർ മനസ്സിലാക്കി. മി. റാഫിഅഹമ്മദു കിദ്വായിയെ വാഗ്ദാനലംഘനക്കുററമാരോപിച്ചതിന്റെ പാപപരിഹാരാർത്ഥം ശ്രീ. ജയപ്രകാശ് ന[illegible]ണൻ ഇ[illegible]ത്തി

യൊന്നു് ദിവസം നിരാഹാരവ്രതം നോറ്റെന്നും, തെക്കെ ഇന്ത്യക്കാരായ രണ്ടു ബ്രാഹ്മണരുടെ മന്ത്രോച്ചാരണത്തോടുകൂടി അതു സമാപിച്ചുവെന്നും അവർ മനസ്സിലാക്കി. ഇതെല്ലാം കൂടിച്ചേർന്ന് സോഷ്യലിസ്റ്റ് പാർട്ടി അണികളിൽത്തന്നെയല്ല പല സംസ്ഥാനനേതാക്കന്മാരുടെ ഇടയിൽപ്പോലും അതിയായ ആശാഭംഗം സൃഷ്ടിച്ചു. പാർട്ടിക്കുള്ളിലെ കുഴപ്പം വർദ്ധിച്ചിട്ടുണ്ടു്; ദിവസംപ്രതി അതു വർദ്ധിച്ചുവരികയാണ്.

ഈ കുഴപ്പത്തിന്റെ മൌലികകാരണങ്ങൾ എന്തൊക്കെയാണ്? ഈ കുഴപ്പം എങ്ങിനെ പരിഹരിക്കാം?

ഇവ സോഷ്യലിസ്റ്റ് പാർട്ടി മെമ്പർമാരെ മാത്രം സ്പർശിക്കുന്ന പ്രശ്നങ്ങളല്ല; ഇവ ഓരോ സോഷ്യലിസ്റ്റിനും കമ്യൂണിസ്റ്റിനും ഓരോ ജനാധിപത്യവാദിക്കും ഓരോ ഇന്ത്യൻ ദേശാഭിമാനിക്കും താല്പര്യമുള്ള പ്രശ്നങ്ങളാണ്. അതിന്റെ ആരംഭം മുതൽക്കേ സോഷ്യലിസ്റ്റ് പാർട്ടി നമ്മുടെ രാജ്യത്തിന്റെ രാഷ്ട്രീയജീവിതത്തിൽ സമ്പാദിച്ചിരുന്ന സ്ഥാനവും, പൊതുതിരഞ്ഞെടുപ്പിനു ശേഷം വളർന്നുവന്ന പരിതഃസ്ഥിതികളുമാണ് ഈ താല്പര്യത്തിന്നു കാരണം.

ഇന്നു, മുമ്പെന്നത്തേക്കാളുമധികമായി ഇന്ത്യയിലെ ജനങ്ങൾ ആവശ്യപ്പെടുന്നതു് ഐക്യമാണ്; സമാധാനവും സ്വാതന്ത്ര്യവും ജനാധിപത്യവും സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ഐക്യം; നമ്മുടെ രാജ്യത്തെ അടിമത്തച്ചങ്ങലയിൽ കുരുക്കാനുള്ള അമേരിക്കൻസാമ്രാജ്യമേധാവിപ്രഭുക്കളുടെ ശ്രമങ്ങളെ പരാജയപ്പെടുത്താനുള്ള ഐക്യം; ഇന്നത്തെ ഗവൺമെണ്ടിന്റെ സ്ഥാനത്തു ജനാധിപത്യപരമായ ഒരു ഗവൺമെണ്ടു സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള ഐക്യം; തൊഴിലാളികൾക്കും കൃഷിക്കാർക്കുമെതിരായി മുതലാളിമാരും ജന്മിമാരും നടത്തുന്ന ആക്രമണങ്ങളെ തുരത്താനുള്ള ഐക്യം; അതാണിന്നു വേണ്ടതു്.

ഇന്നത്തെ കോൺഗ്രസ്സ് അഞ്ചുവർഷം മുമ്പുണ്ടായിരുന്ന കോൺഗ്രസ്സല്ല. ബഹുഭൂരിപക്ഷം ജനങ്ങളുടേയും പിന്തുണ ഇന്നു് അതിനു നഷ്ടപ്പെട്ടുകഴിഞ്ഞിരിക്കുന്നു. പൊതുതിരഞ്ഞെടുപ്പിൽ ജനാധിപത്യവാദികളായ ബഹുജനങ്ങളെ പ്രതിനിധാനംചെ

യ്യുന്ന പാർട്ടികൾക്ക് 270 ലക്ഷത്തിൽ കുറയാതെ വോട്ടുകൾ ലഭിച്ചു. കോൺഗ്രസ്സിനു 410 ലക്ഷം വോട്ടുകളും ലഭിച്ചു. ബഹുജനങ്ങൾ എത്രവേഗമാണ് മൌലികപരിവർത്തനവാദികളാകുന്നതെന്നും, എത്രവേഗമാണ് സമരത്തിലേക്കു നീങ്ങുന്നതെന്നും ഈ വസ്തുത വ്യക്തമാക്കുന്നു.

കോൺഗ്രസ്സുഭരണത്തിനെതിരായ ബഹുജനങ്ങളുടെ എതിർപ്പ് ഈയിടെ പിരിമുറുകിവരികയാണ്. ജനവിരുദ്ധവും ദേശീയവിരുദ്ധവുമായ ഇന്നത്തെ ഗവർമ്മെണ്ടിന്റെ നയങ്ങളുടെ ചാട്ടവാറടി ഏററു വശംകെട്ട കൈവേലക്കാരും ബുദ്ധിജീവികളും ചെറുതരം കച്ചവടക്കാരും വൻകിടക്കച്ചവടക്കാരും, എന്നുവേണ്ട വ്യവസായികൾപോലും, കൃഷിക്കാരോടും തൊഴിലാളികളോടുമൊത്തു ആ മുന്നേററത്തിൽ പങ്കാളികളായിരിക്കയാണ്. തങ്ങളുടെ ദേശീയഭൂവിഭാഗങ്ങളെ കൂട്ടിച്ചേർത്തു ഭാഷാപ്രവിശ്യകൾ രൂപീകരിക്കുന്നതിന്നുവേണ്ടി സമരംചെയ്യുന്ന വമ്പിച്ച ജനവിഭാഗങ്ങൾ അതിൽ പെടുന്നു. ബോംബെഗവർമ്മെണ്ടിന്റെ പുതിയ നികുതികൾക്കെതിരായ സാർവ്വത്രികമായ എതിർപ്പിൽ കണ്ടതുപോലെ കോൺഗ്രസ്സുകാർപോലും ഇന്നു് അതിൽ പങ്കുചേരുകയാണ്. ബഹുജനപ്രസ്ഥാനത്തെ അടിച്ചമർത്തുന്നതിന്നുവേണ്ടി പുതിയ അധികാരങ്ങളുടെ—"നിയമവിരുദ്ധസംഘങ്ങളെ പിരിച്ചുവിടുന്നതിന്നു നാവിക-കരസൈന്യങ്ങളെ വിളിക്കാനുള്ള അധികാരം മജിസ്ട്രേട്ടുമാർക്കു നൽകുന്ന ക്രിമിനൽ നടപടി ഭേദഗതിനിയമത്തിന്റെയും കരുതൽ തടങ്ങൽ നിയമത്തിന്റെയും—കവചം നാണമില്ലാതെ അണിയുന്നതു കണ്ടു പരിഭ്രാന്തരായ എല്ലാ പൌരസ്വാതന്ത്ര്യപ്രേമികളേയും ജനാധിപത്യവാദികളേയും അതിൽ നമുക്കിന്നു കാണാൻ കഴിയും.

ഈ സംഭവവികാസങ്ങളെല്ലാംതന്നെ ജനാധിപത്യശക്തികളുടെ ഐക്യത്തിന്റെ പ്രാധാന്യത്തിനു കീഴ്‌വരയിടുന്നു. അത്തരം ഐക്യത്തിന്റെ ആവശ്യം ഒരിക്കലും ഇത്രമാത്രം അടിയന്തിരമായിരുന്നില്ല. ഐക്യത്തിനുള്ള സാദ്ധ്യതകളും ഇന്നത്തേപ്പോലെ ഒരിക്കലും ഉണ്ടായിരുന്നില്ല.

സോഷ്യലിസത്തിന്നും ജനാധിപത്യത്തിനു വേണ്ടി തങ്ങളുടെ സർവ്വസ്വവും ബലികഴിക്കയും കഷ്ടപ്പെടുകയും പടവെട്ടു

കയും ചെയ്തിട്ടുള്ള അനേകായിരം ആത്മാർത്ഥതയും സത്യസന്ധതയുമുള്ള സോഷ്യലിസ്റ്റ്കാരെക്കൊണ്ട നിറഞ്ഞ, രാജ്യത്തിൻെറ വിവിധഭാഗങ്ങളിൽ ഇന്നും ഗണ്യമായ സ്വാധീനശക്തി ചെലുത്തുന്ന, സോഷ്യലിസ്റ്റ്പാർട്ടിക്ക് ഈ കുഴപ്പം പരിഹരിച്ചാൽ ഈ ഐക്യം പടുത്തുയർത്തുന്നതിൽ കാര്യമായ ഒരു പങ്ക നിർവ്വഹിക്കാൻ കഴിയും. കോൺഗ്രസ്സ്ഭരണം അവസാനിപ്പിച്ച ജനങ്ങളുടേതായ ഒരു ഭരണം സ്ഥാപിക്കണമെന്ന് ആഗ്രഹിക്കുന്ന ഏവരും, ഈ കുഴപ്പം പരിഹരിക്കുന്നതിന സോഷ്യലിസ്റ്റ്പാർട്ടി അവലംബിക്കുന്ന നയപരിപാടികളെപ്പററി ഉൽക്കണ്ഠയുള്ളവരാണ്. പൊതുതിരഞ്ഞെടുപ്പിൽ ഉണ്ടായ പരാജയങ്ങൾ മാത്രമല്ല സോഷ്യലിസ്റ്റ്പാർട്ടിക്കുള്ളിലെ കുഴപ്പത്തിന കാരണമെന്ന വ്യക്തമാണ്. നേരേമറിച്ച തിരഞ്ഞെടുപ്പിന വളരെമുമ്പുതന്നെ വളൎന്നകഴിഞ്ഞിരുന്ന കുഴപ്പമാണ് പരാജയങ്ങൾക്ക കാരണം. പാർട്ടിയുടെ റിപ്പോർട്ടുകളും രേഖകളും സശ്രദ്ധം പഠിക്കുന്ന ഏതൊരാൾക്കും ഇതു വ്യക്തമായി കാണാൻകഴിയും. തിരഞ്ഞെടുപ്പു പരാജയങ്ങൾ കുഴപ്പത്തിൻെറ ആഴം വർദ്ധിപ്പിക്കമാത്രമേ ചെയ്തിട്ടുള്ള. കുഴപ്പത്തിനും തിരഞ്ഞെടുപ്പുപരാജയത്തിനും ഒരു പൊതുകാരണമാണുള്ളതു്—പാർട്ടിയുടെ സിദ്ധാന്തങ്ങളും പ്രവൎത്തനങ്ങളും, സാർവ്വദേശീയവും ദേശീയവുമായ മണ്ഡലങ്ങളിൽ അതു അനുവൎത്തിച്ച നയങ്ങളും, അതു പടച്ചുണ്ടാക്കിയ കൂട്ടുകെട്ടുകളുമാണ് അതു്. അടിസ്ഥാനപരമായ തത്വശാസ്ത്രത്തെയും സിദ്ധാന്തങ്ങളെയും പരിശോധിക്കാതെയും ഇന്നുവരെയും തുടൎന്നവന്ന നയപരിപാടികളെ ഭേദഗതിചെയ്യാതെയും, കുഴപ്പം പരിഹരിക്കുന്നതിന നടത്തുന്ന ശ്രമങ്ങളെല്ലാംതന്നെ കുഴപ്പത്തിൻെറ ആഴം വർദ്ധിപ്പിക്കയേ ഉള്ളൂ.

## 2. കുഴപ്പത്തിലേക്ക് വഴിതെളിച്ച നയങ്ങൾ

നാലു വഷങ്ങൾക്കമുമ്പു സോഷ്യലിസ്റ്റ്കാർ കോൺഗ്രസ്സമായി തെററിപ്പിരിഞ്ഞു്, ഒരു സ്വതന്ത്രകക്ഷിയായി സംഘടിക്കുവാൻ തീരുമാനിച്ചപ്പോൾ പാർട്ടി അണികളിലും, പതിനായിരക്കണക്കിന പാർട്ടി അനുഭാവികളുടെ ഇടയിലും വമ്പിച്ച പ്രതീക്ഷകളെ ഉണർത്തിവിടുകയുണ്ടായി. ബ്രിട്ടീഷ്സാമ്രാജ്യത്വവു

മായി സഹകരിച്ചു പ്രവർത്തിക്കുന്ന വ്യവസായകർത്തകകളുടെയും ഭൂവുടമകളുടെയും പാർട്ടിയാണ് കോൺഗ്രസ്സെന്നു വ്യക്തമായി കഴിഞ്ഞിരുന്നു. ജനങ്ങൾക്ക നല്കിയിരുന്ന വാഗ്ദാനങ്ങൾ പാലിക്കാനുദ്ദേശിക്കുന്നില്ലെന്നു്, അധികാരത്തിൽ വന്നതിനുശേഷം ആദ്യമാസങ്ങളിൽ കോൺഗ്രസ്സു നടത്തിയ ചെയ്തികൾതന്നെ വ്യക്തമാക്കിയിരുന്നു. "കോൺഗ്രസ്സുഭക്തി"യുടെയും, അച്ചടക്കത്തിൻെറപേരിൽ പുലർത്തിയിരുന്ന സമരവിരുദ്ധനയത്തിൻെറയും കുരുക്കുകളിൽനിന്നും രക്ഷപ്പെട്ട തങ്ങളുടെ പാർട്ടി, കോൺഗ്രസ്സിനെതിരായ സന്ധിയില്ലാത്ത എതിർപ്പെന്ന സ്വാതന്ത്ര്യനയം—ജന്മിമാക്കും വ്യവസായകർത്തകകൾക്കമെതിരായ ബഹുജനസമരങ്ങളെ വളർത്തിക്കൊണ്ടുവരികയും, മർദ്ദിതരും ചൂഷിതരുമായ എല്ലാം വിഭാഗങ്ങളെയും അണിനിരത്തിക്കൊണ്ടുള്ള ബഹുജനസംഘടനകൾ കെട്ടിപ്പടുക്കുകയും, വിപ്ലവപ്പാർട്ടികളെയും ഗ്രൂപ്പുകളെയും കൂട്ടിച്ചേർത്തു് ഐക്യമുന്നണി രൂപവല്കരിക്കയും, ലോകമെങ്ങുമുള്ള സാമ്രാജ്യവിരോധശക്തികളുമായി ചേർന്നിട്ടും കോളനിജനതകളുടെ സമരങ്ങളെ അടിച്ചമർത്താനും, ഒരു പുതിയ ലോകമഹായുദ്ധം അഴിച്ചുവിട്ടു ലോകത്തെ അടിമയാക്കാനും, ഇടതടവില്ലാതെ പയററുന്ന ശക്തികൾക്കെതിരായി സമരം നടത്തുകയുംചെയ്യുന്ന ഒരു നയം—സ്വീകരിക്കുമെന്നാണു് സോഷ്യലിസ്റ്റ് അണികളിലെ ദേശാഭിമാനികൾപ്രതീക്ഷിച്ചതു്. ഈ പ്രതീക്ഷകൾ സാക്ഷാല്ക്കരിക്കപ്പെടുകയല്ല ചെയ്തതു. സോഷ്യലിസ്റ്റ് പാർട്ടി കോൺഗ്രസ്സുമായി ബന്ധം വിടുർത്തിയപ്പോൾ ഉടലെടുത്ത പ്രതീക്ഷകൾക്ക കടകവിരുദ്ധമായ നയപരിപാടികളാണ് അവലംബിക്കപ്പെട്ടതു്. സത്യസന്ധതയും സമരധീരതയുമുള്ള പാർട്ടിയിലെ ബഹുഭൂരിപക്ഷം അംഗങ്ങളുടെയും അഭിലാഷങ്ങൾക്കും പ്രതീക്ഷകൾക്കും കടകവിരുദ്ധമായിരുന്നു ആ നയപരിപാടികൾ.

കഴിഞ്ഞ അഞ്ചു കൊല്ലക്കാലത്തെ സോഷ്യലിസ്റ്റ് പാർട്ടി നയത്തിൻെറ വളച്ചു മുഴുവനും വ്യക്തമാക്കുന്നതിനും, ബഹുജനസമരങ്ങളുടെയും ഐക്യത്തിൻെറയും ലക്ഷ്യത്തെ അതെങ്ങനെ തകരാറാക്കി എന്നുകാണിക്കുന്നതിനും എനിക്ക് ഇവിടെ സാദ്ധ്യമല്ല. മാർക്സിൻെറ സിദ്ധാന്തങ്ങൾ വലിച്ചെറിഞ്ഞു, അവയുടെ

സ്ഥാനത്തു ബൂഷ്വാസിദ്ധാന്തങ്ങൾ കുത്തിതിരുകിയതു്—എങ്ങനെയെന്നും, കോൺഗ്രസ്സിന്നെതിരായ എതിൎപ്പിന്റെ വായ്ത്തലയുടെ മൂച്ച് കുറയ്ക്കുന്നതിനും, ധീരമായ ബഹുജനസമരങ്ങളെ അരാജകത്വമെന്നും വിദ്ധ്വംസകമെന്നും മുദ്രകുത്തി അധിക്ഷേപിക്കുന്നതിനും ശ്രമിച്ചതെങ്ങനെയെന്നും, വിശദീകരിക്കാൻ ഇപ്പോൾ സാദ്ധ്യമല്ല. തിരഞ്ഞെടുപ്പുകളെയും, പാർല്ലിമെണ്ടറിസമരങ്ങളെയും പററി വ്യാമോഹം വളൎത്തിയതും, ട്രേഡ്യൂണിയനുകളെ പൊളിച്ചതും, പൊളിക്കലിന്നെ വിജയമായാഘോഷിച്ചതും, വിപ്ലവകാരികളോടും ഇടതുപക്ഷശക്തികളോടുമുള്ള 'ഐക്യമുന്നണി' ചവുട്ടിത്തെറിപ്പിച്ചുകൊണ്ടു കുപ്രസിദ്ധപിന്തിരിപ്പൻ ശക്തികളോടു കൂട്ടുകെട്ടുണ്ടാക്കിയതും സോവിയററയൂണിയനെയും ജനാധിപത്യചൈനയേയും അധിക്ഷേപിച്ചതും, സാമ്രാജ്യമൎദ്ദകരേയും, സോഷ്യലിസത്തെ വഞ്ചിച്ചവരെയും പുകഴ്ത്തിപ്പാടിയതും ഇതെല്ലാം ജനാധിപത്യത്തിനും സോഷ്യലിസത്തിനും വേണ്ടിയാണ് എന്നുപറഞ്ഞു ന്യായീകരിച്ചതുമെല്ലാം എങ്ങനെയെന്നും വിശദീകരിക്കാൻ ഞാനൊരുങ്ങുന്നില്ല. വിശദമായ അത്തരമൊരു പ്രതിപാദനം ഇവിടെ സാദ്ധ്യമല്ല. എന്നിരുന്നാലും, പൊതുവേ അറിയപ്പെടുന്ന ചില വസ്തുതകൾ നിരത്തിവെയ്ക്കേണ്ടതു് ആവശ്യമാണെന്നു ഞാൻ കരുതുന്നു.

കോൺഗ്രസ്സുമായി ബന്ധം വിടൎത്തുന്നതിനു തീരുമാനമെടുത്ത സോഷ്യലിസ്റ്റ്പാർട്ടിയുടെ നാസിക്സമ്മേളനത്തിൽ (1948) വച്ചുപോലും, പാൎട്ടിനേതാക്കന്മാർ സമൎപ്പിച്ച റിപ്പോർട്ടുകളും നടത്തിയ പ്രസംഗങ്ങളും, ഭാവിയിലെന്താണ് ചെയ്യാൻ പോകുന്നതെന്നുള്ളതിന്നെപ്പററി സംശയങ്ങളൊന്നുംതന്നെ അവശേഷിപ്പിച്ചിരുന്നില്ല. ശ്രീജയപ്രകാശ്നാരായണൻ സമൎപ്പിച്ച റിപ്പോർട്ടിൽ കോൺഗ്രസ്സുമായി ബന്ധം വേർപെടുത്തുന്നതിനുള്ള കാരണം പറഞ്ഞിരുന്നു.

അദ്ദേഹം പറയുന്നു:—"ജനാധിപത്യത്തിൽ വിശ്വസിക്കുന്നതും രാജ്യത്തോടും ഭരണത്തോടും ഭക്തിവിശ്വാസങ്ങളുള്ളതുമായ ഒരു ജനകീയപ്രതിപക്ഷത്തിന്റെ അഭാവം സൎവ്വാധിപത്യത്തിന്റെ വളൎച്ചയ്ക്കു പ്രോത്സാഹനം നല്കുമെന്നു തീൎച്ച". അതുകൊണ്ടു "രാജ്യത്തു നിലവിലുള്ള ഇന്നത്തെ പരിതഃസ്ഥിതിക

ളിൽ ഒരു ജനകീയപ്രതിപക്ഷത്തിന്റെ ആവശ്യം നിർവ്വഹി ക്കാൻ കഴിയുന്നതു സോഷ്യലിസ്റ്റ്പാർട്ടിക്കു മാത്രമാണ്."

സോഷ്യലിസ്റ്റ്പാർട്ടി ഭാവിയിൽ ചരിക്കുന്ന മാർഗ്ഗമൊട്ടാകെ ഈ വാക്കുകളിൽ വരച്ചുകാണിച്ചിട്ടുണ്ട്.

"ജനാധിപത്യത്തിൽ വിശ്വസിക്കുന്ന ഒരു ജനകീയ എതിർപക്ഷപാർട്ടി" എന്ന ശൈലികൊണ്ട് "പാർല്ലിമെണ്ടറി പ്രവൎത്തനവും നിൎമ്മാണപരിപാടിയും" മാത്രം ഉൾക്കൊള്ളുന്ന ഒരു പാർട്ടിയേയാണ്—മുഖ്യമായ ഭാവിരാഷ്ട്രീയപ്രവൎത്തനം പാർല്ലിമെണ്ടിൽ ഒതുക്കിനിൎത്തുന്നതും തിരഞ്ഞെടുപ്പിനുള്ള തയ്യാറെടുപ്പിനെ മാത്രം അടിയന്തിര രാഷ്ട്രീയപ്രവൎത്തനമായി കാണുന്നതുമായ ഒരു പാർട്ടിയേയാണ് ഉദ്ദേശിച്ചിരുന്നതെന്നു സമ്മേളനം പാസ്സാക്കിയ പ്രമേയങ്ങളും, നേതാക്കന്മാരുടെ പ്രസംഗങ്ങളും സംശയാതീതമായി വ്യക്തമാക്കിയിരുന്നു.

സമ്മേളനത്തിൽ അദ്ധ്യക്ഷതവഹിച്ചിരുന്ന ശ്രീ. പുരുഷോത്തംദാസ് ത്രികംദാസ്, ഈ മൌലികാശയത്തെ, വാക്കുകൾകൊണ്ടു കസൎത്തു നടത്താതെതന്നെ വെട്ടിത്തുറന്നു പ്രതിനിധിസമ്മേളനത്തിൽവെച്ച് ഇങ്ങനെ വ്യക്തമാക്കുകയുണ്ടായി:—"ബോമ്പെയിൽ ഈയിടെ നടന്ന തിരഞ്ഞെടുപ്പുകൾ, ഇന്നത്തെ ഗവമ്മെണ്ടിനുപകരം മറെറാന്നിനുവേണ്ടി ശ്രമിക്കുന്ന ജനങ്ങൾ ഉററു നോക്കുന്നതു നമ്മെയാണ് എന്നു വ്യക്തമാക്കുന്നു. കേന്ദ്രത്തിലേയും സംസ്ഥാനങ്ങളിലേയും നിയമനിൎമ്മാണസമിതികളിലേക്കുള്ള തിരഞ്ഞെടുപ്പുകൾ രണ്ടു വൎഷങ്ങൾക്കുള്ളിൽ നടന്നേക്കാം. നാമതിനുവേണ്ടി തയ്യാറാവണം."

പാർല്ലിമെണ്ടറിസമരത്തിന്റെ ആവശ്യകത ഊന്നിപ്പറഞ്ഞതല്ല ഇവിടെ കാണുന്ന അൎത്ഥവത്തായ സംഗതി. ജനങ്ങളെ അണിനിരത്തേണ്ടതിന്റെയും അവരുടെ സമരങ്ങൾ സംഘടിപ്പിക്കേണ്ടതിന്റെയും ആവശ്യകത കോൺഫറൻസിലെ പ്രസംഗങ്ങളിലും പ്രമേയങ്ങളിലും സൂചിപ്പിക്കപോലും ചെയ്തിരുന്നില്ലെന്നുള്ളതാണ് ഏററവും അൎത്ഥവത്തായ സംഗതി.

ഇതു് ആകസ്മികമായ ഒരു സംഭവമല്ല. പാർട്ടിനേതാക്കന്മാർ തുടരെതുടരെ പുകഴ്ത്തിപ്പാടാറുള്ള ബ്രി. ലേബർപാർട്ടിയു

ടെ മാതൃകയിൽതന്നെ സോഷ്യലിസ്റ്റ്പാർട്ടിയുടെ രൂപപ്പെടുത്ത ലാണ് അവിടെ നടന്നതു്. ജനങ്ങളുടെ അസംതൃപ്തിയിൽ നിന്നു മുതലെടുത്തും പ്രചരണത്തിലും പ്രക്ഷോഭണത്തിലുംകൂടിത്തന്നെ, ബഹുജനസമരങ്ങൾ ഒന്നടക്കം ഒഴിവാക്കുകയോ, അല്ലെങ്കിൽ കഴിയുന്നത്ര ഒഴിവാക്കുകയോ ചെയ്തുകൊണ്ടു അധികാരത്തിൽ വരാമെന്നാണ് അവരുടെ ലക്ഷ്യം. നാസിക്സമ്മേളനം കഴിഞ്ഞു ഒരാണ്ടിനുശേഷം പാററ്നയിൽവെച്ച നടന്ന സമ്മേളനത്തിൽ ശ്രീ. അശോകമേത്ത ഇതു തികച്ചും വ്യക്തമാക്കി:–

"ജനാധിപത്യം നിലവിലുള്ള ഒരു രാജ്യത്തു ക്രിയാത്മകമായ പ്രവർത്തനങ്ങൾക്കു ധാരാളം സാദ്ധ്യതയുണ്ടു്. ചുരുക്കം ചില സന്ദർഭങ്ങളിൽ സമരം ആവശ്യമായി വന്നേക്കും. ക്രിയാത്മകമായ ജനാഭിലാഷത്തിന്റെ നീരുറവുകൾ ഇന്നു വററിപ്പോയിരിക്കുന്നു. അവയെ നാം സജീവമാക്കണം. ജനങ്ങളുടെ ക്രിയാത്മകമായ ശക്തികളെ അണിനിരത്തുക എന്ന കടമയാണ് നാമിന്നു് ഏറെറടുക്കേണ്ടതു്" (ഏഴാമതു വാർഷികസമ്മേളന റിപ്പോർട്ട് പേജ് 141).

സമരത്തിനു ജനങ്ങളെ അണിനിരത്തുകയല്ല പിന്നെയോ അവരുടെ ക്രിയാത്മകമായ കഴിവുകളെ "ദശപോയിന്റ് പരിപാടി", നടപ്പാക്കാൻ അണിനിരത്തുകയെന്ന പരിപാടിയാണ് പാർട്ടിയുടെ മുമ്പിൽ വെയ്ക്കപ്പെട്ടതു്. ഈ ഉദ്ദേശം ഉൾക്കൊള്ളുന്ന പ്രമേയം വിശദീകരിച്ചുകൊണ്ടു ഡാ: റാംമനോഹർ ലോഹിയ പറഞ്ഞു:—

"ഈ പരിപാടിക്കുവേണ്ടി ജനങ്ങളെ അണിനിരത്താനും, വേണ്ടത്ര ആവേശം നൽകാനും നമുക്കു കഴിഞ്ഞതിനുശേഷവും ഈ പരിപാടി പ്രായോഗികമാക്കുന്നതിനു ഗവർമ്മെണ്ടു തയ്യാററാകാത്തപക്ഷം, അവസാന നടപടിയായി സത്യഗ്രഹത്തിൽക്കൂടി നമുക്കു് ഈ ഗവർമ്മെന്റിനെ സ്ഥാനഭ്രഷ്ടമാക്കാൻ കഴിയും.'

ഈ വാക്കുകൾ ആകസ്മികമായ അഭിപ്രായപ്രകടനങ്ങളല്ല. അടിസ്ഥാനപരമായ നയമാണ് അവയിൽ പ്രതിഫലിക്കുന്നതു്. മൌലികമായ അവരുടെ വീക്ഷണഗതിയാണ് അവ വ്യക്തമാക്കുന്നതു്. കോൺഗ്രസ്സ് അധികാരത്തിൽ വന്നു പതിനെട്ടുമാസ

ങ്ങറം കഴിഞ്ഞതിനുശേഷം ഉച്ചരിക്കപ്പെട്ടവയാണീവാക്കുകറം. രാജ്യത്തിൽ എല്ലായിടത്തും ബഹുജനസമരങ്ങളെ മൃഗീയമായടിച്ചു തകത്ത ആ പതിനെട്ടുമാസങ്ങറംക്കുശേഷം പുറത്തുവന്ന വാക്കുകളാണു്.

ബഹുജനസമരങ്ങളോടെതിർപ്പും ഗവമ്മെണ്ടിൻെറ ആക്രമണപരമായ പ്രചാരത്തിൻെറ കീഴിൽ സമരം നടത്തിയിരുന്ന കമ്മ്യൂണിസ്റ്റുപാർട്ടിക്കെതിരായി നുണ പ്രചരണവും അവർ സംഘടിതമായി നടത്തിപ്പോരികയായിരുന്നു. തെലിങ്കാനായിലും ആന്ധ്രയിലും മലബാറിലും പട്ടാളവും പോലീസും നടത്തിവന്ന പൈശാചിക മദ്ദനങ്ങളെയും കൊലപാതകങ്ങളെയും പററി ഒരൊററ സോഷ്യലിസ്റ്റുനേതാവുപോലും പ്രതിഷേധശബ്ദമുയത്തിയില്ല. ജനങ്ങളുടെ ഐതിഹാസികമായ ധീരസമരങ്ങളെ സോഷ്യലിസ്റ്റുനേതാക്കന്മാർ ഭീകരപ്രവത്തനങ്ങളും അരാജകത്വവുമെന്നു മുദ്രയടിച്ചധിക്ഷേപിച്ചു. കമ്മ്യൂണിസ്റ്റുകാർ സമരം നയിച്ചിരുന്നയിടത്തൊക്കെ ഗവമ്മെഴിച്ചുവിട്ട കൊടുംപാതകങ്ങറംക്കെതിരായി ഗവമ്മെണ്ടിനെ വിമശിക്കാൻ പോലും സോഷ്യലിസ്റ്റുനേതൃത്വം തയ്യാററായിട്ടില്ല. ജയിലിനകത്തിട്ടു കമ്മ്യൂണിസ്റ്റുതടവുകാരെ പച്ചജീവനോടുകൂടി വെടിവെച്ചുകൊന്നപ്പോറം അതിൽ പ്രതിഷേധിച്ചു ഒരൊററ വാക്കുപോലും ഉച്ചരിക്കാൻ അവർ കൂട്ടാക്കിയില്ല.

ബഹുജനസമരവിരോധം എല്ലാഴ്പ്പോഴും പ്രായോഗികമാക്കാൻ സാധിച്ചുവെന്നുവരില്ല. മൂലധനപ്രഭുക്കളുടേയും ജന്മിമാരുടേയും ഗവമ്മെണ്ടിൻെറയും വളരുന്ന ആക്രമണങ്ങളുടെ മുന്നിൽ, പാർട്ടിയണികളുടെ സമ്മദ്ദത്തിനു കീഴ്വണങ്ങി പല സന്ദഭങ്ങളിലും പാർട്ടിക്കു സമരങ്ങറം നടത്തേണ്ടതായിവരും. അത്തരം സമരങ്ങളെ നയിച്ച പാർട്ടിഅംഗങ്ങറം ധീരതയും, നേതൃത്വം നൽകാനുള്ള സവിശേഷമായ കഴിവും, ത്യാഗസന്നദ്ധതയും പ്രകടിപ്പിച്ചിട്ടുണ്ടു്. അവക്കു് അഭിമാനിക്കാൻ വകയുണ്ടു്. എന്നാൽ റയിൽവേത്തൊഴിലാളിപ്പണിമുടക്കുപോലെയുള്ള വൻകിടസമരങ്ങളെ വഞ്ചിക്കയും, സമരമാരംഭിച്ചുകഴിഞ്ഞിട്ടുണ്ടെങ്കിൽ അവയെ സത്യഗ്രഹത്തിൻെറ ചട്ടക്കൂട്ടിൽ ഒതുക്കിനിറുത്തുകയും ചെയ്യാനാണു് പാർട്ടിനേതൃത്വം ശ്രമിച്ചിട്ടുള്ളതു്.

കമ്മ്യൂണിസ്റ്റ്പാർട്ടി വിരോധംമൂലം കാഴ്ച നശിക്കയും,തൊഴിലാളിവർഗ്ഗൈക്യത്തിന്റെ ആവശ്യകത അംഗീകരിക്കാൻ തയ്യാറാവാതെയും അവർ ബഹുജനസംഘടനകളെയും അഖിലേന്ത്യാ ട്രേയ്ഡ്യൂനിയൻകോൺഗ്രസ്സിനെയും ശിഥിലമാക്കുകയാണ് ചെയ്തത്. ഈ ശിഥിലീകരണത്തെ സോഷ്യലിസ്റ്റ്പാർട്ടിയുടെ മഹാവിജയമായി കൊണ്ടാടുകയുമുണ്ടായി.

അങ്ങനെയാണ് അഖിലേന്ത്യാ റയിൽവേമെൻസ്ഫെഡറേഷൻ പ്രസിഡണ്ടായ ശ്രീ. ജയപ്രകാശ്നാരായണൻ, റയിൽവേത്തൊഴിലാളികളിൽ ബഹുഭൂരിപക്ഷത്തിന്റെയും അനുകൂലവോട്ടുമൂലം അംഗീകരിക്കപ്പെട്ട റയിൽവേപണിമുടക്കിനെ 1949-ൽ തുത്തെറിയുകയും സ്വന്തം വഞ്ചനയെ മദ്രാസ് സമ്മേളനത്തിൽവെച്ച് ന്യായീകരിക്കയും ചെയ്തുകൊണ്ട് അങ്ങേഅററത്തെ അഭിമാനത്തോടുകൂടി പ്രഖ്യാപിക്കയുണ്ടായി:

"അനുപയോഗിച്ച അടവുകളുടെ പ്രധാന നേട്ടം കമ്യൂണിസ്റ്റ്പൊളിപ്പന്മാരിൽനിന്നു റയിൽവേമെൻസ് ഫെഡറേഷനെ മോചിപ്പിച്ചെടുക്കാൻ കഴിഞ്ഞുവെന്നും അവരെ ആത്മഹത്യയിലേക്കു വലിച്ചിഴച്ചുവെന്നുമുള്ളതാണ്" (മദ്രാസ് സോഷ്യലിസ്റ്റ് കോൺഫറൻസിൽ സമർപ്പിച്ച റിപ്പോർട്ട്).

ഇതിനു വിശദീകരണമാവശ്യമില്ല. "അനു പ്രയോഗിച്ച അടവുകൾ" രാജ്യത്തിലെ ഏററവും സുശക്തവും ഏകീകൃതവുമായ തൊഴിലാളിവർഗ്ഗസംഘടനയെ ശിഥിലീകരണത്തിലേക്കു നയിച്ചതും, റയിൽവെത്തൊഴിലാളികൾക്കെതിരായ ആക്രമണത്തിനു ശക്തികൂട്ടാൻ തന്മൂലം ഗവൺമെണ്ടിനെ പ്രോത്സാഹിപ്പിച്ചതും, നേരത്തെ നൽകിയിരുന്ന സ്വന്തം പ്രതിജ്ഞതന്നെ നിറവേററാൻ കൂട്ടാക്കാതിരുന്നതും റയിൽവേമെൻസ് ഫെഡറേഷനിലെ പിളപ്പ് ഇന്ത്യയൊട്ടുക്കുമുള്ള ട്രേഡ്യൂനിയൻ പ്രസ്ഥാനത്തിന്നെതിരായ ഒരു പ്രഹരമായി പര്യവസാനിച്ചതും ശ്രീ. ജയപ്രകാശിനു അപ്രധാനസംഭവങ്ങളായിരിക്കാം. സുപ്രധാനസംഭവമായി അദ്ദേഹം കണ്ടതും അദ്ദേഹത്തെ ആഹ്ലാദത്തിന്റെ കൊടുമുടിയിലേക്ക് ഉയർത്തിയതും "ആത്മഹത്യചെയ്യുന്ന ഒരു നിലപാടിലേക്കു കമ്യൂണിസ്റ്റുകാരെ കൊണ്ടെത്തിച്ചുവെന്നു"ള്ള ഒരു നേട്ടം മാത്രമാണ്.

ഭരണയന്ത്രത്തിൻേറതായ സർവ്വശക്തിയുമുപയോഗിച്ച ഗവൺമെണ്ട അടിച്ചുതമർത്താൻ ശ്രമിച്ചിരുന്ന കമ്യൂണിസ്റ്റ്പാർട്ടിക്കെതിരായ വിരോധത്തോടൊപ്പം, ഇന്ത്യൻ ഭരണകൂടത്തിൻെറ "തികച്ചും ജനാധിപത്യസ്വഭാവത്തിലുള്ള വിശ്വാസപ്രഖ്യാപനവും, ഉറച്ചതും, വ്യക്തവുമായ ഒരു സാമ്പത്തികനയത്തിൻെറ അഭാവത്തെയും, ജനാധിപത്യപരമായ നടപടിക്രമവും, ഭരണഘടനയോടു ഭക്തിയും അവലംബിക്കാതിരിക്കുന്നതിനേയുംപററി ഒരു ചെറു വിമർശനവും കൂട്ടിച്ചേർക്കുകമാത്രമാണ് മദ്രാസ് കാൺഫറൻസുപ്രമേയത്തിൽ അവർ ചെയ്തതു്.

ഗവർമ്മെണ്ടിനോടു കാണിച്ച "ഔദാര്യം" ആരെയും ബോദ്ധ്യപ്പെടുത്തുമാറു് കമ്യൂണിസ്റ്റ്പാർട്ടിക്കെതിരായി ചൊരിഞ്ഞ അധിക്ഷേപവർഷത്തിൽനിന്നും എത്രയോ വിഭിന്നമായിരിക്കുന്നു!

ഇന്ത്യയിലെ ബ്രിട്ടീഷുമൂലധനം കണ്ടുകെട്ടുന്നതിനുവേണ്ടി വാദിക്കാൻ പാർട്ടി തയ്യാറില്ലെന്നു പറഞ്ഞു. അതു ദേശീയവല്ക്കരണത്തിനുവേണ്ടി വാദിക്കുന്നു. ഈ പ്രശ്നത്തെപ്പററി എന്തെങ്കിലും ചിന്താക്കുഴപ്പമുണ്ടാകാതിരിക്കുന്നതിനുവേണ്ടി പാററ്നാ സമ്മേളനത്തിലെ തൻെറ പ്രസംഗത്തിൽ ഡോ. ലോഹിയ വ്യക്തമാക്കിയതു് ഈ രാജ്യത്തിലെ ബ്രി. സമ്പാദ്യങ്ങൾ രാഷ്ട്രം വിലകെട്ടുകയുമെന്നാണ്.

ഡാ. ലോഹിയ പറഞ്ഞു:— "ഈ രാജ്യത്തിലെ ബ്രി. സമ്പാദ്യം ഇന്ത്യയിലെ വിദേശമൂലധനത്തിൻെറ 90 ശ. മാ. വരും. ഇതു വാങ്ങുന്നതിനുവേണ്ട പണം പവൻ മിച്ചമായിത്തന്നെ നമുക്കുണ്ടു്" (ഏഴാംവാർഷികസമ്മേളനറിപ്പോർട്ട്, പേജ്—142).

വിദേശമൂലധനത്തിൻെറ ഇറക്കുമതിയെപ്പററി താഴെക്കാണുന്ന പൊതുപ്രസ്താവന ചെയ്തു പാർട്ടി സംതൃപ്തിയടഞ്ഞിരിക്കയാണ്:—"വിദേശമൂലധനവും, സാങ്കേതികവിജ്ഞാനവും നമ്മുടെ ദേശീയവളർച്ചയ്ക്കും, ദേശീയപരമാധികാരത്തിനും അനുയോജ്യമായ വ്യവസ്ഥകളിന്മേൽ ലഭിക്കുന്നതിനു കഴിവിനൊത്തു ശ്രമിക്കേണ്ടതാണ്."

1950ലെ പാർട്ടിയുടെ ഔദ്യോഗികപ്രമേയത്തിലാണ് ഇങ്ങിനെ പറഞ്ഞിരിക്കുന്നതു്. അന്നു് ഇന്ത്യാഗവർമ്മെണ്ട

തന്നെ ദേശീയവൽക്കരണം നടത്തുകയില്ലെന്നും, "വിവേചനമുണ്ടായിരിക്കയില്ലെന്നും, ലാഭം നിബ്ബാധം വിദേശങ്ങളിലേക്കു കയററുമതിചെയ്യാമെന്നും മററുമുള്ള വ്യവസ്ഥകളോടുകൂടി വിദേശമൂലധനത്തെ ക്ഷണിക്കാൻ തുടങ്ങിയിരുന്നു. മൂലധനോപകരണങ്ങൾ നമുക്കു നൽകാൻ വിസമ്മതിച്ച അമേരിക്കയോടും ബ്രിട്ടനോടും കരാറുകളിലേർപ്പെടുകയും, സോവിയററുയൂനിയനുമായി കരാറുകളിലേർപ്പെടാൻ ശ്രമിക്കാതിരിക്കയുമാണ് അന്നു ചെയ്തതു്. ഇതിനെപ്പററി സോഷ്യലിസ്റ്റ്പാർട്ടിക്ക് ഒന്നുംതന്നെ പറയാനുണ്ടായിരുന്നില്ല.

പാർട്ടിയുടെ വിദേശനയത്തിൻെറ അടിസ്ഥാനംതന്നെ സോവിയററുയൂനിയനോടും, യൂറോപ്പിലെ ജനാധിപത്യരാജ്യങ്ങളോടും ജനകീയചൈനയോടുമുള്ള വിരോധമൊന്നു മാത്രമായിരുന്നു. ഒരു പ്രത്യേകപ്രശ്നംസംബന്ധിച്ച വ്യക്തമായ ഒരു നിലപാട് സ്വീകരിക്കേണ്ട ആവശ്യം നേരിട്ടപ്പോഴൊക്കെയും, പാർട്ടിയുടെ വിദേശനയം സ്വതന്ത്രമാണെന്ന അവകാശവാദത്തിൻെറ കള്ളി വെളിച്ചത്തായിട്ടുണ്ട്. ചരിത്രം ദർശിച്ചിട്ടുള്ള ഏററവും സുശക്തവും, മനുഷ്യവർഗ്ഗത്തിലെ എല്ലാം പുരോഗമന വിഭാഗങ്ങളെ അണിനിരത്താൻ കഴിഞ്ഞിട്ടുള്ളതും, പണ്ഡിററ് സുന്ദരലാലിനെയും ഡാ. ജെ. സി. കുമരപ്പയേയും പോലുള്ള ഗാന്ധിശിഷ്യന്മാർ പിന്തുണനൽകുന്നതുമായ സമാധാനപ്രസ്ഥാനം സോവിയററുസാമ്രാജ്യത്വത്തിൻെറ അടവാണെന്ന് അധിക്ഷേപിക്കയും, തെക്കൻകൊറിയയിലെ ജനങ്ങളുടെ പ്രദേശപരമായ ഭാർഢ്യവും സ്വാതന്ത്ര്യവും സംരക്ഷിക്കാനുള്ള ശ്രമമെന്നു പറഞ്ഞു കൊറിയയിലെ അമേരിക്കൻ ആക്രമണത്തെ വാഴ്ത്തി സ്തുതിക്കയുമാണ് അവർ ചെയ്തതു്. ജനകീയചീനയെ ഇന്ത്യാഗവർമ്മെണ്ടു ധൃതഗതിയിൽ അംഗീകരിച്ചതിനെയും, ചൈനയോടുള്ള ഇന്ത്യയുടെ സൌഹാർദ്ദനയത്തെയുംപററി സമുന്നതന്മാരായ സോഷ്യലിസ്റ്റ്നേതാക്കന്മാർ ഖേദപ്രകടനം നടത്തിയിട്ടുമുണ്ട്. അത്തരമൊരു നയം ഇന്ത്യയിലെ കമ്യൂണിസ്റ്റ്കാരെ സഹായിക്കാനേ ഉപകരിക്കുവെന്നും, ആ നയം മാറേറണ്ടതാണെന്നും ആണ് അവരുടെ വാദം.

വിദേശനയത്തെപ്പററി ശ്രീ. അശോകമേത്ത എഴുതിയ ഗ്രന്ഥത്തിൽ ഇങ്ങിനെ പറയുന്നു:– "തിബത്തിലെ ചീനക്കാരുടെ അധിനിവേശംതന്നെ ആസ്സാമിൻെറ ചില ഭാഗങ്ങളിൽ കമ്യൂണിസ്റ്റ് ഒളിപ്പോരുകാരെക്കൊണ്ടു നിറച്ചിരിക്കുന്നു. രാജ്യത്തിനകത്തു കമ്യൂണിസ്റ്റുകാരെ മട്ടിച്ചുകൊണ്ടിരിക്കെ, സോവിയററുചൈനയുമായി സൌഹാർദ്ദംപുലത്തുന്ന നയം അധികനാളം തുടന്നുകൊണ്ടുപോവുക സാദ്ധ്യമല്ല."

സോവിയററുയൂനിയന്നെതിരായ നുണപ്രചരണം തൃപ്തിവരാതെ സോഷ്യലിസ്റ്റുനേതാക്കന്മാർ പിന്നെയും പിന്നെയും നടത്തുകയാണ്. മുതലാളിത്തചൂഷണത്തിൽനിന്നും വിമുക്തിനേടിയ മനുഷ്യന്റ ഉണ്ടാകുന്ന ഉയച്ചയെ വ്യക്തമാക്കുന്ന സോവിയററുയൂനിയനിലെ സോഷ്യലിസത്തിൻെറ നിമ്മാണത്തേയും, അവർ തട്ടിനീക്കിക്കളഞ്ഞ പ്രതിബന്ധങ്ങളേയുംപററി ശ്രീ. അശോകമേത്ത വണ്ണിക്കുന്നതു നോക്കുക:

"........തൊഴിലാളികളുടെ വാരിയെല്ലുകളുടെ മേൽ പുതിയ റോഡുകാം നിമ്മിക്കയും, പുതിയ സാമ്പത്തികക്രമം സംഘടിപ്പിക്കയും ചെയ്യുന്നു. ആവശ്യമുള്ളത്ര വിപുലമായ തോതിൽ അവിടുത്തെ പരിതഃസ്ഥിതികളിൽ സ്വതന്ത്രതൊഴിലാളികളെ ലഭിക്കാത്തതുമൂലം ജയിലറകളിലെ തടവുകാരെക്കൊണ്ടു പണിയെടുപ്പിക്കാൻ സോവിയററുഗവർമ്മെണ്ടു നിബ്ബന്ധിതമായി. ആദ്യമായി തൊഴിലാളിഭരണകൂടത്തിൻെറ ശത്രുക്കളെയും പിന്നീടു ഭിന്നിച്ചുപോയവരെയും, തടങ്ങൽപാളയങ്ങളിലേക്കയച്ചു. തടങ്ങൽപാളയങ്ങളിലടയ്ക്കപ്പെട്ട 120 ലക്ഷത്തിനും 150 ലക്ഷത്തിനും ഇടയ്ക്കുള്ള സ്ത്രീപുരുഷന്മാരുടെ രക്തത്തിലും വിയപ്പിലുംകൂടി രാജ്യത്തിൻെറ ഭ്രാന്തമായ വികസനാവേശം പ്രായോഗികമാക്കപ്പെടുകയാണവിടെ ഉണ്ടായതു്." (ജനാധിപത്യസോഷ്യലിസം—പേജ് 123)

രണ്ടു്, "അധികാരബ്ലോക്കുകാക്കുമെതിരാണ്" തങ്ങളെന്നു അവർ അവകാശപ്പെടാറുണ്ടു്. "കമ്യൂണിസത്തെയും മുതലാളിത്തത്തെയും തുല്യശക്തിയോടുകൂടി എതിക്കുന്നവരാണ് തങ്ങളെന്നും അവർ അവകാശപ്പെടാറുണ്ടു്. ഈ അവകാശവാദ

ത്തിന്നു യാതൊരടിസ്ഥാനവുമില്ല. അവർ സോവിയററ്യൂനി യനെപ്പററി എഴുതിയതുമായി അവർ അമേരിക്കയെപ്പററി എഴു തിയതിനെ ഒന്നു താരതമ്യപ്പെടുത്തിനോക്കുക.

"അമേരിക്കയിൽ 'പുതിയ പദ്ധതി' ക്ഷേമസമൃദ്ധരാഷ്ട്ര ത്തിലേക്കുള്ള പുരോഗതി കെട്ടഴിച്ചുവിട്ടിരിക്കയാണ്. അതു ഇന്നും തടയപ്പെട്ടിട്ടില്ല" (മദ്രാസ് സമ്മേളനത്തിൽ ജയപ്ര കാശ് നാരായണൻ ചെയ്ത പ്രസംഗം).

"അമേരിക്കയോടു ഞാൻ ഒരു കാര്യം പറയാനാഗ്രഹി ക്കുന്നു..........ഇന്ത്യയിലെ അവരുടെ ഏററവും നല്ല സുഹൃത്തു ക്കരം സോഷ്യലിസ്റ്റ്കാരാണ്" (സംഘർഷിൽ ലോഹിയ എഴു തിയ ലേഖനം).

"അമേരിക്കൻ ഐക്യനാടുകളിൽ സൈനികസജ്ജീകര ണത്തിൻെറ പൂണ്ണമായ ക്ഷീണത്തിനുകൂടി ജീവിതനിലവാരത്തെ താഴ്ത്തുന്നതിനു കഴിഞ്ഞിട്ടില്ല" (അശോകമേത്ത ജനാധിപത്യ സോഷ്യലിസമെന്ന ഗ്രന്ഥത്തിൽ).

സോഷ്യലിസത്തിൻെറ ഒററുകാരും, കോളനിജനതകളെ മർദ്ദിച്ചൊതുക്കുന്നവരും, അമേരിക്കൻ സാമ്രാജ്യത്വവാദികളുടെ പരികർമ്മികളുമായ യൂറോപ്പിലെ ജനാധിപത്യസോഷ്യലിസ്റ്റ് നേതാക്കന്മാർക്കും ബ്രിട്ടനിലെ തൊഴിലാളികക്ഷിനേതാക്കന്മാ ക്കും നൽകിയ പ്രശംസകൂടി നോക്കുക:—

"ഇടതുന്ന പ്രായോഗികാദർശവാദമാണ് യൂറോപ്യൻ സോഷ്യലിസം നേടിയിരിക്കുന്നതു്. അധികാരത്തിൽ വന്നിട്ടുള്ള രാജ്യങ്ങളിൽ, ജനങ്ങളുടെ ജീവിതത്തോതും സാമൂഹ്യരക്ഷയു മാണ് അതിൻെറ പ്രധാന ഉന്നം" (വിദേശനയത്തെപ്പററി ലോ ഹിയയുടെ റിപ്പോർട്ട്).

ബഹുജനസമരങ്ങളെ എതിക്കയും, അധികാരത്തിൽവരു ന്നതിനുള്ള ഏകമാർഗ്ഗമായി തിരഞ്ഞെടുപ്പിനെ കാണുകയും, ഗവർമ്മെണ്ടിനെതിരായ എതിർപ്പിൻെറ മൂച്ച് കുറയ്ക്കുകയും, ഗവർമ്മെണ്ടിനെപ്പററി വ്യാമോഹങ്ങരം സൃഷ്ടിക്കയും യൂറോ പ്യൻ സോഷ്യലിസ്റ്റ്കളെയും അമേരിക്കൻ സാമ്രാജ്യത്വത്തെയും വാഴ്ത്തി സ്തുതിച്ചുകൊണ്ടുതന്നെ സോവിയററ്യൂനിയനേയും ജനാ ധിപത്യചൈനയേയും അധിക്ഷേപിക്കയും ചെയ്യുന്ന നയം ജന

ങ്ങളെ അകററിനിൎത്തുകയും, അണികളിൽതന്നെ കടുത്ത അസംതൃപ്തി ഇളക്കിവിടുകയും, സ്വീകരിച്ചുവരുന്ന അടവുകളെപ്പററി പരസ്യമായി വിമർശിക്കുന്നതിന്നു് ഇടയാക്കുകയും ചെയ്തു. ജനാധിപത്യസോഷ്യലിസത്തിൻെറ മൌലികസിദ്ധാന്തങ്ങളെപ്പററി സംശയം പ്രകടിപ്പിക്കാൻതന്നെ പലരും മുതിൎന്നു.

പാർട്ടിനേതാക്കന്മാർ ഈ സംശയങ്ങൾക്കു മറുപടി നല്കിയതും വിമൎശകരെ നിശബ്ദരാക്കിയതുമായ രീതി കുറേക്കൂടി വെളിച്ചം വീശുന്നുണ്ടു്.

പാററ്നാസമ്മേളനത്തിലെ പ്രതിനിധികളോടു ശ്രീ: ലോഹിയ ചോദിച്ചു:—"ഞങ്ങളുടെ ചെവികളിൽ വൎഗ്ഗസമരങ്ങളെപ്പററി നിങ്ങളെന്തിനാണു് ഇത്രവളരെ തമ്പേറടിക്കുന്നതു്? വൎഗ്ഗസമരങ്ങളെ എനിക്കു വലിയ ഭയമാണെന്നാണോ നിങ്ങളുടെ വിചാരം? വൎഗ്ഗസമരങ്ങൾക്കുവേണ്ടി മാത്രമവയെ ഞാൻ ആവശ്യപ്പെടുന്നില്ല. എന്തെങ്കിലും സൃഷ്ടിക്കുന്നതിനുവേണ്ടിയേ ഞാൻ വൎഗ്ഗസമരത്തിൽ പങ്കെടുക്കുകയുള്ളു. ഞങ്ങൾക്കു വൎഗ്ഗസമരത്തെ ഭയമാണെന്നു നിങ്ങൾ പറയുന്നതെന്തിന്നു്? നിങ്ങൾ എന്തിനാണു് ഇങ്ങനെസംസാരിക്കുന്നതു്?" (സോഷ്യലിസ്റ്റ്പാർട്ടിയുടെ ഏഴാമതു സമ്മേളനറിപ്പോർട്ടു)

"ജനാധിപത്യസോഷ്യലിസം യാതൊരു ആത്മാൎത്ഥതയുമില്ലാതെ സ്വീകരിക്കയും യഥാൎത്ഥവിപ്ലവകാരികളാണു് തങ്ങളെന്നു സ്വപ്നം കാണുകയും ചെയ്യുന്ന ചില സഖാക്കൾ നമ്മുടെ ഇടയിലുണ്ടു്. അവരുടെ സംഖ്യ അത്ര വലുതൊന്നുമല്ല. അവരാൾപ്പെട്ട പാർട്ടിയുടെ മൌലികസിദ്ധാന്തങ്ങളെ അവരിന്നും അവജ്ഞയോടുകൂടി വീക്ഷിക്കുകയാണു്. അവൎക്കു വ്യക്തമായ ഒരുപദേശം നല്കാനുണ്ടു്. 'ദൈവത്തെ മുൻനിൎത്തി പുറത്തുപോവുക.' ആരാണു് നമ്മുടെ ഇടയിലെ യഥാൎത്ഥവിപ്ലവകാരിയെന്നു അവരുമായി വാദിക്കാൻ ഞാൻ തയ്യാറില്ല. ഈ പ്രശ്നം തീരുമാനിക്കുന്നതു ചരിത്രമാണു്." (സോഷ്യലിസ്റ്റ്പാർട്ടി 8-ാമതു കോൺഫറൻസിൽ ജയപ്രകാശനാരായൺ സമൎപ്പിച്ച റിപ്പോർട്ടു.)

കോൺഗ്രസ്സിൻെറ വാമപക്ഷത്തെ സർദാർപട്ടേൽ മുമ്പൊരിക്കൽ ചീത്തപറഞ്ഞ അതേ ഭാഷതന്നെയാണു് സോഷ്യലിസ്റ്റ്

പാർട്ടിനേതൃത്വം സ്വന്തം ഡെലിഗേററുകളോട് ഈയിടെ ഉപയോഗിക്കാൻ തുടങ്ങിയിരിക്കുന്നതു്. അതിനുള്ള കാരണങ്ങളും വ്യത്യസ്തങ്ങളല്ല.

ഈ ഭീഷണികളും അഭ്യർത്ഥനകളും അവയുടെ ലക്ഷ്യം നേടുന്നതിൽ പരാജയപ്പെട്ടിട്ടില്ലിക്കയാണു്. പാർട്ടിക്കുള്ളിലെ കുഴപ്പം വർദ്ധിക്കയാണു് ചെയ്തതു്. മിസ്സിസ്സ് അരുണാ ആസഫ് ആലിയുടെയും ബോംബെയിലെ പ്രശസ്ത ട്രേഡ് യൂണിയൻ പ്രവർത്തകരുടെയും രാജിയും, പല പ്രവിശ്യകളിലും ഇടതുപക്ഷ സോഷ്യലിസ്റ്റ് ഗ്രൂപ്പിന്റെ രൂപവല്ക്കരണവും, കുഴപ്പത്തിന്റെ ഗൌരവത്തിനു് അടിവരയിടുകയാണു്.

കാലടിക്കടിയിൽ തറ ഇളകുന്നതു കണ്ട പാർട്ടിനേതൃത്വം തങ്ങളുടെ ശ്രദ്ധ മുഴുവനും പൊതുതിരഞ്ഞെടുപ്പിൽ കേന്ദ്രീകരിക്കയാണു് ചെയ്തതു്. വമ്പിച്ച വിജയങ്ങൾ പൊതുതിരഞ്ഞെടുപ്പിൽ നേടി, ബഹുജനദൃഷ്ടിയിൽ പാർട്ടിയുടെ സ്ഥാനം വീണ്ടുമുറപ്പിച്ചു്, വിമർശകരെ നിശ്ശബ്ദരാക്കാമെന്നു നേതൃത്വം ആശിച്ചു.

തിരഞ്ഞെടുപ്പുസമരത്തിനു തയ്യാറെടുത്തതും, അതിൽ ജയിക്കാൻ ശ്രമിച്ചതുമെങ്ങനെയെന്നു സമുന്നതനായ ഒരു സോഷ്യലിസ്റ്റ് നേതാവുതന്നെ, കൂടുതൽ ഭംഗിപിടിപ്പിക്കാൻ സാദ്ധ്യമല്ലാത്ത ഭാഷയിൽ വിശദമാക്കുന്നതുകൂടി നോക്കുക:—

"സോഷ്യലിസ്റ്റ്കാരൻ തിരഞ്ഞെടുപ്പിന്റെ സ്വപ്നലോകത്തിൽ ജീവിക്കയാണു്. ക്ഷമാപൂർവ്വമായ അത്യദ്ധ്വാനത്തിനു പകരം, വിരിഞ്ഞിറങ്ങുന്നതിനുമുമ്പുതന്നെ കോഴിക്കുഞ്ഞുങ്ങളെ എണ്ണിത്തിട്ടപ്പെടുത്തുന്ന സ്വഭാവം സ്ഥാനം പിടിച്ചിരിക്കുന്നു. നിയോജകമണ്ഡലപ്രവർത്തനങ്ങളുടെ പ്രധാന ഉദ്ദേശം, നേരമ്പോക്കുനിറഞ്ഞ, സ്വകാര്യസംഭാഷണക്ലബ്ബുകളും, ഇടവിട്ടു സ്ഥലം സന്ദർശിക്കുന്ന നേതാക്കന്മാരുടെ പ്രസംഗസഞ്ചാരപരിപാടികളുമായി തീർന്നിരിക്കുന്നു.

ഈ സ്വപ്നലോകപ്രവർത്തനങ്ങളുടെ അനിവാര്യഫലം, അത്യാവശ്യസന്ദർഭങ്ങളിൽ ഒഴിഞ്ഞുമാറാനുള്ള പ്രയാസംകുറഞ്ഞ മാർഗ്ഗാന്വേഷണമായിരിക്കും. രാഷ്ട്രീയാദ്ധ്യാപനത്തിലും, ഉൽബോധനങ്ങളിലുംകൂടിയുള്ള വിജയം നേടലിന്റെ സ്ഥാനം കൂട്ടുകെട്ടുകളും ഗൂഢാലോചനകളും തട്ടിയെടുത്തിരിക്കുന്നു. വോട്ടു

പിടിക്കുന്നതിന്നു, ഓരോ സ്ഥലത്തെയും സ്വാധീനശക്തിയുള്ള വ്യക്തികളെ സോഷ്യലിസ്റ്റുകൾ പിടിച്ചെടുക്കാൻ ശ്രമിക്കുന്ന കാഴ്ച വെറുപ്പുതോന്നിക്കുന്നു.

(ദാരിദ്ര്യം അവസാനിപ്പിക്കുന്നതിനുള്ള പരിപാടിയെന്ന 1950-ൽ പ്രസിദ്ധീകരിച്ച ശ്രീ: ലോഹിയയുടെ ലഘുലേഖ)

ജനാധിപത്യസോഷ്യലിസത്തിൻെറ രാഷ്ട്രമീമാംസയാണു് അനിവാര്യമായ ഈ പതനത്തിലേക്കു പാർട്ടിയെ കൊണ്ടെത്തിച്ചതു്.

ശ്രീ: ലോഹിയക്കു "വെറുപ്പു"ണ്ടായി. പക്ഷേ പാർട്ടി പിൻതുടൻ നയപരിപാടികളാണു് ഈ കുഴപ്പത്തിന്നു കാരണമെന്നു കാണാൻ അദ്ദേഹത്തിന്നു സന്മനസ്സില്ല. ബൂഷ്വാരാഷ്ട്രമീമാംസയും, ബൂഷ്വാമാതൃകയിലുള്ള തിരഞ്ഞെടുപ്പുമത്സരങ്ങളും തമ്മിൽ അഭേദ്യബന്ധമാണുള്ളതു്. തൊഴിലാളിവർഗ്ഗത്തിൻെറ വിപ്ലവസിദ്ധാന്തമായ മാർക്സിസവും, ജനങ്ങളെ അണിനിരത്തിക്കൊണ്ടുള്ള ബഹുജനസമരങ്ങളെന്ന നയവും, ജനാധിപത്യശക്തികളുമായുള്ള ഐക്യമുന്നണിതന്ത്രവും, പരിത്യജിച്ചു് ഏതുതരത്തിലും തിരഞ്ഞെടുപ്പിൽ ജയിക്കണമെന്നുള്ള ഉദ്ദേശത്താൽ മാത്രം പ്രേരിതരായി, പ്രയാസം കുറഞ്ഞ മാർഗ്ഗാന്വേഷണത്തിലേക്കും കൂട്ടുകെട്ടിലേക്കും ഗൂഢപ്രവർത്തനങ്ങളിലേക്കും, വോട്ടുപിടിക്കാൻ സ്വാധീനശക്തിയുള്ള വ്യക്തികളുടെ വേട്ടയാടലിലേക്കും അനിവാര്യമായി വഴുതിവീഴുകയാണു് സോഷ്യലിസ്റ്റുനേതൃത്വം ചെയ്തതു്. തുടർന്നുണ്ടായ ദയനീയപരാജയത്തെപ്പററി വിവരിക്കേണ്ട ആവശ്യമില്ല. എണ്ണൂറ അസംബ്ലിസീററുകളും 100 പാർല്ലിമെൻറസീററുകളും പിടിച്ചടക്കുമെന്നു പാർട്ടിനേതാക്കന്മാർ വീരവാദം മുഴക്കിയെങ്കിലും, 126 അസംബ്ലിസ്ഥാനങ്ങളും 12 പാർല്ലിമെൻറസ്ഥാനങ്ങളുംകൊണ്ടു സോഷ്യലിസ്റ്റു് പാർട്ടിക്കു തൃപ്തിയടയേണ്ടിവന്നു. ജനാധിപത്യവാദികളുടെ വോട്ടുകൾ ഭിന്നിപ്പിച്ചു നിരവധി നിയോജകമണ്ഡലങ്ങളിൽ അവർ കോൺഗ്രസ്സിൻെറ വിജയം സുസാദ്ധ്യമാക്കിക്കൊടുത്തു. തിരഞ്ഞെടുപ്പിൽ ജയിക്കുന്നതിന്നു നാലു വർഷക്കാലം നടത്തിയ നിരന്തരശ്രമങ്ങളും, മററുള്ള പ്രശ്നങ്ങളെല്ലാം കയ്യൊഴിഞ്ഞു ഇതിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങളും, ജയ്പാൽ

സിങ്ങും ഡാക്ടർ അംബേത്കറുമായി ഉണ്ടാക്കിയ കൂട്ടുകെട്ടുമെല്ലാം പാർട്ടിയണികളെ സംഭ്രാന്തരും നിരാശാതപ്തരുമാക്കുകയും, നേതാക്കന്മാരുടെതന്നെ ധാർമ്മികധീരത തകർക്കുകയും ചെയ്തുകൊണ്ടു സമ്പൂർണ്ണപരാജയത്തിൽ കലാശിക്കയാണു് ചെയ്തതു്.

പാച്ച്മാരി കൺവെൻഷനിലെ ഡെലിഗേററുസമ്മേളനത്തിൽ താഴെ ചേർക്കുന്ന ആമുഖത്തോടുകൂടി ഡാക്ടർ ലോഹിയ അദ്ധ്യക്ഷപ്രസംഗമാരംഭിച്ചതു് ഒട്ടും അത്ഭുതകരമല്ല.

"നമ്മുടെ ജനങ്ങളുടെയും പാർട്ടിയുടേയും ചരിത്രത്തിൽ അത്യന്തം ഗൌരവമേറിയ ഒരു ഘട്ടത്തിലാണു് നാമിവിടെ സമ്മേളിക്കുന്നതു്. നമ്മുടെ രാജ്യത്തിലെ സോഷ്യലിസ്റ്റ് പാർട്ടിയുടെ മേൽ ഒരു കരിനിഴൽ വീണിരിക്കയാണു്."

ശ്രീ: അശോകമേത്ത, ചോദിച്ചതു് "സോഷ്യലിസ്റ്റ് പാർട്ടിക്കു് ഒരു ഭാവിയുണ്ടോ?" എന്നായിരുന്നു മൂന്നുവർഷം മുമ്പു ഇതേ അശോകമേത്ത, പാർട്ടിയുടെ പാററ്നാകോൺഫ്രൻസിൽ വെച്ചു് വിജയഭാവത്തിൽ പ്രഖ്യാപിച്ചു:—"നമ്മുടെ രാജ്യത്തുള്ള പുരോഗമനവാദികളായ എല്ലാം ജനങ്ങളും നമ്മുടെ പാർട്ടിയെ ഉററുനോക്കിക്കൊണ്ടിരിക്കയാണു്. നാം ഭാവിയുടെ സ്രഷ്ടാക്കളാണു്."

സോഷ്യലിസ്റ്റ് പാർട്ടിനേതാക്കന്മാർ കഴിഞ്ഞ അഞ്ചുവർഷക്കാലത്തെ പാഠങ്ങൾ പഠിക്കുകയും, അവരുടെ പാർട്ടിക്കു മാത്രമല്ല ജനാധിപത്യപ്രസ്ഥാനത്തിനൊട്ടാകെത്തന്നെ നാശം വരുത്തിവെച്ച നയം മാററുന്നതിനെപ്പററി ചിന്തിക്കയും ചെയ്തിരുന്നെങ്കിൽ ഇതെല്ലാം വിശദീകരിക്കേണ്ടയാവശ്യം വരുമായിരുന്നില്ല. തെററുകറാക്കതീതമാണെന്നു യാതൊരു രാഷ്ട്രീയകക്ഷിയും അവകാശപ്പെടാവുന്നതല്ല. ജനങ്ങളെ സേവിക്കയും നയിക്കുകയും ചെയ്യണമെന്നാഗ്രഹിക്കുന്ന ഒരു പാർട്ടിക്കു സ്വന്തം ഭൂതകാലാനുഭവങ്ങളിലും, വന്നിട്ടുള്ള തെററുകളിലും, ചരിത്രത്തിലും, നിന്നു പഠിക്കാതെ തരമില്ല. അതിൻെറ നേതൃത്വം അങ്ങനെ ചെയ്യാൻകൂട്ടാക്കാതിരിക്കയും, പാപ്പരത്തം തികച്ചും പുറത്തായ, ജനങ്ങൾ പുറങ്കൈകൊണ്ടു തട്ടിയെറിഞ്ഞ, പഴയ നയങ്ങളിൽ തന്നെ ഉറച്ചുനില്ക്കുകയും, മുമ്പോട്ടുപോകുന്നതിനുപകരം പുറകോട്ടു പോകാൻ ശ്രമിക്കയും, പിന്തിരിപ്പൻ സിദ്ധാന്തങ്ങളും

നയങ്ങളും ജനങ്ങളുടെ മേൽ കെട്ടിവെച്ച ബഹുജനൈക്യത്തെ പൊളിക്കാൻ ശ്രമിക്കയും ചെയ്യാൻ തുടങ്ങുമ്പോഠം, ആ പാർട്ടിയുടെ മൌലികവീക്ഷണരീതിയും, സാർവ്വദേശീയ പരിതഃസ്ഥിതിയെപ്പററിയുള്ള ധാരണയും, അതിൻെറ തത്വശാസ്ത്രങ്ങളും സിദ്ധാന്തങ്ങളും വിമർശനബുദ്ധിയോടുകൂടി പരിശോധിച്ച്, അതിൻെറ ജനവിരോധനയങ്ങളുടെ ചുമട്ട് എവിടെയെന്നു കണ്ടുപിടിക്കേണ്ടതു് ഓരോ സോഷ്യലിസ്റ്റിൻെറയും ജനാധിപത്യവാദിയുടെയും കടമയായിത്തീരുന്നു.

## 3. ജനാധിപത്യസോഷ്യലിസത്തിൻെറ "ലോകവീക്ഷണഗതി" മുഖ്യശത്രുവായി അവർ ആരെ കാണുന്നു?

ജനകീയചൈനയുടെ മഹത്തായ നേട്ടങ്ങളെപ്പററി പണ്ഡിതസുന്ദരലാൽ, ശ്രീ. കുമരപ്പ, സർദാർ പണിക്കർ, മിസ്സിസ്സ് വിജയലക്ഷ്മിപണ്ഡിററ് തുടങ്ങിയവർ പോലും പുകഴ്ത്തുമ്പോഠം അതിനെതിരായി വെറുപ്പും വിദ്വേഷവും നിറഞ്ഞ ഭാഷയിൽ സോഷ്യലിസ്റ്റ് പാർട്ടി നേതൃത്വം എതിക്കുന്നതു കണ്ടു പാർട്ടിയുടെ സുഹൃത്തുക്കളും അനുഭാവികളും പകച്ചു നിന്നുപോവുകയാണ്. സാമ്രാജ്യത്വത്തിനും കൊളോണിയൽമർദ്ദനത്തിനും എതിരായി, ഏഷ്യൻസ്വാതന്ത്ര്യത്തിനുവേണ്ടി, നിലകൊള്ളുന്നുവെന്നഭിമാനിക്കുന്ന ഒരു പാർട്ടി, സാമ്രാജ്യാധിപത്യത്തെ തട്ടിത്തെറിപ്പിക്കയും, ഏഷ്യയിലെ അമേരിക്കൻ ഗൂഢപരിപാടികളെ പൊളിക്കയുംചെയ്ത മഹത്തായ ചൈനീസ് ജനതയോടു ശത്രുതപ്രഖ്യാപിച്ചിരിക്കുന്നതിൻെറ കാരണമറിയാതെ അവർ കുഴങ്ങുകയാണ്. നെഹറു ചെയ്തതിന്നുപോലും —ആററംബോമ്പുപ്രയോഗത്തിനും യാലുനദിയിലെ വൈദ്യുതശക്തികേന്ദ്രങ്ങളിലെ ബോംബാക്രമണത്തിനും, രോഗാണുയുദ്ധത്തിനും എതിരായി പ്രതിഷേധശബ്ദമുയർത്തുന്നതിനുപോലും— സോഷ്യലിസ്റ്റ് നേതാക്കന്മാർ സന്നദ്ധരാകാത്തതെന്തെന്നു് മനസ്സിലാക്കാൻ അവർക്കു കഴിയുന്നില്ല.

ഇതിൽ അത്ഭുതപ്പെടേണ്ട കാര്യമില്ല. സോഷ്യലിസ്റ്റ്കാരുടെ സാർവ്വദേശീയസ്ഥിതിഗതികളെപ്പററിയുള്ള വീക്ഷണഗതിയും, അവരുടെ നിർവ്വചനമനുസരിച്ച് അവർ നിർവ്വഹിക്കുന്ന പങ്കിനും തികച്ചും അനുയോജ്യമാണ് ജനകീയചൈനയോടു സോഷ്യലിസ്റ്റ്നേതൃത്വം പുലർത്തുന്ന മനോഭാവമെന്നു കാണാൻ വിഷമമില്ല.

ജനാധിപത്യസോഷ്യലിസത്തെപ്പററി ശ്രീ. അശോക മേത്ത എഴുതിയ ഗ്രന്ഥത്തിന്റെ അവതാരികയിൽ ശ്രീ. ജയപ്രകാശ് നാരായൺ എഴുതുകയുണ്ടായി:– "മുതലാളിത്തം ചരിത്രത്തിൽ വളർച്ച തടയപ്പെട്ട ഒരു ശക്തിയാണ്. അതിന്റെ ദിനങ്ങൾ എണ്ണപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ഉദിച്ചുയരുന്ന സ്വാഭാവികപ്രശ്നം അതിന്റെ സ്ഥാനത്ത് എന്താണ് നിലവിൽവരികയെന്നുള്ളതാണ്".

"മനുഷ്യരാശിയുടെ ഭാവി കരുപ്പിടിക്കുന്നതിനു രണ്ടു ശക്തികൾ ഇന്നു മത്സരിക്കയാണ്. ആശക്തികൾ കമ്മ്യൂണിസ്റ്റ്സർവ്വാധിപത്യവും ജനാധിപത്യസോഷ്യലിസവുമാണ്."

തുടരുന്നു: "കമ്മ്യൂണിസ്റ്റ് സർവ്വാധിപത്യത്തിന്റെ വേലിയേററത്തിനെതിരായ ഒരു അണക്കെട്ടായിമാത്രം ജനാധിപത്യസോഷ്യലിസം നിലകൊണ്ടാൽ പോരാ. ആ വേലിയേററത്തിൽ മുങ്ങിക്കഴിഞ്ഞവർക്കെതിരായ ഒരു വെല്ലുവിളിയും ആഹ്വാനവുമായിട്ടാണ് അതു നിലകൊള്ളേണ്ടതു്."

ജനാധിപത്യസോഷ്യലിസത്തിന്റെ ഹൃദയംതന്നെയും തുറന്നുകാട്ടുകയും, അതിന്റെ നയമൊന്നടക്കം പഠിക്കുന്നതിനുള്ള മാർഗ്ഗം തുറന്നുതരികയുംചെയ്യുന്ന ഈ വ്യക്തവും വെളിച്ചം വീശുന്നതുമായ വിശദീകരണത്തിനു എവരും ശ്രീ. ജയപ്രകാശ് നാരായണനോടു നന്ദിയുള്ളവരായിരിക്കുക.

"ദിവസങ്ങൾ എണ്ണപ്പെട്ടു കഴിഞ്ഞ" വളർച്ചമുട്ടിയ ഒരു ശക്തിയാണ് മുതലാളിത്തം. അതുകൊണ്ടു് അതിനെതിരായ സമരം ഇനിമേൽ മുഖ്യസമരമാകാനിടയില്ല. ഇന്ത്യയിലും വിദേശത്തും കമ്യൂണിസത്തിനെതിരായാണ് മുഖ്യസമരം നടത്തേണ്ടതു്. ജനാധിപത്യസോഷ്യലിസത്തിന്റെ രണ്ടുദ്ദേശങ്ങൾ:–

1. ഇന്നും മുതലാളിത്തസാമ്രാജ്യത്തഭരണത്തിനു വിധേയമായ

ഇന്ത്യയിലും മററു രാജ്യങ്ങളിലും, കമ്യൂണിസത്തിനെതിരായ ഒരു വലിയ കന്മതിലായി വത്തിക്കുക. 2. സോഷ്യലിസവും ജനകീയജനാധിപത്യവും വിജയിച്ച രാജ്യങ്ങളിൽ എതിർവിപ്ലവം കത്തിപ്പൊക്കുക എന്നിവയാണ്.

ഈ ആശയം അല്പംകൂടി വിശദീകരിച്ചുകൊണ്ടു മദ്രാസ് കോൺഫറൻസിൽ ശ്രീ. ജയപ്രകാശ് നാരായൺ പറഞ്ഞതു്, "സാമ്രാജ്യത്വം എല്ലായിടത്തും തകൎന്നുവരികയും, അതിൻെറ ചങ്ങലക്കെട്ടുകൾ അയഞ്ഞുവരികയു"മാണെന്നാണ്.

പാററ്നയിലെ സോഷ്യലിസ്റ്റ്വാരികയായ "ജനത" ശ്രീ. ജയപ്രകാശ് നാരായൺ പറഞ്ഞതു കുറേക്കൂടി ശക്തിയായ ഭാഷയിൽ ആവത്തിക്കയുണ്ടായി. "മുതലാളിത്തം ചത്തു മണ്ണടിഞ്ഞുകൊണ്ടിരിക്കുന്ന ഒരു ശക്തിയാണ്. ലോകത്തിന്നു നേരിടേണ്ട പ്രധാന വിപത്തു കമ്യൂണിസത്തിൽനിന്നുള്ളതാണ്. പുതിയ ചൈന ഈ വിപത്തിൻെറ മൂത്തീഭാവമാണ്."

കമ്യൂണിസത്തോടു യാതൊരു സുഹൃൽബന്ധവും പുലത്താത്ത ഒരു പത്രത്തിൽ സാവ്വദേശീയസ്ഥിതിഗതികളെപ്പററി തികച്ചും ഭിന്നമായ ഒരു റിപ്പോർട്ടു പ്രസിദ്ധീകരിച്ചുകാണുകയുണ്ടായി:— "ഭൂഖണ്ഡത്തിൻെറ മൂന്നിൽ രണ്ടു ഭാഗത്തു യൂറോപ്പു മുതൽ പടിഞ്ഞാറോട്ടു ജപ്പാൻവരേയുള്ള പ്രദേശത്തു്, അമേരിക്കൻ ഐക്യനാടു ഗവൎമ്മെണ്ടിൻെറ പിന്തുണയും അംഗീകാരവും കൂടാതെ ഒരു ഉടമ്പടിയിൽ ഒപ്പുവെയ്ക്കുന്നതിനോ, ഒരു സഖ്യം പടച്ചുണ്ടാക്കുന്നതിനോ, ഒരു തീരുമാനമെടുക്കുന്നതിനോ സാദ്ധ്യമല്ല" (ലണ്ടൻ ടൈംസ്—ആഗസ്റ്റ് 21–1951. ആർ. പി. ദത്ത് 1951 ഒക്ടോബറിലെ ലേബർ മന്ത്ലിയിൽ ഉദ്ധരിച്ചിരുന്നതു്).

ഇതിൽ ഏതു ചിത്രമാണ് ശരി? ഏതു ചിത്രത്തിനാണ് യാഥാത്ഥ്യവുമായി ബന്ധമുള്ളതു്?

സാമ്രാജ്യത്തശക്തികളുടെയും, അവററയുടെ ആശ്രിതരാജ്യങ്ങളുടെയും ഉരുക്കുചവിട്ടടിക്കടിയിൽകിടന്നു ലോകത്തിൻെറ മൂന്നിൽ രണ്ടു ഭാഗം പരിദേവനംനടത്തുകയാണ്. രോഗാണുയുദ്ധം മൂലം കൊറിയയിലെ ജനങ്ങൾ കൊന്നൊടുക്കപ്പെടുകയാണ്. ആർ. ഏ. എഫ്. ബോംബർവിമാനങ്ങൾ മലയൻ ഗ്രാമങ്ങളെ തുടച്ചുനീക്കുകയാണ്. വിയററ്നാമിലും ട്യൂണിഷ്യ

യിലും ആക്രമണപരമായ യുദ്ധം നടക്കുകയും, ആഫ്രിക്കയിൽ മനുഷ്യൻെറ മൌലികാവകാശങ്ങളെ വർണ്ണവിവേചനം ചവുട്ടി ത്തേയ്ക്കുകയുമാണ്. നമ്മുടെ സാമ്പത്തികജീവിതം ബ്രി. നിയന്ത്രണത്തിൽ ഇരിക്കയും, അമേരിക്കൻ നുഴഞ്ഞുകയററം നമ്മുടെ സ്വാതന്ത്ര്യത്തെ ഒരു കടംകഥയാക്കിത്തീക്കയും ചെയ്യുകയാണ്. ഇതെല്ലാമുണ്ടായിട്ടും സാമ്രാജ്യത്വവും മുതലാളിത്തവും, "വളച്ചു മുരടിച്ച ശക്തികളും" "ചത്തു മണ്ണടിഞ്ഞുകൊണ്ടിരിക്കുന്ന ശക്തികളു"മാണത്രേ! അതു മാത്രമല്ല മനുഷ്യരാശിക്കു പ്രധാനമായി പടവെട്ടേണ്ടതു കമ്യൂണിസത്തിനെതിരായാണത്രേ! മുതലാളിത്തസാമ്രാജ്യത്തവാഴ്ച അവസാനിപ്പിക്കപ്പെട്ട മൂന്നിലൊന്നു ലോകത്തിനെതിരായി, ഒരു പുതിയ ലോകം പടുത്തുയർത്തുന്ന രാജ്യങ്ങാംക്കെതിരായി, ലോകത്തിൻെറ എല്ലാ ഭാഗത്തും സാമ്രാജ്യവിരുദ്ധസമരത്തിനു നേതൃത്വം നൽകുന്ന കമ്യൂണിസ്റ്റ്പാർട്ടികാംക്കെതിരായി മനുഷ്യരാശി സമരംചെയ്യണമത്രേ!

കമ്യൂണിസ്റ്റ്വിരോധമാണ് ജനാധിപത്യസോഷ്യലിസത്തിൻെറ അടിസ്ഥാനപരമായ ലോകവീക്ഷണസമ്പ്രദായം. പ്രധാന പ്രശ്നങ്ങളോടുള്ള അതിൻെറ നയത്തെ നിർണ്ണയിക്കുന്നതു ഈ വീക്ഷണഗതിയാണ്.. സാമ്രാജ്യത്ത–മുതലാളിത്തചൂഷണത്തിനെതിരായ ബഹുജനങ്ങളുടെ വിപ്ലവപരമായ സമരങ്ങളെ എതിർക്കാൻ അവരെ തള്ളിവിടുന്നതും ഈ വീക്ഷണഗതിയാണ്.

കമ്മ്യൂണിസ്റ്റ്വിജയമെന്ന വിപത്തിൻെറ സാദ്ധ്യതയുള്ള നിയോജകമണ്ഡലങ്ങളിൽ തങ്ങാം കോൺഗ്രസ്സിനു പിന്തുണ നല്കുമെന്നു സോഷ്യലിസ്റ്റ്നേതൃത്വത്തെക്കൊണ്ടു പ്രഖ്യാപിപ്പിച്ചതും ഈ വീക്ഷണഗതിതന്നെയാണ്. കമ്മ്യൂണിസത്തിൻെറ വേലിയേററത്തിനെതിരായി ഒരു കോട്ടമതിൽ നിർമ്മിക്കയാണ് പ്രസിഡൻറ ട്രൂമാൻ പ്രഖ്യാപിച്ചതുകേട്ടു, കൊറിയയിലെ അമേരിക്കൻകയ്യേററത്തെയും, ആററംബോമ്പുപ്രയോഗഭീഷണിയേയും, അവർ എതിർക്കാതിരുന്നതിനും കാരണം ഈ വീക്ഷണഗതിയാണ്. ഇന്തോ–ചൈനയിലെയും മലയയിലെയും ജനങ്ങളുടെ ശ്രദ്ധ മുഴുവനും, സാമ്രാജ്യത്വത്തിനെതിരായ ദേശീയ ഐക്യത്തിലേക്കല്ല "ആയുധംധരിച്ച കമ്മ്യൂണിസ്റ്റ്സംഘങ്ങാം സർവ്വാധിപത്യം സ്ഥാപിക്കുന്നതിനും, രാജ്യത്തെ സോവിയററു ചേരിയിൽ അണിനിരത്തുന്നതിനുമെതിരായ" പ്രവർത്തനങ്ങളി

 12569

ലേക്കായിരിക്കണമെന്നും, ഉള്ള പ്രമേയം മദ്രാസുസമ്മേളനത്തിൽ വെച്ച് അംഗീകരിക്കാൻ സോഷ്യലിസ്റ്റ്പാർട്ടിയെ നിർബ്ബന്ധിച്ചതും ഈ വീക്ഷണഗതിയാണ്.

"കുറേക്കാലമായി ഇന്ത്യാഗവമ്മേണ്ടു ഇന്ത്യയിലേയും മററു ഏഷ്യൻരാജ്യങ്ങളിലേയും കമ്മ്യൂണിസ്റ്റ്പാർട്ടികളുടെ ശക്തി അനിവാര്യമായും വർദ്ധിക്കുന്നതിനു് ഇടനല്കുന്ന ഒരു ചൈനാനയമാണ് തുടൻവരുന്നതു്. ഇതു തീരെ ബുദ്ധിശൂന്യമായ ഒരു നടപടിയായിരുന്നു" എന്നു് കഴിഞ്ഞ മെയ് 19-ാംനു- "വിജിൽ" വാരികയിൽ എഴുതാൻ ശ്രീ: ലോഹിയായെ പ്രേരിപ്പിച്ചതും ഈ വീക്ഷണഗതിതന്നെയാണ്.

"കമ്മ്യൂണിസത്തിന്റെ മുന്നേററം തടയുകയാണ് കമ്മ്യൂണിററിപ്രോജക്ട്കളുടെ ലക്ഷ്യ"മെന്നുള്ള അമേരിക്കൻസാമ്രാജ്യവാദികളുടെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ അമേരിക്കൻ ധനസഹായത്തെ അവരെക്കൊണ്ടു സ്വാഗതംചെയ്യിപ്പിച്ചതും ഈ വീക്ഷണഗതിയാണ്.

സവ്വാധിപത്യത്തിനെതിരായ ജനാധിപത്യത്തിന്റെ വീരയോദ്ധാക്കളായി ഞെളിയുകയും, കമ്മ്യൂണിസത്തെ അടിച്ചമത്തുന്നതിനു് ഇതൊക്കെ ആവശ്യമാണെന്ന ന്യായവാദം പറഞ്ഞു കൊടുംപാതകങ്ങളെയെല്ലാം നീതീകരിക്കയും ചെയ്യുന്ന ബ്രിട്ടീഷ്-അമേരിക്കൻ സാമ്രാജ്യദുഷ്പ്രഭുക്കളെയല്ലാതെ മററാരെയാണ് ഈ വീക്ഷണഗതി സഹായിക്കുക? കമ്മ്യൂണിസ്റ്റക്രമത്തിൽനിന്നും സമുദായത്തെ രക്ഷിക്കണമെന്ന വഴിപറഞ്ഞു കരുതൽതടങ്ങൽ നിയമത്തിന്റെ കാലാവധി തുടരെതുടരെ നീട്ടുന്ന നെഹ്റുഗവമ്മേണ്ടിനെയല്ലാതെ മററാരെയാണ് ഈ വീക്ഷണഗതി സഹായിക്കുക? കമ്മ്യൂണിസ്റ്റിമ്പാച്ചി പൊക്കിക്കാട്ടി, ബഹുജനങ്ങളുടെ അണികളിൽ അനൈക്യത്തിന്റെ വിത്തുകൾ വിതയ്ക്കാൻ ഉററുശ്രമിക്കുന്ന പിന്തിരിപ്പൻസ്ഥാപിതതാല്പയ്യങ്ങളെ അല്ലാതെ മററാരെയാണ് ഈ വീക്ഷണഗതി സഹായിക്കുക?

ശ്രീ ജയപ്രകാശ്നാരായണന്റെ പ്രസ്താവനയുടെ സിദ്ധാന്തപരവും പ്രായോഗികവുമായ ആന്തരാത്മമെന്തെന്നു് അവധാനപൂവ്വം നമുക്കൊന്നു പരിശോധിക്കാം. അദ്ദേഹം പറയുന്നു:— "മുതലാളിത്തം ചരിത്രപരമായ പങ്കു നിവ്വഹിച്ചുകഴിഞ്ഞ ഒരു

ശക്തിയാണ്." എന്താണിതിന്റെ അർത്ഥം? മുതലാളിത്തം അതിന്റെ സാമ്രാജ്യത്വദശയിൽ ചരിത്രപരമായി അന്തർധാനം ചെയ്തുകഴിഞ്ഞുവെന്നോ, അതിനു ഇനിയും പുരോഗമനപരമായ ഒരു പങ്കു നിർവ്വഹിക്കാനില്ലെന്നോ എന്താണിതിന്റെ അർത്ഥം? അങ്ങിനെയാണുദ്ദേശിക്കുന്നതെങ്കിൽ അതു തികച്ചും ശരിയാണ്. സാർവ്വദേശീയമായി നോക്കുമ്പോൾ പല ദശാബ്ദങ്ങളായി തന്നെ ഇതു ശരിയാണ്. പക്ഷെ ഇതുകൊണ്ടു, സോഷ്യലിസ്റ്റ്കളുടെയും ജനാധിപത്യവാദികളുടെയും പ്രധാന സമരം, സാമ്രാജ്യത്വത്തിനെതിരായ സമരമല്ല എന്നു വരുന്നില്ല.

രാജവാഴ്ചയും, നാടുവാഴിത്തവും ചരിത്രപരമായി നോക്കുമ്പോൾ നാശമടഞ്ഞുകഴിഞ്ഞ സമ്പ്രദായങ്ങളാണ്. "ചരിത്രപരമായ പങ്കു നിർവ്വഹിച്ചുകഴിഞ്ഞ ശക്തികളാണെ"ന്നു് ശ്രീ ജയപ്രകാശിന്റെ ഭാഷയിൽ പറയാം. പക്ഷെ ഇത്തരം പങ്കു നിർവ്വഹിച്ചുകഴിഞ്ഞ ശക്തികളൊന്നുംതന്നെ സ്വമേധയാ പ്രവർത്തനരംഗമുപേക്ഷിക്കാറില്ല. നേരേമറിച്ച ചരിത്രപരമായി നശിച്ചുകഴിഞ്ഞവയാണാശക്തികളെന്ന വസ്തുതതന്നെ അവയും കൂടുതൽ മർദ്ദകസ്വഭാവവും, എല്ലാം വകുപ്പുകളെയും ശ്വാസംമുട്ടിക്കുന്ന, എല്ലാ പുരോഗതിയേയും തടയുന്ന, ബഹുജനങ്ങളെ അധഃപതിപ്പിക്കുന്ന പ്രവണതകളും വളർത്തുകയേ ഉള്ളുവെന്നു നമുക്ക് അനുഭവം തെളിവുതരുന്നു. ചരിത്രപരമായി അവ നശിച്ചുകഴിഞ്ഞുവെന്നുള്ളതുകൊണ്ടുതന്നെ അവയ്ക്കെതിരായി എതിർപ്പുകളെ കേന്ദ്രീകരിക്കുകയും അവയെ സമൂലം പിഴുതെറിയുകയും ചെയ്യേണ്ട കടമ ഓരോ വിപ്ലവകാരിക്കുമുണ്ടു്. അങ്ങിനെ ചെയ്യാതെ യാതൊരു പുരോഗതിയും സാദ്ധ്യമല്ല.

ഇതിനെപ്പററി ശ്രീ ജയപ്രകാശ് ഒരിക്കലും കേട്ടിട്ടില്ലേ? ജീവിച്ചു മണ്ണടിഞ്ഞുകഴിഞ്ഞ ശക്തികളാണ്, ചരിത്രപരമായി നശിച്ചുകഴിഞ്ഞ വ്യവസ്ഥകളാണ്, ഏററവും പിന്തിരിപ്പൻ സ്വഭാവം കൈക്കൊള്ളുകയും, ശാസ്ത്രം, കല, എന്നിവകളുടെ വളർച്ചയെ തടയുകയും, സംസ്കാരത്തെ ദുഷിപ്പിക്കയും, നശിക്കുന്നതിനെ വാഴ്ത്തിസ്തുതിക്കയും, വമ്പിച്ച ജനവിഭാഗങ്ങളെ മൃഗങ്ങൾക്കു തുല്യമായ ജീവിതത്തിലേക്കു തള്ളിവിടുകയും, തങ്ങളുടെ പരഭോജി ജീവിതം തുടരുന്നതിനുവേണ്ടി മനുഷ്യരാശിയെ യുദ്ധ

ത്തിന്റെ കെടുതികളിൽ ആഴ്ത്തുകയും ചെയ്യുന്നതെന്നു് അദ്ദേഹം കേട്ടിട്ടില്ലെന്നോ? "എരിഞ്ഞടങ്ങിയ മുതലാളിത്തമാണു്" ലോകത്തിന്റെ മേൽ ഫാസിസത്തിന്റെ കഠോരതകൾ അടിച്ചേല്പിക്കയും, മനുഷ്യചരിത്രത്തിലേക്കു് വിനാശകരമായ യുദ്ധം അഴിച്ചുവിടുകയും ചെയ്തതെന്നു അദ്ദേഹം കേട്ടിട്ടില്ലേ? മറെറാരു എരിഞ്ഞടങ്ങിയ ശക്തിയായ അമേരിക്കൻ സാമ്രാജ്യത്വം ഹിററ്ലറിസത്തിന്റേതായ നയം കുറേക്കൂടി വിപുലമായ തോതിൽ പുലർത്തുകയും ലോകത്തിന്റെ നാനാഭാഗത്തുമുള്ള മററു് എരിഞ്ഞടഞ്ഞ ശക്തികളെ—ചിയാങ്ങ് കൈഷേക്, ബവോദാ, സിങ്ങ്മാൻറീ, തുടങ്ങിയവരെ—കുത്തിപ്പൊക്കി കൊറിയയിലേയും, ചൈനയിലേയും ജനങ്ങൾക്കെതിരായി യുദ്ധം നടത്തുകയും കോളനി ജനതകളുടെ സ്വാതന്ത്ര്യസമരങ്ങളെ രക്തത്തിൽ മുക്കിക്കൊല്ലുന്ന "എരിഞ്ഞടങ്ങിയ സാമ്രാജ്യശക്തികളായ ബ്രിട്ടനേയും ഫ്രാൻസിനേയും 'സഹായിക്കുകയും, ആററംബോംബുകാട്ടിയും, രോഗാണുയുദ്ധം നടത്തിയും, ലോകത്തെ വിനാശത്തിൽ ആഴ്ത്തുമെന്നു് ഭീഷണിപ്പെടുത്തുകയും ചെയ്തുനിലകൊള്ളുന്നതിനെപ്പററി അദ്ദേഹംകേട്ടിട്ടില്ലെന്നോ? ഈ പിന്തിരിപ്പനും,എതിർവിപ്ലവകാരിയുമായ ശക്തികൾക്കെതിരായ പോരാട്ടമാണു് ഇന്നു് എല്ലാ സോഷ്യലിസ്റ്റ്കാരന്റേയും ജനാധിപത്യവാദിയുടേയും കേന്ദ്രസമരമെന്നും, ആ സമരത്തിനുവേണ്ടി എല്ലാ ജനാധിപത്യശക്തികളേയും യോജിപ്പിക്കണമെന്നും, അദ്ദേഹത്തിനു് ബോദ്ധ്യമായിട്ടില്ലേ?

ഹിററ്ലറുടേയും മുസ്സോളിനിയുടേയും, ജനാധിപത്യസോഷ്യലിസ്റ്റുകളുടേയും, അവരുടെ സഹായംകൊണ്ടു് അധികാരത്തിൽവന്ന ഫാസിസത്തിന്റേയും മുദ്രാവാക്യം "കമ്മ്യൂണിസം പ്രധാനശത്രു"വെന്നായിരുന്നു. ചർച്ചിലിന്റേയും ട്രൂമാന്റേയും പ്രധാനമുദ്രാവാക്യവും "കമ്മ്യൂണിസം പ്രധാനശത്രു"വെന്നുതന്നെയാണു്. സ്വന്തം രാജ്യത്തിന്നകത്തു ജനാധിപത്യത്തെ അടിച്ചമർത്തുകയും വിദേശങ്ങളിൽ ആക്രമണയുദ്ധങ്ങൾ നടത്തുകയുമെന്ന തങ്ങളുടെ യഥാർത്ഥ ഉദ്ദേശം മറച്ചുവെയ്ക്കണമെന്നു് അഭിലഷിക്കുന്ന എല്ലാവരുടേയും പ്രധാനമുദ്രാവാക്യം "കമ്മ്യൂണിസം പ്രധാനശത്രു" എന്നുള്ളതുതന്നെയായിരുന്നിട്ടുണ്ടു്. ജനാധിപ

ത്യസോഷ്യലിസത്തിൻെറ നേതാക്കന്മാർ ചരിത്രത്തിൽനിന്നോ, വൎത്തമാനസംഭവങ്ങളിൽനിന്നോ പാഠങ്ങഠം പഠിക്കാതെ പാപ്പ രടിച്ച ഈ മുദ്രാവാക്യത്തെ, തങ്ങളുടെ ദേശീയവും സാൎവ്വദേശീയവുമായ അടിസ്ഥാനമായി സ്വീകരിച്ചതു് തികച്ചും ദയനീയമാണു്.

## 4. ജനാധിപത്യസോഷ്യലിസത്തിൻെറ രാഷ്ട്രീയലക്ഷ്യങ്ങഠം — ബൂർഷ്വാ ജനാധിപത്യവും ജനകീയജനാധിപത്യവും

സോവിയററഷ്യയോടും ജനകീയ ചൈനയോടുമുള്ള തങ്ങളുടെ ശത്രുതയ്ക്കും കമ്മ്യൂണിസത്തോടുള്ള വെറുപ്പിനും കാരണം തങ്ങളുടെ ജനാധിപത്യപ്രേമമാണെന്നു് സോഷ്യലിസ്റ്റ്പാൎട്ടി അവകാശപ്പെടാറുണ്ടു്. പടിഞ്ഞാറൻ യൂറോപ്പിലെ മുതലാളിത്തരാജ്യങ്ങളിൽ "സമ്പൂൎണ്ണജനാധിപത്യമുണ്ടെന്നും ഇന്ത്യൻ ഭരണകൂടംതന്നെ കുറേയൊക്കെ ജനാധിപത്യപരമാണെന്നും മദ്രാസ് സമ്മേളനത്തിൽവെച്ചു് സമ്മതിക്കുന്ന ശ്രീ: ജയപ്രകാശിൻെറ നോട്ടത്തിൽ കമ്മ്യൂണിസ്റ്റ്കാരും അവരുടെ മിത്രങ്ങളും അധികാരത്തിൽവന്ന രാജ്യങ്ങളിൽ ജനാധിപത്യത്തിൻെറ കണികപോലുമില്ലത്രേ! ഡാക്ടർ അംബേത്കറുമായും ജയപാൽസിങ്ങുമായും കൂട്ടുകെട്ടിൽ ഏൎപ്പെടുകയും, കുപ്രസിദ്ധ വൎഗ്ഗീയവാദിയായ ഡി. പി. മിശ്രയെ സോഷ്യലിസ്റ്റ്പാർട്ടിയിൽ അംഗമായിച്ചേൎക്കുകയും ചെയ്യാൻ മടിക്കാത്ത സോഷ്യലിസ്റ്റ്പാർട്ടി നേതൃത്വം കമ്മ്യൂണിസ്റ്റ്കാരുമായി മേൽപറഞ്ഞ കാരണംകൊണ്ടുതന്നെ ഐക്യമുന്നണിക്കു് തയ്യാറില്ലെന്നു പറയുകയുണ്ടായി.

ശ്രീ: അശോകമേത്ത എഴുതുന്നു:—"സോഷ്യലിസത്തിൻെറ ഹൃദയംതന്നെ സോഷ്യലിസമാണെന്നു് ഞാൻ വിശ്വസിക്കുന്നു. ജനാധിപത്യത്തിൻെറ ചട്ടക്കൂടിനു് വെളിക്കുള്ള സോഷ്യലിസത്തെപ്പററി ഞങ്ങഠംക്കു ചിന്തിക്കാൻപോലും സാദ്ധ്യമല്ല. ഒരു മനുഷ്യൻെറ ജീവൻ അപഹരിച്ചതിനുശേഷം/അയാഠം ജീവിക്കയാണെന്നു് പറയാൻ നിങ്ങഠംക്കു് കഴികയില്ല. ജനം

ധിപത്യത്തേയും സോഷ്യലിസത്തേയും കൂട്ടിച്ചേർത്താൽ മാത്രമേ നാമെല്ലാം സാക്ഷാൽക്കരിക്കാനാഗ്രഹിക്കുന്ന ലക്ഷ്യം പൂർത്തിയാവുകയുള്ളു. അതു് രണ്ടും വേർതിരിക്കാവുന്നതല്ല. അവ രണ്ടും ഒന്നിച്ചുതന്നെ—ഒന്നായിട്ടുതന്നെയാണു് ഉണ്ടാവേണ്ടതു്. (ജനാധിപത്യസോഷ്യലിസം പേജ്—127)

സുന്ദരമായ ഭാഷയിൽ ആസ്വാദ്യകരമായ ആശയങ്ങളെ ആവിഷ്കരിച്ചിരിക്കുന്നു; സംശയമില്ല. പക്ഷെ, ജനാധിപത്യമെന്ന സുന്ദരപദം ആവർത്തിച്ചതുകൊണ്ടു് മാത്രമാവില്ല. ജനാധിപത്യമെന്തെന്നു് നിർവ്വചിക്കുകകൂടിവേണം. അതിൻെറ വർഗ്ഗസ്വഭാവമെന്തെന്നു് പ്രസ്താവിക്കുകകൂടിവേണം. ജനാധിപത്യം സ്ഥാപിക്കുന്നതിനു് എന്തെല്ലാം പരിതഃസ്ഥിതികളാണു് സൃഷ്ടിക്കേണ്ടതെന്നും, എങ്ങിനെയാണു് ജനാധിപത്യം പ്രവൃത്തിയിൽ വരേണ്ടതെന്നുംകൂടി വ്യക്തമാക്കുകകൂടിവേണം.

ജനങ്ങളുടെ പരമാധികാരത്തെ ഉറപ്പിച്ചുനിർത്താൻ ഏതു് തരം ജനാധിപത്യത്തിനാണു് കഴിയുക? അതിനു് പ്രായപൂർത്തി വന്ന എല്ലാ പൌരനും വോട്ടവകാശം നൽകിയാൽ മതിയോ?

ഈ ചോദ്യത്തിനു് ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി നൽകുന്ന മറുപടി ഇതാണു്:—"പോരാ. അതുമാത്രം പോരാ." ദൂരവ്യാപകങ്ങളായ സാമൂഹ്യ സാമ്പത്തിക പരിവർത്തനങ്ങളും ഭരണകൂടത്തിൻെറ ഘടനയിൽതന്നെ മൌലികവ്യതിയാനങ്ങളും വരുത്തിയാൽ മാത്രമേ ജനങ്ങളുടെ പരമാധികാരം അഭംഗുരമായി പരിരക്ഷിക്കാനും, ജനങ്ങളെ അവരുടെ ഭാവിയുടെ വിധാതാക്കളാക്കാനും സാദ്ധ്യമാവുകയുള്ളു. അങ്ങിനെ ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ ജനാധിപത്യം യഥാർത്ഥ ജനാധിപത്യമാവുകയില്ല. അതു് ജനങ്ങൾക്കുവേണ്ടിയുള്ള ജനാധിപത്യമായിരിക്കയില്ല.

"തൊഴിലാളിവർഗ്ഗത്തിൻേറയും നാട്ടുകാരുടേയും വളർച്ചയുടെ നിലവാരം അളന്നുനോക്കാൻ പ്രായപൂർത്തി വോട്ടവകാശം സഹായിക്കുന്നു; ഔപചാരികമായി അതു ജനാധിപത്യത്തിൻെറ ഒരു ഘടകമാണു്. എന്നാൽ ഭൂമി കൃഷിക്കാരുടെ സ്വത്താകുന്നതിനുപകരം ജന്മികളുടെ സ്വത്തായിരിക്കുന്നിടത്തോളം കാലം, —ജന്മികളുടേയും മുതലാളിമാരുടേയും അധികാരം നാട്ടുകാരെ വയലുകളിലും ഫാക്ടറികളിലും കീഴമർത്തി നിർത്തുന്നിടത്തോളം

കാലം—പത്രങ്ങളുടേയും പ്രചരണോപകരണങ്ങളുടേയും മുകളിലുള്ള മൂലധനത്തിന്റെ അധികാരം നാട്ടുകാരെ നുണപറഞ്ഞു് മയക്കികിടത്തുന്നിടത്തോളം കാലം,—ജനങ്ങളെ ഭിന്നിപ്പിക്കാനും ദുർബ്ബലപ്പെടുത്താനുംവേണ്ടി പണത്തിന്റെ അധികാരശക്തി മതസ്പർദ്ധകളേയും ജാതിസ്പർദ്ധകളേയും ഉപയോഗിച്ചുകൊണ്ടിരിക്കുന്നിടത്തോളം കാലം—ഉദ്യോഗസ്ഥമേധാവികളും പൊലീസും രാഷ്ട്രീയപ്പാർട്ടികളെ നിരോധിക്കുകയും സിവിൽസ്വാതന്ത്ര്യങ്ങളെ ഇടിച്ചമർത്തുകയും നിയമസഭകളിലെ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളെപ്പോലും, അവരുടെ രാഷ്ട്രീയാഭിപ്രായങ്ങൾ പ്രമാണിച്ചും അവരുടെ സത്യസന്ധമായ പ്രവർത്തനം പ്രമാണിച്ചും വിചാരണകൂടാതെ തടങ്ങലിൽ വെയ്ക്കുകയും, ചെയ്യുന്നിടത്തോളം കാലം—പ്രായപൂർത്തി വോട്ടവകാശത്തിനു് ചൂഷിത ബഹുജനങ്ങളുടെ ശരിയായ ഇച്ഛാശക്തിയേയും യഥാർത്ഥതാല്പര്യങ്ങളെയും പ്രതിഫലിപ്പിക്കാൻ സാദ്ധ്യമല്ല. (ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പരിപാടി.)

പ്രതിഫലം കൂടാതെ ജന്മിത്വത്തിന്റെ അവസാനിപ്പിക്കലും, ബ്രിട്ടീഷ് മൂലധനത്തിന്റെ കണ്ടുകെട്ടലും മററു നടപടികളും പരിപാടി ആവശ്യപ്പെടുന്നതു അതുകൊണ്ടാണ്. ഉദ്യോഗസ്ഥദുഷ്പ്രഭുത്വത്തിന്റേയും, പൊലീസിന്റേയും അധികാരം അവസാനിപ്പിക്കണമെന്നും ഭരണകൂടത്തിനകത്തുള്ള അധികാരം ജനങ്ങൾ തിരഞ്ഞെടുക്കുന്ന സമിതികളിൽ നിക്ഷേപിക്കപ്പെടുകയും വേണമെന്നും പരിപാടി ആവശ്യപ്പെടുന്നു.

സാമ്പത്തിക വ്യവസ്ഥിതിയിലും പല മാററങ്ങളും വരുത്തണമെന്നു് സോഷ്യലിസ്റ്റ് പാർട്ടിയും നിർദ്ദേശിക്കുന്നു. ആ നിർദ്ദേശം ഇവിടെ പ്രതിപാദിക്കേണ്ടതില്ല. ഭരണകൂടത്തിന്റെ ഘടനയിൽ എന്തെല്ലാം മാററങ്ങളാണ് വരുത്തേണ്ടതു് എന്നുള്ളതാണ് അടിയന്തിരമായ പരിഗണനെ അർഹിക്കുന്നതു്.

ഈ പ്രശ്നത്തെപ്പററി—ജനാധിപത്യത്തിന്റെ മൌലിക പ്രശ്നത്തെപ്പററി—സോഷ്യലിസ്റ്റ് പാർട്ടി നേതൃത്വം പറയുന്നതു് ഇങ്ങിനെയാണ്.

“ഏതാനും വർഷങ്ങൾ കൂടുമ്പോഴൊരിക്കൽ വോട്ടുരേഖപ്പെടുത്തിയതിനുശേഷം പൌരന്മാർക്കുപോയി കിടന്നുറങ്ങാൻ

സാദ്ധ്യമല്ല. ഭരണനടപടികളിൽ അവരെക്കൂടി പങ്കാളികളാക്കേണ്ടതാണ്. ആ പങ്കെടുക്കൽ സുസാദ്ധ്യമാക്കുന്നതിനുവേണ്ടി അതിൻെറ സങ്കീർണ്ണത തട്ടിയുടക്കേണ്ടതും ആവശ്യമാണ്. കേന്ദ്രത്തിൽ ഒരു പാർലിമെൻറ നിലവിലിരുന്നുകൊള്ളട്ടെ. എന്നാൽ അതിനടിയിൽ സംസ്ഥാനനിയമസഭകളും, ഡിസ്ട്രിക്ട് ബോർഡുകളും വില്ലേജ് പഞ്ചായത്തുകളും, സഹകരണസ്ഥാപനങ്ങളും, വാർഡ് കമ്മിററികളും സാമൂഹ്യകേന്ദ്രങ്ങളും ഒഴിച്ചുവെയ്ക്കാൻ പാടില്ല. കഴിഞ്ഞ ഒരു ശതാബ്ദത്തിലധികം കാലമായി വളർന്ന് രൂപംകൊണ്ട സജീവമായ ജനാധിപത്യരാഷ്ട്രത്തിൻെറ ചട്ടക്കൂട് ആ തരത്തിലുള്ളതാണ്.

(അശോകമേത്തയുടെ ജനാധിപത്യസോഷ്യലിസമെന്ന ഗ്രന്ഥം പേജ്—42.)

ഡിസ്ട്രിക്ട് ബോർഡുകളും വില്ലേജുപഞ്ചായത്തുകളുമെല്ലാമവിടെ ഉണ്ടായിരിക്കും. എന്നാൽ അവയെന്താണ് ചെയ്യുക? അവയ്ക്ക് ഭരണാധികാരമുണ്ടായിരിക്കുമോ? ഇല്ല. അവയുടെ കടമ ഇന്നത്തെപ്പോലെതന്നെ ഉദ്യോഗസ്ഥന്മാരും പൊലീസും നടത്തുന്ന "ഭരണനടപടികളിൽ" ജനങ്ങളുടെ "പങ്കാളിത്തം" അച്ചാരം ചെയ്യുക മാത്രമാണ്. "ഭരണനടപടികളുടെ സങ്കീർണ്ണസ്വഭാവം" മാത്രമാണ് നശിപ്പിക്കപ്പെടുക; ഭരണക്കൂടയന്ത്രം ഇന്നത്തെപ്പോലെ സംരക്ഷിക്കപ്പെടും. ഭരണക്കൂടത്തിൻെറ ഘടന ഇന്നത്തെപ്പോലെതന്നെ തുടരും.

ശ്രീ: അശോകമേത്ത തൻെറ വ്യക്തിപരമായ അഭിപ്രായമാണ് പ്രകടിപ്പിച്ചതെന്ന് പറയുന്നതു ശരിയായിരിക്കയില്ല. "സോഷ്യലിസത്തിനുവേണ്ടി ഞങ്ങൾ നിൎമ്മിക്കുന്നു" എന്ന തങ്ങളുടെ തിരഞ്ഞെടുപ്പുവിജ്ഞാപനത്തിൽ 'സോഷ്യലിസ്റ്റ്പാർട്ടി തങ്ങളുടെ സമൂർത്തമായ നിർദ്ദേശങ്ങൾ വെച്ചിരിക്കുന്നതു് ഇപ്രകാരമാണ്:—

"നീതിന്യായപരിപാലനം അത്യന്തം വ്യയഹേതുകവും വക്രവുമായതുകൊണ്ടാണ് നിർദ്ധനജനവിഭാഗങ്ങളുടെ നിരവധി നിയമാവകാശങ്ങൾ നഷ്ടപ്പെട്ടുപോകുന്നതു്. നീതിലഭിക്കാനുള്ള ചിലവ് കുറയ്ക്കുകയും, ത്വരിപ്പിക്കയുമാണ് ആവശ്യം. നിയമക്കോടതികൾ ജനങ്ങളോട് കുറേക്കൂടി സാമീപ്യം പുലർത്തണം. വസ്തുതാന്വേഷണവും, ശിക്ഷാധികാരവും വേർപെടുത്തണം.

"ഉദ്യോഗസ്ഥമേധാവിത്വത്തിന് ഏററവുംനല്ല പരിഹാരം, ഉപദേശകസ്വഭാവത്തിലുള്ള പൊതുജനാഭിപ്രായവുമായി എക്സിക്യൂട്ടീവിനെ ഓരോ നിലകളിലും ബന്ധപ്പെടുത്തുകയാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഉപദേശം നിരാകരിക്കുമ്പോൾ അതിനുള്ള കാരണം, തൻെറ അടുത്ത മേലുദ്യോഗസ്ഥനെ അറിയിക്കേണ്ടതാണ്.

"ആഫീസുജോലി പുനർവിചാരണ നടത്തുന്നതിനും, കാര്യക്ഷമത വർദ്ധിപ്പിക്കുക, ചുവപ്പുനാടയേർപ്പാട് നിറുത്തലാക്കുക എന്നിവയ്ക്കുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിനുമായി ഡിപ്പാർട്ടുമെണ്ടുമേധാവികൾ ഇടയ്ക്കിടയ്ക്കു സിൽബന്തികളുടെ യോഗം വിളിച്ചുകൂട്ടണം. ഈ യോഗങ്ങളുടെ റിപ്പോർട്ടുകൾ ഹെഡ് ക്വാർട്ടേഴ്സിലേക്കയയ്ക്കണം. ഇത്തരം സ്റ്റാഫ്‌യോഗങ്ങൾ, കീഴുദ്യോഗസ്ഥന്മാരുടെ കഴിവുകൾ കണ്ടുപിടിക്കുന്നതിനും, സ്പെഷൽട്രെയിനിംഗിനും സ്വന്തം കഴിവു പ്രകടിപ്പിക്കുന്നതിനും, ഉള്ള സന്ദർഭം അവക്കു നൽകുന്നതിനും, പ്രയോജനപ്പെടുത്തേണ്ടതാണ്.

"നിയമസഭകൾക്കകത്തു വിവിധ വിഷയങ്ങളുടെ ചുമതല വഹിക്കുന്ന സ്റ്റാൻഡിംഗ് കമ്മിററികൾ ഏർപ്പെടുത്തുന്നതായിരിക്കും. പ്രധാനകാര്യങ്ങളെപ്പററി അവ പരസ്യമായി തെളിവു ശേഖരിക്കയും, ഉപദേശകസമിതികളും ഉദ്യോഗസ്ഥന്മാരും തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങൾ തീക്കുന്നതിന് സഹായകമാകാൻ വേണ്ടി ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാരിൽനിന്നു മൊഴി എടുക്കയും ചെയ്യുന്നതായിരിക്കും.

"ലക്ഷ്യങ്ങൾ നിശ്ചയിച്ചും, ഉദ്യോഗസ്ഥന്മാക്കുവേണ്ടി കാര്യക്ഷമമായ ആഡിററ് സമ്പ്രദായം സ്വീകരിച്ചും, ഭരണത്തിൽ കാര്യക്ഷമത പുലത്തുന്നതാണ്. ഈ അടിസ്ഥാനത്തിൽ സ്ഥാനക്കയററമോ, തരംതാഴ്ത്തലോ നടത്തുന്നതായിരിക്കും.

"ഒരു അഴിമതിവിരുദ്ധവകുപ്പു സ്ഥാപിച്ചു കൈക്കൂലിയും, സ്വജനപക്ഷപാതവും അവസാനിപ്പിക്കും. ഈ വകുപ്പിൻെറ മുമ്പിൽ ഏതൊരാൾക്കും പരാതിപ്പെടാൻ അവകാശമുണ്ടായിരിക്കും. പരാതിയുടെ അടിസ്ഥാനത്തിലോ അല്ലാതെയോ, ഏതു കേസ്സും അന്വേഷിക്കാനും, ഏതു രേഖ പരിശോധിച്ചു, വിവരം ശേഖരിക്കാനും വകുപ്പിനു് അധികാരമുണ്ടായിരിക്കും. സക്കാരു

ദ്യോഗസ്ഥന്മാരെയും മററാളുകളെയും വരുത്താനും, ചെറുതരം കുററങ്ങളാണെങ്കിൽ സമ്മറിയായി വിസ്തരിച്ചു ശിക്ഷിക്കാനുമുള്ള അധികാരം അഴിമതിവിരുദ്ധ അതോറിട്ടിക്കുണ്ടായിരിക്കും. ഉയർന്ന തരം കുററങ്ങളാണെങ്കിൽ അതോറിററി പ്രോസിക്യൂഷൻ ചുമതലവഹിക്കുന്നതാണ്. നിയമാനുസരണമായി സ്ഥാപിക്കപ്പെടുന്ന സ്പെഷൽകോടതികൾ മുഖാന്തിരം കുററവാളികളെ ശിക്ഷിപ്പിക്കാനുള്ള ചുമതലയും അതോറിട്ടിക്കായിരിക്കും." (We build for Socialism പേജ് 28–29)

ഈ നീണ്ട ഉദ്ധരണി ഞാൻ കൊടുക്കുന്നതു തെററിദ്ധാരണ പരത്താൻ ശ്രമിച്ചുവെന്ന ആരോപണം ഒഴിവാക്കാനാണ്. ശബ്ദായമാനമായ ഭാഷയും കുഴമ്പില്ലായ്മയുമാണ് ഈ നിർദ്ദേശങ്ങളിൽ ഒരാൾക്കു കാണാൻ കഴിയുക.

"ലഘുവായും ചിലവുകുറച്ചും നീതിലഭിക്കാൻ വേണ്ടതു ചെയ്യും." എങ്ങിനെ? "ഉപദേശകസ്വഭാവത്തിൽ പൊതുജനാഭിപ്രായത്തെ എല്ലാ ലവലുകളിലും; എക്സിക്യൂട്ടീവിൻെറ പങ്കാളിയാക്കും: വൈസ്രായുടെ കൌൺസിലുകളിൽകൂടി ഇന്ത്യൻ പൊതുജനാഭിപ്രായത്തെ ബ്രിട്ടീഷുകാർ പങ്കാളിയാക്കിയതു പോലെ! "അഴിമതിവിരുദ്ധ അതോറിട്ടി സ്ഥാപിച്ചു അഴിമതിയും കൈക്കൂലിയും അവസാനിപ്പിക്കും." അതോറിട്ടിയെ നിയമിക്കുന്നതു ആർ? ആരെയാണ് അതിൽ ഉൾപ്പെടുത്തുക?

ഉദ്യോഗസ്ഥന്മാരെ തിരഞ്ഞെടുക്കുന്നതിനെയും, ജഡ്ജിമാരെ തിരഞ്ഞെടുക്കുന്നതിനെയും എല്ലാ ലവലുകളിലും ഉദ്യോഗസ്ഥന്മാരെ തിരഞ്ഞെടുക്കപ്പെടുന്ന സമിതികൾ കാര്യക്ഷമമായി നിയന്ത്രിക്കുന്നതിനെയുംപററി ഒരിടത്തും സോഷ്യലിസ്റ്റ്പാർട്ടി നിർദ്ദേശിച്ചുകാണുന്നില്ല.

ഏതാനും വഷങ്ങൾക്കിടയിൽ ഒരിക്കൽ വോട്ടുചെയ്യുന്ന അവകാശം മാത്രമാണ് ഇന്ത്യയിലും മററു മുതലാളിത്തരാജ്യങ്ങളിലുമുള്ളതെന്നു് എല്ലാവക്കുമറിയാം. ഉദ്യോഗസ്ഥദുഷ്പ്രഭു മണ്ഡലത്തിലെ തങ്ങളുടെ മേലുദ്യോഗസ്ഥന്മാരോടു മാത്രം ഉത്തരംപറയേണ്ട ചെറുതരം ഉദ്യോഗസ്ഥന്മാരും എക്സിക്യൂട്ടീവിൻെറ തലവനോടു മാത്രം ഉത്തരം പറയേണ്ടവരായ വകുപ്പദ്ധ്യക്ഷന്മാരും ചേർന്ന സ്ഥിരം സിവിൽസവ്വീസിൻെറയും പൊലീ

സിൻെറയും സ്വേച്ഛാധിപത്യപരമായ രാജ്യഭരണമാണ് നടക്കുന്നതു്. അവർക്ക പ്രത്യേകാധികാരങ്ങളും വിശേഷാവകാശങ്ങളുമുണ്ടു്; അവർ ജനങ്ങളുടെ ദാസന്മാരായിട്ടല്ല ജനങ്ങളുടെ യജമാനന്മാരായാണ് പെരുമാറുക. ഭരണം മുഴുവനും തന്നെ ഈ ഉദ്യോഗസ്ഥദുഷ്പ്രഭുക്കന്മാരുടെ കയ്യിലാണ്. പഞ്ചായത്തുകൾ, മുനിസിപ്പാലിററികൾ, ഡിസ്ട്രിക്ട്ബോർഡുകൾ തുടങ്ങിയ തിരഞ്ഞെടുക്കപ്പെട്ട ഭരണസമിതികൾക്ക വളരെ പരിമിതമായ അധികാരമേയുള്ളു. ഉയന്നതരം ഉദ്യോഗസ്ഥന്മാരെല്ലാം തന്നെ ധനികവർഗ്ഗത്തിൽ ജനിച്ചവരും, അവരുമായി കുടുംബപരവും, സാമൂഹ്യവുമായ ബന്ധങ്ങൾ പുലത്തുന്നവരുമാണ്. സംധാരണക്കാരായ ജനങ്ങളോടുള്ള അവജ്ഞ പൊലീസിൻെറയും പട്ടാളത്തിൻെറയും, ഉദ്യോഗസ്ഥലോകത്തിലെ താഴ്ന്ന ജീവനക്കാരുടെ ഇടയിൽപോലും വളത്തിവിട്ടിരിക്കയാണ്. ബഹുജനങ്ങളിൽനിന്നുമവരെ ഒററതിരിക്കയും, ട്രേഡ്യൂനിയനവകാശങ്ങൾ അവർക്ക നിഷേധിക്കയും, ജനാധിപത്യസാഹിത്യപാരായണം അവർക്ക നിരോധിക്കയും ചെയ്തിരിക്കയാണ്. മേലുദ്യോഗസ്ഥന്മാരുടെ ഉത്തരവുകൾ കണ്ണുമടച്ചു നടപ്പാക്കാൻ അവരെ പഠിപ്പിച്ചുവിട്ടിരിക്കയാണ്.

എല്ലാ പൌരന്മാർക്കും പ്രസംഗിക്കാനും അഭിപ്രായം പ്രകടിപ്പിക്കാനുമുള്ള സ്വാതന്ത്ര്യവും, സമാധാനപരമായി യോഗം ചേരുന്നതിനുള്ള സ്വാതന്ത്ര്യവും, സംഘങ്ങളും യൂനിയനുകളും രൂപവൽക്കരിക്കുന്നതിനുള്ള സ്വാതന്ത്ര്യവും, ഉണ്ടെന്നു പ്രഖ്യാപിച്ചിരിക്കുന്നതുകൊണ്ടു ഇന്ത്യൻ ഭരണഘടന നന്നേ ജനാധിപത്യപരമാണെന്നു സോഷ്യലിസ്റ്റ്നേതാക്കന്മാർ വണ്ണിക്കുന്നു. എന്നാൽ ഈ ഭരണഘടനതന്നെ പറയുന്നതു, ബ്രിട്ടീഷുകാർ പടച്ചുവിട്ട ഇന്നു നിലവിലുള്ള നിയമങ്ങളെ ഈ സ്വാതന്ത്ര്യങ്ങൾ ഒരുതരത്തിലും ബാധിക്കയില്ലെന്നാണ്.

ഈ നിയമങ്ങളെന്താണെന്നും, അതു മുമ്പു നടപ്പാക്കിയിരുന്നതാരാണെന്നും, അവയെ ഇന്നു ആർ എങ്ങിനെ നടപ്പാക്കുന്നുവെന്നും എല്ലാ ഇന്ത്യക്കാരനുമറിയാം. ക്രിമിനൽനടപടി നിയമം 127–132 വരെയുള്ള വകുപ്പുകൾ "പൊലീസുസ്റ്റേഷൻെറ ചുമതലവഹിക്കുന്ന ഏതു മജിസ്ട്രേട്ടിനെയും ഉദ്യോഗസ്ഥനെയും"

അഞ്ചുപേരിൽ കൂടുതലുള്ള ഏതു സംഘത്തെയും നിയമവിരുദ്ധസംഘമായി പ്രഖ്യാപിക്കാനും, അതിനെ ബലപ്രയോഗംമൂലം പിരിച്ചുവിടാനും അധികാരപ്പെടുത്തുന്നു. ആവശ്യമെന്നു തോന്നുന്നപക്ഷം പട്ടാളത്തെ വിളിക്കാനും ആ ഉദ്യോഗസ്ഥന് അധികാരമുണ്ട്. മജിസ്ട്രേട്ട് സ്ഥലത്തില്ലെങ്കിൽ പട്ടാളത്തിലെ ഏതു കമ്മീഷൻഡ് ഉദ്യോഗസ്ഥനും ഈ അധികാരം വിനിയോഗിക്കാവുന്നതാണ്. ജനങ്ങൾ തിരഞ്ഞെടുത്ത സമിതികൾക്ക ഏററവും ഉയന്നവക്കുപോലും മജിസ്ട്രേട്ടിൻെറയും പൊലീസുദ്യോഗസ്ഥൻെറയും പട്ടാളമേധാവിയുടെയും അധികാരത്തെയോ, തീരുമാനത്തെയോ, വെല്ലുവിളിക്കാനധികാരമില്ല. ബലംപ്രയോഗിക്കേണ്ടതെപ്പോഴെന്നും, ഏതു രൂപത്തിലായിരിക്കണമെന്നും തീരുമാനിക്കാനുള്ള പരമാധികാരം ജനങ്ങൾക്കല്ല ഉദ്യോഗസ്ഥന്മാക്കാണ്. ആ ബലപ്രയോഗംമൂലം എന്തു നാശംതന്നെ സംഭവിച്ചിട്ടുണ്ടെങ്കിലും ശരി, ''ഉത്തമവിശ്വാസത്തോടുകൂടി പ്രവത്തിച്ചിട്ടുള്ള മജിസ്ട്രേട്ടിനെയോ, പൊലീസു-പട്ടാള ഉദ്യോഗസ്ഥന്മാരെയോ, ഉത്തരവു നടപ്പാക്കിയവരെയോ, ഏതെങ്കിലും കുററംചെയ്തവരായി കണക്കാക്കാൻ പാടില്ല. ഗവമ്മേണ്ടിൻെറ പ്രത്യേകാനുമതികൂടാതെ ഒരുദ്യോഗസ്ഥനെയോ, കീഴ്സിൽബന്തികളെയോ, ഒരു നീതിന്യായക്കോടതിയിൽ പ്രോസിക്യൂട്ടുചെയ്യാനും പാടില്ല!

ഈ വകുപ്പുകളിൽ കോൺഗ്രസ്സുവരുത്തിയ ''പുരോഗമനം'' പട്ടാളത്തെ മാത്രമല്ല ആകാശ-കടൽസൈന്യങ്ങളെക്കൂടി നിയമവിരുദ്ധസംഘം പിരിച്ചുവിടുന്നതിനുവേണ്ടി വിളിക്കാൻ മജിസ്ട്രേട്ടിനു അധികാരംനൽകിയതു് മാത്രമാണ്.

144-ാം വകുപ്പ്പ്രകാരം ഉദ്യോഗസ്ഥപ്രഭുക്കന്മാക്കും പൊലീസിനും വിപുലസ്വഭാവമുള്ള അധികാരങ്ങളാണ് നല്കിയിരിക്കുന്നതു്. എല്ലാം പൊതുയോഗങ്ങളും ഘോഷയാത്രകളും നിരോധിക്കാം; ജനങ്ങളുടെ വായടച്ചുകെട്ടാം; ആവശ്യമെന്നു ഉദ്യോഗസ്ഥന്മാർക്ക തോന്നുന്നപക്ഷം എല്ലാ സിവിൽസ്വാതന്ത്ര്യങ്ങളും നിഷേധിക്കാം. തൻെറ ഡിസ്ട്രിക്ടിലെ ജനങ്ങളുടെ ഭാവിയുടെ വിധികത്താവ് ഡിസ്ട്രിക്ട്മജിസ്ട്രേട്ടാണ്.

കരുതൽതടങ്കൽനിയമം എക്സിക്യൂട്ടീവിനു നൽകിയിരിക്കുന്ന അധികാരങ്ങൾ വിശദീകരിയ്ക്കുകയും, ആ അധികാരങ്ങൾ എപ്രകാരമാണ് വിനിയോഗിക്കപ്പെടുന്നതെന്ന് വ്യക്തമാക്കുകയുംചെയ്യേണ്ടയാവശ്യമുണ്ടെന്നു തോന്നുന്നില്ല.

ഈ അധികാരങ്ങൾക്കുടാതെ, ഭവനപരിശോധന നടത്തുന്നതിനും, അറസ്റ്റ്ചെയ്തു പ്രോസിക്യൂട്ടു ചെയ്യുന്നതിനുമുള്ള അധികാരങ്ങൾ ഉദ്യോഗസ്ഥന്മാരും, പൊലീസും കൈകാര്യംചെയ്യുന്ന രീതിതന്നെ, അല്പം ആളുകളെയും വിശേഷിച്ച സാധുക്കളെ ഈ ദുഷ്പ്രഭുത്വത്തിന്റെ ദയാവായ്പിന്നു എറിഞ്ഞുകൊടുത്തിരിക്കയാണെന്നു വ്യക്തമാക്കുന്നുണ്ട്. പൊലീസ്സൈന്യം ഒരു ഗ്രാമത്തിൽചെന്നു കയറിയാൽ മതി അവിടത്തെ സാധുജനങ്ങളെ സംഭ്രാന്തരാക്കാൻ.

ജനാധിപത്യത്തെ ഒരു കെട്ടുകഥയും നാടകവുമാക്കുന്ന വസ്തുതകളാണിവയെന്നു സ്മരിക്കണം.

ഉദ്യോഗസ്ഥദുഷ്പ്രഭുത്വമവസാനിപ്പിക്കാൻ സോഷ്യലിസ്റ്റ് നേതാക്കന്മാർ ആഗ്രഹിക്കുന്നുണ്ടോ? അതിനെ അധികാരഭ്രഷ്ടമാക്കാൻ സോഷ്യലിസ്റ്റ്നേതൃത്വം ആഗ്രഹിക്കുന്നുണ്ടോ? നേരെ മറിച്ചു അവർ നിർദ്ദേശിക്കുന്നതു "ഭരണം പൊതുജനാഭിപ്രായത്തിന് കീഴ്വണങ്ങുന്ന ഒന്നായിരിക്കരുതെന്നും, എന്നാൽ സത്യസന്ധവും, നിഷ്പക്ഷവും, കാര്യക്ഷമവും, ചിലവുകുറഞ്ഞതുമായിരിക്കണം" എന്നുമാണ്. (ഇന്ത്യൻ റിപ്പബ്ലിക്കിന്റെ കരടുപ്രമാണം—സോഷ്യലിസ്റ്റ്പാർട്ടി നിർദ്ദേശിച്ചതു്. പേജ് 91–92)

ഈ നിർദ്ദേശങ്ങൾ കോൺഗ്രസ്സുനേതാക്കന്മാർക്കുപോലും സ്വീകാര്യമായിരിക്കും. ശ്രീ: മൊറാർജി, ശ്രീ: ബി. സീ. റോയി, ശ്രീ: രാജാജി മുതലായവരെല്ലാം ഇതേമാതിരി പ്രസംഗം ഉദ്യോഗസ്ഥന്മാരോടു പലതവണ ചെയ്തിട്ടുള്ളതാണ്.

നീതിന്യായവകുപ്പിനെപ്പററി സോഷ്യലിസ്റ്റ്നേതാക്കന്മാർക്കു പറയാനുള്ളതു ഇതാണ്:—

"തിരഞ്ഞെടുക്കപ്പെട്ട ജൂഡിഷ്യറി ഏററവും കുഴപ്പംപിടിച്ചതാണ്. തിരഞ്ഞെടുപ്പ് ജൂഡിഷ്യറിയുടെ സ്വഭാവത്തെ തരംതാഴ്ത്തുന്നു; ജഡ്ജിയെ ഒരു രാഷ്ട്രീയക്കാരനാക്കുന്നു; ജൂഡി

ഷ്യൽ മനോഭാവത്തിൻെറ മേൽ പ്രേരണ ചെലുത്തുന്നു. അതിനു കീഴ്വണങ്ങാതിരിക്കാൻ എപ്പോഴും സാധിച്ചുവെന്നു വരില്ല.'' (ഇന്ത്യൻ റിപ്പബ്ലിക് കരടുപ്രമാണം. പേജ് 88)

അതുകൊണ്ടു താഴേ അററത്തു (താഴെ അററത്തു മാത്രമേ പാടുള്ളുവത്രേ.) ജനകീയകോടതികഠം നിയമിക്കപ്പെടാമെങ്കിലും കീഴ്ക്കോടതികളിലെ ജഡ്ജിമാരെ പബ്ലിക്സർവ്വീസ് കമ്മീഷൻെറ ശുപാശ്ശയനുസരിച്ചു എക്സിക്യൂട്ടീവ്തന്നെ നിയമിക്കേണ്ടതും, ഹൈക്കോടതികളിലെയും സുപ്രീംകോടതിയിലെയും ജഡ്ജിമാരെ ജൂറിസ്റ്റ്കളുടെ ഉപദേശമനുസരിച്ചു നിയമസഭകളുടെ അംഗീകാരത്തോടുകൂടിയോ, കൂടാതെയോ എക്സിക്യൂട്ടീവ് തന്നെ നിയമിക്കണ്ടതും ആണ്. (ഇന്ത്യൻ റിപ്പബ്ലിക്കരടുപ്രമാണം.)

ബ്രൂഷ്വാ സിദ്ധാന്തങ്ങളിൽ മുഴുകിയ ജനാധിപത്യസോഷ്യലിസത്തിൻെറ നേതാക്കന്മാക്ക് ''ഭരണവുമായി'' ബഹുജനാഭിപ്രായത്തെ ഉപദേശകഭാവത്തിൽ കവിഞ്ഞു ബന്ധപ്പെടുത്തുന്നതിലും സത്യസന്ധവും, നിഷ്പക്ഷവും, കായ്യക്ഷമവും വ്യയഹേതുകമല്ലാത്തതുമായ ഉദ്യോഗസ്ഥവാഴ്ചയിലും, പബ്ലിക്ക് സർവ്വീസ്കമ്മീഷൻെറ ശുപാർശയനുസരിച്ചുള്ള ജഡ്ജിമാരുടെ നിയമനത്തിലും, കവിഞ്ഞു ചിന്തിക്കാൻ കഴിയാത്തതു അത്ഭുതമല്ല. (നിലവിലുള്ള ഭരണഘടനയനുസരിച്ച് ഇന്ത്യൻ ഫെഡറേഷൻ പ്രസിഡണ്ടാണ് പബ്ലിക്ക് സർവ്വീസ്കമ്മീഷനെ നിയമിക്കേണ്ടതെന്നും സ്മരിക്കേണ്ടതാണ്.)

സമ്പൂണ്ണജനാധിപത്യത്തെപ്പററിയുള്ള അവരുടെ സങ്കല്പമാണിതു്! ജനാധിപത്യസോഷ്യലിസത്തിൻെറ പട്ടക്കൂടിന്നു ഇത്തരം ജനാധിപത്യം മതിയെന്നാണവരുടെ പക്ഷം.

നിയമസഭകളിൽ ഭൂരിപക്ഷം സോഷ്യലിസ്റ്റ്പാർട്ടിക്കു കിട്ടത്തക്കവണ്ണം വോട്ടുചെയ്യുക മാത്രമാണ് ജനങ്ങളുടെ കടമ. ഭരണവുമായി ജനാഭിപ്രായത്തെ ബന്ധപ്പെടുത്തുന്നതിന്നും, സത്യസന്ധതയും നിഷ്പക്ഷതയും നിറഞ്ഞ ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതിന്നും, അഴിമതിവിരുദ്ധ അതോറിട്ടി സ്ഥാപിക്കുന്നതിന്നും, ജനാധിപത്യസോഷ്യലിസത്തിൻെറ യുഗം കൈവരു

ളുന്നതിന്നും വേണ്ട നടപടികറം സോഷ്യലിസ്റ്റ്മന്ത്രിമാർ അവലംബിച്ചുകൊള്ളും.

ഘടനയിൽ മാററം വരുത്താനുള്ള നിർദ്ദേശം ഉറംക്കൊള്ളുന്ന ഒരു ഖണ്ഡികകൂടി ഉദ്ധരിച്ചുകൊള്ളട്ടെ !

"ഉദ്യോഗസ്ഥദുഷ്പ്രഭുത്വത്തിന്നുള്ള ഏററവും നല്ല പരിഹാരമാർഗ്ഗം എക്സിക്യൂട്ടീവുമായി എല്ലാ ലവലിലും പൊതുജനാഭിപ്രായത്തെ ഉപദേശകസ്വഭാവത്തിൽ പങ്കെടുപ്പിക്കലാണ്. ഉപദേശം തിരസ്കരിക്കപ്പെടുകയാണെങ്കിൽ അതിന്നുള്ള കാരണം അങ്ങിനെ ചെയ്യുന്ന ഉദ്യോഗസ്ഥൻ തൻെറ മേലധികാരിയെ അറിയിക്കേണ്ടതാണ്."

തിരഞ്ഞെടുത്ത പ്രതിനിധികറം ഉദ്യോഗസ്ഥന്മാരെ ഉപദേശിച്ചുകൊണ്ടിരിക്കമാത്രം ചെയ്യും. ആ ഉപദേശം തള്ളിക്കളഞ്ഞു തല്ക്കാലത്തേക്കെങ്കിലും തന്നിഷ്ടംപോലെ പ്രവൎത്തിക്കാൻ ഉദ്യോഗസ്ഥന്മാൎക്കധികാരമുണ്ട്. തള്ളിക്കളഞ്ഞതിൻെറ കാരണം മേലുദ്യോഗസ്ഥന്മാരെ അറിയിച്ചാൽ മാത്രം മതി. ഉദ്യോഗസ്ഥദുഷ്പ്രഭുത്വം ഒരു സ്ഥാപനമെന്നനിലയിൽ കേടുപാടുകൂടാതെ തുടരും. ജനാധിപത്യത്തിൻെറ ഈ സങ്കല്പത്തെ കമ്യൂണിസ്റ്റ്പാൎട്ടിയുടെ തിരഞ്ഞെടുപ്പുവിജ്ഞാപനത്തിൽ പറയുന്ന ജനാധിപത്യത്തിൻെറ സങ്കല്പവുമായി തട്ടിച്ചുനോക്കുക:—

"........ജനകീയജനാധിപത്യഗവൎമ്മെണ്ടു എല്ലാററിലുമുപരിയായി സാമാന്യജനങ്ങളുടെ ഗവൎമ്മെണ്ടായിരിക്കും; അതു ചുരുക്കം ചില ധനികന്മാരുടെ ഗവൎമ്മെണ്ടായിരിക്കുകയില്ല. അതിനാൽ അതിൻെറ ഘടനതന്നെ ജനങ്ങറംക്കു കാൎയ്യക്ഷമമായ ഭരണം സ്വയം നടത്തിക്കത്തക്ക തരത്തിലുള്ളതായിരിക്കും. ഇന്നത്തെ ഭരണത്തിനെതിരായി പോരാടുകയും, അതിനെ അവസാനിപ്പിക്കയുംചെയ്യുന്ന ജനകീയ ഐക്യത്തിൻെറ സമരസംഘടനകറംതന്നെ പുതിയ ഭരണത്തിൻെറ അടിസ്ഥാനമായിത്തീരും.

"ബ്രിട്ടീഷുകാർ ഇവിടെ പടച്ചുവെച്ച. കൊള്ളയും ചൂഷണവും അടങ്ങിയ വ്യവസ്ഥിതി അരക്കിട്ടു സൂക്ഷിക്കണമെന്നു കോൺഗ്രസ്സ് ആഗ്രഹിക്കുന്നതുകൊണ്ടാണ് അതു ബ്രിട്ടീഷുകാരെപ്പോലെതന്നെ ഉദ്യോഗസ്ഥമേധാവികളുടെയും പൊലീസി

ന്റെയും ഭരണം ഇവിടെ തുടൎന്നുപോകുന്നതു്. ഒരു ജനകീയ ജനാധിപത്യഗവൎമ്മെണ്ടു ഇന്നത്തെ ഭരണകൂടത്തിന്റെ നിലവിലിരിക്കുന്ന ഭരണഘടനതന്നെ നിശ്ശേഷം പൊളിച്ചുതള്ളും. അതോടെ ഉദ്യോഗസ്ഥമേധാവികളുടെയും, പൊലീസ്സിന്റെയും തേർവാഴ്ച അവസാനിക്കുകയും ചെയ്യും.

ജനകീയജനാധിപത്യഭരണകൂടത്തിന്റെ എല്ലാം ഘടകങ്ങളേയും അടിമുതൽ മുടിവരെ ജനങ്ങൾ തിരഞ്ഞെടുത്തതായിരിക്കും. തങ്ങളുടെ വിശ്വാസത്തെ വഞ്ചിക്കുന്ന ഏതു പ്രതിനിധിയേയും തിരിച്ചുവിളിക്കാൻ ജനങ്ങൾക്കധികാരമുണ്ടായിരിക്കും

ഭരണകൂടത്തിന്റെ എല്ലാ അധികാരങ്ങളും ഈ ഘടകങ്ങളിലായിരിക്കും നിക്ഷിപ്തമായിരിക്കുന്നതു്. മുകളിൽനിന്നും കെട്ടിവെയ്ക്കുന്ന ഉദ്യോഗസ്ഥന്മാർ ഉണ്ടായിരിക്കുകയില്ല. ജനങ്ങളുടെ തലയ്ക്കുമുകളിൽ അവരോടു ഉത്തരവാദിത്വമില്ലാത്ത, അവൎക്കു മാററാനാവാത്ത, ഒരു പൊലീസുസൈന്യം ഉണ്ടായിരിക്കുകയില്ല. അങ്ങേ അററംതൊട്ടു ഇങ്ങേ അററംവരെയുള്ള എല്ലാ ഉദ്യോഗസ്ഥന്മാരെയും ജനങ്ങൾ തിരഞ്ഞെടുക്കുന്നതായിരിക്കും. അവൎക്കു ജനങ്ങളോടുത്തരവാദിത്വവും, ജനങ്ങൾക്കു അവരെ മാററാനുള്ള അധികാരവുമുണ്ടായിരിക്കും. അവരുടെ ശമ്പളങ്ങൾ നിശ്ചയിക്കുന്നതും ജനങ്ങൾതന്നെയായിരിക്കും. ഇന്നത്തെ പൊലീസുസേനയുടെ സ്ഥാനത്തു, ജനങ്ങൾതന്നെ അവരുടെ ഭരണസമിതികളിലൂടെ തിരഞ്ഞെടുത്തു നയിച്ചു നിയന്ത്രിക്കുന്ന ഒരു പീപ്പിൾസ്‌മിലിഷ്യയേ അവരോധിക്കും.

ഈ ഭരണസമിതികൾ ബഹുജനങ്ങളുടെ സഹകരണത്തോടുകൂടി നികുതികൾ പിരിക്കുകയും, പ്രധാനമായും ധനികരിൽനിന്നു ജനകീയതാല്പര്യങ്ങൾക്കനുസരണമായി അതിനെ ചിലവഴിക്കുകയും ചെയ്യും. ഭൂവിതരണപരിപാടി നീതിപൂൎവ്വകമായി നടപ്പിലാക്കുന്നതിനു് ഈ സമിതികൾക്കു ഉത്തരവാദിത്വമുണ്ടായിരിക്കും. ഉല്പാദനവർദ്ധനവും ശരിയായ വിതരണവും സംഘടിപ്പിക്കുക, താമസസൌകര്യങ്ങൾ ശരിയായി പങ്കിട്ടുകൊടുക്കുക, പുതിയ വീടുകൾ പണിയുന്നതിനാവശ്യമായ ഭൂമിയും സാധനങ്ങളും ഏറെറടുക്കുക, അഭയാൎത്ഥികളെ അധിനിവാസം ചെയ്യിക്കുക, നിരക്ഷരത്വത്തെയും രോഗങ്ങളെയും ഉന്മൂലനം ചെയ്യി

ക്കുക, ന്യൂനപക്ഷങ്ങളെ സംരക്ഷിക്കുക, ജന ശത്രുക്കളെ അമർച്ച വരുത്തുക, അഴിമതികളും കൊള്ളരുതായ്മകളും ഇല്ലായ്മചെയ്യുക— ഇവക്കുള്ള പരിപാടികളെല്ലാം ഈ ഭരണസമിതികളുടെ അധികാരസീമയിൽ പെട്ടതാണ്.

പ്രാദേശികഭരണസമിതികളെ അടിസ്ഥാനമാക്കിയുള്ള ഒരു ഗവർമ്മെണ്ടു ജനങ്ങൾക്കുവേണ്ടി നിലകൊള്ളുന്ന ഒരു ഗവർമ്മെണ്ടായിരിക്കും; കാരണം, ആ ഗവർമ്മെണ്ടു ജനങ്ങളുടെ ഗവർമ്മെണ്ടായിരിക്കുമെന്നുള്ളതുതന്നെ. അത്തരമൊരു ഗവർമ്മെണ്ടു പേടിസ്വപ്നങ്ങളിൽ കഴിയേണ്ടിവരികയില്ല. പട്ടാളം, പൊലീസ്, ഉദ്യോഗസ്ഥമേധാവിത്വം, എന്നിവക്കുവേണ്ടി ഇന്നു ചിലവഴിക്കുന്ന വൻതുകകൾ വെട്ടിക്കുറച്ചു അവയെ നാട്ടുകാരുടെ ജീവിതസ്ഥിതി അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി തിരിച്ചുവിടാൻ ആ ഗവർമ്മെണ്ടിനു സാധിക്കും.

വലിയ വാഗ്ദാനങ്ങളുമായി കമ്മ്യൂണിസ്റ്റ്പാർട്ടി നാട്ടുകാരുടെ മുമ്പിൽ വരികയല്ല ചെയ്യുന്നതു്. പാർട്ടിയെ അധികാരത്തിലെത്തിച്ചാൽ അതു നടപ്പിലാക്കുന്ന പ്ലാനുകളുടെ വിവരണങ്ങളും, നാട്ടുകാർ പാർട്ടിക്കുവേണ്ടി വോട്ടുചെയ്താൽ അതു പ്രയോഗത്തിൽ കൊണ്ടുവരാനുദ്ദേശിക്കുന്ന വമ്പിച്ച സ്കീമുകളുടെ വർണ്ണനകളുമല്ല അതു ബഹുജനസമക്ഷം വെയ്ക്കാനുദ്ദേശിക്കുന്നതു്. കമ്മ്യൂണിസ്റ്റ്പാർട്ടി നാട്ടുകാരോടു പറയുന്നതു അവക്കു അവരുടെ ദുരിതത്തിനും, അപമാനത്തിനും ഒരറുതിവരുത്തണമെന്നുണ്ടെങ്കിൽ, അവക്കും അവരുടെ കുഞ്ഞുങ്ങൾക്കും ഒരു നല്ല ജീവിതം പണിതുണ്ടാക്കണമെന്നുണ്ടെങ്കിൽ അവർതന്നെ അവരുടേതായ ഒരു ഗവർമ്മെണ്ടു സ്ഥാപിക്കണമെന്നാകുന്നു; ജനങ്ങൾതന്നെ അധികാരം അവരുടെ സ്വന്തം കൈകളിലേക്കെടുക്കണമെന്നാകുന്നു.'' (ഇന്ത്യൻ കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ തിരഞ്ഞെടുപ്പ് വിജ്ഞാപനം—പേജ് 18-20)

ഈ രണ്ടുതരം ജനാധിപത്യങ്ങളും തമ്മിലുള്ള വ്യത്യാസങ്ങളിൽത്തന്നെ രണ്ടു ലോകങ്ങൾ തമ്മിൽ — ചൂഷകന്മാരുടെ ലോകവും, സ്വതന്ത്രന്മാരുടെ ലോകവും തമ്മിലുള്ള വ്യത്യാസങ്ങളും നമുക്കു കാണാൻ കഴിയും. രൂപഭദ്രന്മാരുടെ ജനാധിപത്യവും, യഥാർത്ഥ ജനാധിപത്യവും തമ്മിലുള്ള വ്യത്യാസമിതാണ്.

അത്തരം യഥാർത്ഥ ജനാധിപത്യം എങ്ങിനെയാണ് നില വിൽവരിക? ബഹുജനസമരങ്ങളിൽക്കൂടി, നിയമസഭകൾക്ക കത്തെ സമരങ്ങളാൽ സഹായിക്കപ്പെടുന്ന ബഹുജനസമരങ്ങ ളിൽക്കൂടിയാണ് അതു നിലവിൽവരേണ്ടതു്. "ഇന്നത്തെ ഭരണ ത്തിനെതിരായി പോരാടുകയും അതിനെ അവസാനിപ്പിക്കയും ചെയ്യുന്ന ജനകീയ ഐക്യത്തിൻെറ സമരസംഘടനകൾതന്നെ പുതിയ ഭരണത്തിൻെറ അടിസ്ഥാനമായിത്തീരും". അതുകൊ ണ്ടാണ് യോജിച്ച ബഹുജനസംഘടനകൾ പടുത്തുയർത്തുകയും, ബഹുജനസമരങ്ങൾ വളർത്തുകയും ചെയ്യുകയെന്ന കടമക്കു് ക മ്യൂണിസ്റ്റ്പാർട്ടി പരമമായ പ്രാധാന്യം കല്പിക്കുന്നതു്.

അത്തരം ജനാധിപത്യം നിലവിൽവരികയൊ, തുടരു കയൊ ഇല്ലെന്നാണ് സോഷ്യലിസ്റ്റ്നേതൃത്വം നമ്മോടു പറയു ന്നതു്. അവർക്കു എത്രതന്നെ അധിക്ഷേപിച്ചിട്ടും മതിവരാത്ത ആ രാജ്യത്തെപ്പററിയുള്ള ഈ വിവരണം അവരൊന്നു വായിച്ചു നോക്കട്ടെ! :—

"ഓരോ ഗ്രാമത്തിനും, ഓരോ കരയ്ക്കും, ഓരോ നഗരത്തി നും, ഓരോ ഡിസ്ട്രിക്ടിനും, ഓരോ പ്രദേശത്തിനും, ദേശത്തിനും അതിൻേറതായ സോവിയററുണ്ടു്.

സാറിസ്റ്റ്റഷ്യയിലുണ്ടായിരുന്നതും ഇന്നു ബൂർഷ്വാരാജ്യങ്ങ ളിൽ നിലവിലുള്ളതുമായ പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങ ളിൽനിന്നു തുലോം വിഭിന്നമാണ് പ്രാദേശികസോവിയററുകൾ. ഭരണകൂടത്തിൻെറ അധികാരങ്ങൾ ആ ബൂർഷ്വാ പ്രാദേശികസ്വ യംഭരണസ്ഥാപനങ്ങളിൽ നിക്ഷേപിക്കപ്പെട്ടിട്ടില്ല; ഗവർമ്മെ ണ്ടു നിയമിക്കുന്ന ഉദ്യോഗസ്ഥന്മാരിലാണ് ഭരണാധികാരം നി ക്ഷേപിച്ചിരുന്നതു്; ഇന്നും നിക്ഷേപിച്ചിരിക്കുന്നതു്.

അദ്ധ്വാനിക്കുന്ന ജനങ്ങളുടെ പ്രതിനിധികൾ അടങ്ങിയ റീജിയനൽ സോവിയററുമുതൽ ഗ്രാമസോവിയററുവരെയുള്ള പ്രാദേശികസോവിയററുകൾ സ്റ്റാലിൻ ഭരണഘടനയനുസരിച്ച ഭരണാധികാരത്തിൻെറ അടിസ്ഥാനഘടകങ്ങളാണ്. പ്രാദേശി കസോവിയററുകൾ അവയുടെ അധികാരാതിർത്തിയിലുള്ളപ്രദേശ ത്തിൻെറ രാഷ്ട്രീയവും, സാംസ്കാരികവും, സാമ്പത്തികവുമായ വികസനത്തെ നയിക്കയും, ബജററുകൾ തയ്യാറാക്കുകയും, ആ

പ്രദേശത്തെ സമാധാനപാലനത്തിൻെറ ചുമതലവഹിക്കയും, നിയമങ്ങറം നടപ്പാക്കുകയും, പൌരജനങ്ങളുടെ അവകാശങ്ങറം സംരക്ഷിക്കയും, ദേശരക്ഷക്കുള്ള രാജ്യത്തിൻെറ കഴിവു വർദ്ധിപ്പിക്കയുംചെയ്യുന്നു. അവയുടെ തിരഞ്ഞെടുക്കപ്പെട്ട എക്സിക്യൂട്ടീവ് കമ്മിററികറം തിരഞ്ഞെടുത്ത ഘടകങ്ങളോടു ഉത്തരവാദിത്വമുള്ളവരായി വർത്തിക്കേണ്ടതുമാണു്. വിദ്യാഭ്യാസം, പൊതുജനാരോഗ്യം, പ്രാദേശികവ്യവസായങ്ങറം, വാണിജ്യം, സാമൂഹ്യസംരക്ഷണം തുടങ്ങിയ വിവിധ ഭരണവിഷയങ്ങളെ വകുപ്പുകളായി വിഭജിച്ചു ഓരോരുത്തർ ചുമതലയേററു നടത്തുന്നു.

അദ്ധ്വാനിക്കുന്ന ജനങ്ങറം തിരഞ്ഞെടുത്ത പ്രതിനിധികളുടേതായ സോവിയററുകറം, അവരുടെ പ്രവർത്തനത്തിൽ സഹായിക്കുന്നതിനായി സ്റ്റാൻഡിംഗ് കമ്മിററികളെ തിരഞ്ഞെടുക്കുന്നു. സോവിയററുകളെ ജനങ്ങളുമായും, സമ്മതിദായകന്മാരുമായും ഉററബന്ധത്തിൽവെക്കുന്നതും, ഭരണകൂടത്തിൻെറ ഭരണകാര്യത്തിൽ ബഹുജനങ്ങളെക്കൂടി പങ്കാളികളാക്കുന്നതും ഈ സ്റ്റാൻഡിംഗ് കമ്മിററികളാണു്. (യു. എസ്സ്. എസ്സ്. ആറിൻെറ സാമൂഹ്യവും ഭരണപരവുമായ ഘടന. പേജ് 34–35)

സോവിയററുകറം ഭരണകൂടത്തിൻെറ അധികാരംവഹിക്കുന്ന ഘടകങ്ങളാണു്. ഭരണകൂടശക്തിയുടെ പ്രവർത്തനങ്ങളിൽ ബഹുജനങ്ങളെ ബന്ധപ്പെടുത്തുക മാത്രമല്ല അവരെ അതിനുവേണ്ടി അണിനിരത്തുകയാണ് സോവിയററുകറം ചെയ്യുന്നതു്. ബഹുജനങ്ങളെ ഭരണകാര്യവുമായി ബന്ധപ്പെടുത്തുകയും ആ ചുമതല നിർവ്വഹിക്കുന്നതിന്നു അണിനിരത്തുകയും എന്നു പറയുമ്പോഴുള്ള വ്യത്യാസം ബൂർഷ്വാജനാധിപത്യവും, സോവിയററജനാധിപത്യവും തമ്മിലുണ്ടു്.

പിന്നീടു "സോവിയററുകോടതിയുടെ പ്രത്യേകസവിശേഷതകളെന്തൊക്കെയാണു്? ഒരു സോവിററുകോടതിയിൽ കേസ്സുകറം വിസ്തരിക്കുന്നതെങ്ങിനെയാണു്?"

എല്ലാ ജഡ്ജിമാരെയും സ്ഥാനത്തുനിന്നും മാററാമെന്ന വ്യവസ്ഥയിന്മേൽ തിരഞ്ഞെടുക്കണമെന്ന തത്വമാണ് സ്റ്റാലിൻ ഭരണഘടന അംഗീകരിച്ചിരിക്കുന്നതു്.

എല്ലാം സോവിയററുപൌരന്മാക്കും വോട്ടവകാശവും, ജുഡീഷ്യറിയിൽ സ്ഥാനംനേടാനുള്ള അഹതയുമുണ്ടു്! അതാതു ഡിസ്ത്രിക്ടിലെ പൌരന്മാർ, സാവ്വത്രികവും, തുല്യവും, നേരിട്ടും, രഹസ്യബാലട്ടനുസരിച്ചും ചെയ്യുന്ന വോട്ടിൻെറ അടിസ്ഥാനത്തിൽ മൂന്നു വഷക്കാലത്തേയ്ക്കു ജനകീയകോടതിയിലെ ജഡ്ജിമാരെ തിരഞ്ഞെടുക്കണമെന്നാണു് സ്റ്റാലിൻഭരണഘടന വ്യവസ്ഥചെയ്യുന്നതു്. കായ്യക്ഷമതയുടെ കുറവിൻെറപേരിൽ അത്തരമൊരു ജഡ്ജിയെ തിരിച്ചുവിളിക്കുന്നതിനും മററൊരാളെ തിരഞ്ഞെടുക്കുന്നതിനുമുള്ള അധികാരം സമ്മതിദായകന്മാക്കുണ്ടു്. തങ്ങളുടെ സ്വന്തം പ്രവൎത്തികാംക്കും കോടതിപ്രവൎത്തനങ്ങാംക്കും ജനകീയകോടതിജഡ്ജിമാർ തങ്ങളെ തിരഞ്ഞെടുത്തവരോടു ഉത്തരംപറയണം. (മുകളിൽപറഞ്ഞ ഗ്രന്ഥം പേജ് 106)

സോവിയററുയൂനിയനിലെ ജനാധിപത്യത്തിൻെറ സ്വഭാവമിതാണു്. സർവ്വജ്ഞന്മാരായ സോഷ്യലിസ്റ്റു് നേതാക്കാം ഇതൊക്കെ വെറും പ്രചരണമാണെന്നു പറഞ്ഞേയ്ക്കും. ഇംഗ്ലണ്ടിലെ ലേബർപാർട്ടിയുടെ താത്വികനേതാക്കളായ സിഡ്നിയും ബിയാട്രീസ്‌വെബ്ബും ചെന്നു സോവിയററുയൂനിയൻ സന്ദർശിച്ചു സ്ഥിതിഗതികാം നേരിട്ടുകണ്ടു എഴുതിയ "സോവിയററു കമ്മ്യൂണിസം" എന്ന പ്രസിദ്ധ ഗ്രന്ഥത്തിൽ പറയുന്നതെന്തെന്നു അവരെ ഒന്നു ഓർമ്മിപ്പിച്ചുകൊള്ളട്ടെ!

ഗ്രാമസോവിയററുകളെപ്പററി അവർ പറയുന്നു:—

"നിയമങ്ങാം അനുസരിക്കേണ്ടതിൻെറയും, കടമകാം നിർവ്വഹിക്കേണ്ടതിൻെറയും ആവശ്യകത ജനങ്ങളെ പഠിപ്പിക്കുകയും, മേൽനോട്ടം വഹിക്കയും ചെയ്യുന്ന ചുമതല ഗ്രാമീണസോവിയററുകാംക്കുണ്ടു്. ആ പ്രദേശത്തെ ഉല്പാദനത്തിൻെറയും വാണിജ്യത്തിൻെറയും മേൽനോട്ടം വഹിക്കുന്ന ചുമതലയും വില്ലേജ് സോവിയററിനുള്ളതാണു്. സോവിയററുകാം സംഘടിപ്പിക്കയും, നിയന്ത്രിക്കയും, പൊതുമുതൽ ചിലവഴിച്ചു നടത്തുകയും ചെയ്യാത്ത കായ്യങ്ങാം—പൊതുനിരത്തുകളും ജലവിതരണവും നൃത്തശാലകളും ക്ലബ്ബ്മന്ദിരങ്ങളും മുതൽ സ്കൂളുകളും, സിനിമാശാലകളും ആശുപത്രികളുംവരെ—ആ ഗ്രാമത്തിൽ യാതൊന്നുംതന്നെയുണ്ടായിരിക്കയില്ല.

നമ്മുടെ ഇടവകയും, ഗ്രാമീണവുമായ കൌൺസിലുകൾക്ക നവദിച്ചിട്ടുള്ള പ്രവൎത്തനമണ്ഡലപരിമിതി അറിയുന്ന ബ്രിട്ടീഷുകാരനായ വായനക്കാരൻ റഷ്യൻ സ്റ്റെപ്പിപ്രദേശങ്ങളിലെയും സൈബീരിയൻ വനങ്ങളിലെയും പ്രാദേശികഭരണസിമിതികൾ നിൎവ്വഹിക്കുന്ന ചുമതലകളുടെയും നീണ്ട പട്ടിക കണ്ടാൻ അത്ഭുതപ്പെട്ടുപോകും. അതു അൎത്ഥമില്ലാത്തതാണെന്നു കരുതാനും മതി. ഈ സെലോ സോവിയററ (ഗ്രാമീണ സോവിയററ പരമാധികാരയുക്തമാണെന്നും തന്മൂലം എന്തെങ്കിലും നടപ്പാക്കുന്നതിനു മുമ്പു അതിനു് യാതൊരു മേലധികാരിയുടെയും അനുവാദം ആവശ്യമില്ലെന്നും അറിയുമ്പോൾ കൂടുതൽ അത്ഭുതപ്പെടാനുമിടയുണ്ടു്.

വെബ്ബ്ദമ്പതികൾ തുടരുന്നു: "ഇതിൻെറ അൎത്ഥം സോവിയററ ഗവൎമ്മെണ്ടിനു കക്ഷികളെ ഭയമാണെന്നോ, അവൎക്കു ജനകീയ ജനാധിപത്യത്തെപ്പററി വിശ്വാസമില്ലെന്നോ അല്ല."

ഗ്രാമസോവിയററിൻെറ തീരുമാനത്തെ വീറേറാ ചെയ്യാനുള്ള അധികാരം യാതൊരുദ്യോഗസ്ഥനുമില്ല. അതുപോലെതന്നെ തിരഞ്ഞെടുക്കപ്പെട്ട ഒരു ഉയൎന്ന സോവിയററിനോ, തിരഞ്ഞെടുക്കപ്പെട്ട എക്സിക്യൂട്ടീവിനോ മാത്രമാണു് ആ അധികാരമുള്ളതെന്നും ഗ്രന്ഥകൎത്താക്കൾ പറയുന്നു.

അവർ വീണ്ടും പറയുന്നു:—"ഗ്രാമീണ സോവിയററുകൾ പ്രാദേശിക പ്രാധാന്യമുള്ള വിഷയങ്ങൾ മാത്രം കൈകാൎയ്യം ചെയ്യുന്നതുകൊണ്ടു സോവിയററുഗവൎമ്മെണ്ടു തൃപ്തിപ്പെടുന്നില്ല; അനേകം ഗ്രാമങ്ങളും പട്ടണങ്ങളുംകൂടി ചേൎന്ന റേയൻെറ പ്രശ്നങ്ങളും, സംസ്ഥാന (ഓബ്ലാസ്റ്റ്)ങ്ങളുടെ പ്രശ്നങ്ങളും, സോവിയററുയൂനിയൻെറ പൊതുപ്രശ്നങ്ങളും സെലോ സോവിയററുകൾ കൈകാൎയ്യം ചെയ്യണമെന്നാണു് സോവിയററുഗവമ്മെണ്ടു പുറപ്പെടുവിച്ച ഈയിടെയുള്ള ഉത്തരവുകളിൽ പറയുന്നതു്."

സംസ്ഥാനിക നിയമസഭകൾ കേന്ദ്രവിഷയങ്ങളെപ്പററി ചൎച്ച ചെയ്യാൻ പാടില്ലെന്നു ഇന്ത്യയിൽ നിബ്ബന്ധിക്കുമ്പോൾ സോവിയററുയൂനിയനിലെ ഗ്രാമീണ സഭകൾക്കു അത്തരം ചൎച്ചകൾക്കു അനുവാദം നൽകാതിരിക്കുകയല്ല, സോവിയററുയൂനി

യൻെറ പൊതുപ്രശ്നങ്ങാംകൂടി അവ ചച്ച് ചെയ്യണമെന്നു നിബ്ബ് ന്ധിക്കയൊണു ചെയ്യുന്നതു്.

മുതലാളിത്ത രാജ്യങ്ങളിലെ ജനാധിപത്യവും, സോഷ്യലിസ്റ്റ്പാർട്ടി നേതാക്കന്മാർ "കമ്മ്യൂണിസ്റ്റ്സർവ്വാധിപത്യ"മെന്നു പറഞ്ഞധിക്ഷേപിക്കുന്ന സോവിയററയൂനിയനിലെ ജനാധിപത്യവും തമ്മിലുള്ള വ്യത്യാസമിത്തരമാണു്.

ശ്രീ: അശോകമേത്തയും, ജയപ്രകാശ്നാരായണനും കമ്മ്യൂണിസ്റ്റ്കാക്കു ജനങ്ങളെ വിശ്വാസമില്ലെന്നും തങ്ങാംക്കു ജനങ്ങളെ വിശ്വാസമുണ്ടെന്നും, പ്രഖ്യാപിക്കാറുണ്ടു്. രാജ്യഭരണപ്രവത്തനങ്ങളിൽ ജനങ്ങളെ ബന്ധപ്പെടുത്തുന്നതിൽ കവിഞ്ഞു—സാധാരണ ജനങ്ങാംക്കു അതിൽ കവിഞ്ഞൊന്നുംവേണ്ടാ—അങ്ങോട്ടു പോകാൻ സോഷ്യലിസ്റ്റ്നേതാക്കന്മാർ തയ്യാറില്ലാത്തതുതന്നെ അവരുടെ ബഹുജനവിശ്വാസത്തിൻെറ അളവുകോലാണു്. അതേ അവസരത്തിൽ ഭരണം മുഴുവനും പബ്ലിക്സവ്വീസുകമ്മീഷൻ നിയമിക്കുന്ന ഉദ്യോഗസ്ഥ മേല്പ്പ്രഭുക്കാംക്കു വിട്ടുകൊടുക്കണമെന്നാണു് ജനങ്ങളെ അങ്ങേ അററം വിശ്വസിക്കുന്ന സോഷ്യലിസ്റ്റ്നേതൃത്വം പോകുന്നതു്. രാജ്യഭരണത്തിനു് ബഹുജനങ്ങളെ അണിനിരത്തുന്നതിനെപ്പററി അവർക്കു വലിയ ഭയമാണു്. സാധാരണക്കാർ ഭരണകൂടത്തെ തകത്തു അരാജകത്വം സൃഷ്ടിച്ചുകളയുമെന്നാണു് ഭയം. എല്ലാം കഴിഞ്ഞു നോക്കുമ്പോാം ഭരണം ഒരു വിദഗ്ദ്ധത്തൊഴിലായിരിക്കണമെന്നു മാത്രമാണവരുടെ നിബ്ബന്ധം.

പിന്നോക്കംനില്ക്കുന്ന, സാമ്പത്തികമായി തകർന്നുകിടന്നിരുന്ന ഒരു രാജ്യത്തെ രണ്ടു ദശാബ്ദങ്ങാംക്കുള്ളിൽ ലോകത്തിലെ രണ്ടാമത്തെ വ്യവസായികരാജ്യമായുയത്തുകയും, എല്ലാ മണ്ഡലങ്ങളിലും ഒരുപോലെ പുരോഗതി കൈവരുത്തുകയുംചെയ്തു—ലോകത്തെമുഴുവൻ അത്ഭുതാദരവികാരവായ്പിൽ ആഴ്ത്തിയ—സോവിയററ്അത്ഭുതകർമ്മത്തിൻെറ അർത്ഥം, സോവിയററജനാധിപത്യത്തിൻെറ സ്വഭാവം ഗ്രഹിക്കാതെ മനസ്സിലാക്കുക സാദ്ധ്യമല്ല. ആ വാക്കിൻെറ പൂണ്ണവും, സമ്മത്വവും, ഇന്ദ്രിയഗോചരവും ജീവൽപ്രധാനവുമായ അത്ഥത്തിൽ സോവിയററജനാധിപത്യം, സാധാരണക്കാരായ ജനങ്ങാം നടത്തുന്ന ഭരണമാണു്. ജനാധി

പത്യസോഷ്യലിസമെന്ന തൻെറ ഗ്രന്ഥത്തിൽ "ലോകചരിത്രത്തിലേക്ക് സത്വരഗതിയിലുള്ള വളച്ച്"യാണ് സോവിയററു യൂനിയനിൽ കൈവരുത്തിയിട്ടുള്ളതെന്നു സമ്മതിച്ചതിന്നുശേഷം ആ നേട്ടത്തിൻെറ കാരണം സ്റ്റാലിൻെറ നിഷ്ഠൂരത്വമാണെന്നു ശ്രീ. അശോകമേത്ത പറയുന്നു. നിഷ്ഠൂരമായ ഒരു സർവ്വാധിപത്യത്തിൻകീഴിൽ ജനങ്ങളെ അമർത്തിവെയ്ക്കാൻ കഴിഞ്ഞേക്കും. ഏററവും ചുരുങ്ങിയ കാലത്തിന്നിടയ്ക്കു, അത്രയും വിപുലമായ തോതിൽ അങ്ങേഅററം സങ്കീർണ്ണമായ ക്രിയാത്മകപ്രവർത്തനത്തിന്ന് അവരുടെ സഹകരണം നേടുവാൻ അങ്ങിനെ സാദ്ധ്യമല്ല. കണ്ണുള്ളവർക്കും ബുദ്ധിയുള്ളവർക്കും ഇതു നിഷേധിക്കാനാവില്ല.

നാമെല്ലാം നോക്കിയിരിക്കുമ്പോൾതന്നെ ദുർബ്ബലവും തകർക്കപ്പെട്ടതും അസംഘടിതസാമ്പത്തികക്രമത്തോടുകൂടിയതുമായ ചൈന, അഴിമതിയുടെ വേരറുത്തുകളഞ്ഞും, ക്രിയാത്മകപ്രവർത്തനങ്ങൾക്കുവേണ്ടി, ബഹുജനശക്തികളെ കെട്ടഴിച്ചുവിട്ടുംകൊണ്ടു ഒരു ലോകമഹാശക്തിയായുയർന്ന മഹാത്ഭുതസംഭവം നടന്നിരിക്കുന്നു. പഴയ തരത്തിൽ സൽഭരണവും ദുർഭരണവും തമ്മിലുള്ള വിവേചനവുമായാണ് ചൈനയിൽ നടന്ന പരിവർത്തനത്തെപ്പററി ഒരാൾ പഠിക്കാൻ ശ്രമിക്കുന്നതെങ്കിൽ പരാജയപ്പെടുകയേ ഉള്ളു. ചൈനയുടെ പൊതു പരിപാടി ആർട്ടിക്കിൾ 12 ഭരണകൂടത്തിൻെറ അധികാരസ്വഭാവത്തെ നിർവ്വചിച്ചിരിക്കുന്നതു നോക്കുക:—

"ചൈനീസു ജനകീയ റിപ്പബ്ലിക്കിലെ ഭരണകൂടശക്തി ജനങ്ങളിൽ നിക്ഷേപിക്കപ്പെട്ടിരിക്കയാണ്. പീപ്പിൾസു കോൺഗ്രസ്സിൻെറ എല്ലാ ലവലുകളും, ജനകീയ ഗവർമ്മെണ്ടിൻെറ എല്ലാ ലവലുകളും ഭരണകൂടത്തിൻെറ ശക്തി ജനങ്ങൾ കൈകാര്യം ചെയ്യുന്നതിന്നുള്ള ഘടകങ്ങളാണ്."

ഈയിടെ ചൈന സന്ദർശിച്ചിട്ടുള്ള മിസ്സിസ്സ് വിജയലക്ഷ്മി പണ്ഡിററും ആചാര്യനരേന്ദ്രദേവുമുൾപ്പടെ എല്ലാവരും—ഇവരാരുംതന്നെ കമ്മ്യൂണിസ്റ്റുകാരോ സഹയാത്രികരോ ആണെന്നു ശ്രീ: അശോകമേത്തയ്ക്കു പറയുക സാദ്ധ്യമല്ലല്ലോ—ജനാധിപത്യത്തെപ്പററി തങ്ങളുടെ വീക്ഷണഗതി എന്തുതന്നെയായാലും, ജനങ്ങൾ ഗവർമ്മെണ്ടിനെ തങ്ങളുടെ സ്വന്തം ഗവർമ്മെണ്ടായി

തന്നെ കാണുന്നുണ്ടെന്നു തീർത്തുപറഞ്ഞിട്ടുണ്ട്. ഇരുപതുലക്ഷം ജനങ്ങൾ ഹ്വൈനദിയിലെ അണ നിർമ്മിക്കുന്നതിനു് ആത്മാർത്ഥമായി സഹകരിച്ചതിനെപ്പററി മിസ്സിസ്സ് പണ്ഡിററു വർണ്ണിക്കയുണ്ടായി.

ചൈനയിലെ ജനങ്ങൾ ഇന്നത്തെ ഗവർമ്മെണ്ടിനെ തങ്ങളുടെ സ്വന്തമായി കാണുന്നതിനു് കാരണമെന്താണ്? കാര്യക്ഷമമായ ഭരണവും നിഷ്പക്ഷമായ ജുഡീഷ്യറിയും, നല്ല നയങ്ങളും മാത്രമാണോ ജനങ്ങൾ ഗവർമ്മെണ്ടിനെ തങ്ങളുടേതായി കാണുന്നതിനുള്ള കാരണം?

അല്ല. ജനകീയ ജനാധിപത്യ ഗവർമ്മെണ്ടിനെ ജനങ്ങൾ തങ്ങളുടെ സ്വന്തം ഗവർമ്മെണ്ടായി കാണുന്നതിനു കാരണം അവർതന്നെയാണ് അതു നടത്തിക്കൊണ്ടുപോകുന്നതെന്നുള്ളതാണു്. തികഞ്ഞ ജനാധിപത്യരാജ്യങ്ങളെന്നു സോഷ്യലിസ്റ്റ് നേതാക്കന്മാർ പറയുന്ന രാജ്യങ്ങളിൽ കാണുന്ന മാതിരി ജനങ്ങളെയും ഗവർമ്മെണ്ടിനെയും വേർതിരിച്ചു കാണുന്ന ഏർപ്പാടു അവിടെ അവസാനിച്ചുവരികയാണു്. തൊഴിലാളികളും, കൃഷിക്കാരും, ഇടത്തരക്കാരും ദേശീയമുതലാളിമാരും ക്രമേണ ഗവർമ്മെണ്ടായി തീരുകയാണു്; സാമ്രാജ്യത്വശക്തികൾക്കും നാടുവാഴികൾക്കും അവരുടെ ഏജണ്ടന്മാർക്കും എതിരായി സമരം ചെയ്യുന്ന ദേശീയ ഐക്യത്തിൻെറയും ദേശീയ പുനർനിർമ്മാണത്തിൻെറയും ഒരു ഗവർമ്മേണ്ടായി അതു രൂപമെടുക്കുന്നതായിട്ടാണു് അവിടെ കാണുന്നതു്.

ജനാധിപത്യവ്യവസ്ഥയിലെ അടിസ്ഥാനപ്രശ്നം ആർ വോട്ടുചെയ്യുന്നുവെന്നുള്ളതല്ല, ഭരണകൂടത്തിൻെറ അധികാരം ആർ കൈകാര്യം ചെയ്യുന്നു എന്നുള്ളതാണു്. ചൈനയിൽ "പീപ്പിൾസ് കോൺഗ്രസ്സിൻെറ എല്ലാ ലവലുകളും ജനകീയ ഗവർമ്മേണ്ടിൻെറ എല്ലാ ലവലുകളും ഭരണകൂടത്തിൻെറ അധികാരം ജനങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ഘടകങ്ങളാണു്."

കൂടാതെ, ഭരണകൂടത്തിൻെറ വിവിധ ലവലുകളിലുള്ള എല്ലാ ഘടകങ്ങളുടെയും ഉദ്യോഗസ്ഥന്മാരുടെയും ചുമതല നിർവ്വഹണത്തിൻെറ മേൽനോട്ടം വഹിക്കുന്നതിനും ചുമതലകൾ ശരിക്കു നിർവ്വഹിക്കാതിരിക്കയും നിയമത്തെ ലംഘിക്കുകയും

ചെയ്യുന്ന ഉദ്യോഗസ്ഥന്മാരെയും ഭരണഘടകങ്ങളെയും ശിക്ഷിക്കുന്നതിന്നുംവേണ്ടി ജനകീയഗവർമ്മെണ്ടിൻെറ കൌൺസിലിൻെറയും മുനിസിപ്പാലിട്ടിയുടേയുംലവല്യകളിൽ ജനങ്ങളുടേതായ പരിശോധകസമിതികൾ രൂപവൽക്കരിക്കുന്നതാണ്.

(ആർട്ടിക്കിൾ 19.)

എക്സിക്യൂട്ടീവിനെ രൂപവൽക്കരിച്ചതിനു ശേഷവും ജനങ്ങളുടെ കടമകളും അവകാശങ്ങളും അവസാനിക്കുന്നില്ല. തങ്ങൾ നിയമിച്ച എക്സിക്യൂട്ടീവിൻെറയും, മററുദ്യോഗസ്ഥന്മാരുടേയും പ്രവൎത്തനങ്ങളുടെ മേൽനോട്ടം വഹിക്കയും, ക്രമക്കേടുകൾക്കും കൃത്യവിലോപങ്ങൾക്കും ചുമതലപ്പെട്ടവരെ ശിക്ഷിക്കയുംചെയ്യുന്നതിന് ജനങ്ങൾ തങ്ങളുടെ പ്രതിനിധികളെ ഗ്രാമാടിസ്ഥാനത്തിൽതൊട്ടു മേൽപ്പോട്ടു തിരഞ്ഞെടുക്കുന്നു.

"കുറേയൊക്കെ ജനാധിപത്യമുള്ള" ഇന്ത്യയിലെ ഒരു ഡിസ്ത്രിക്ട് ബോർഡോ, "കരതീന്ന ജനാധിപത്യം വിളയുന്ന" ബ്രിട്ടനിലെ ഒരു തദ്ദേശീയ സ്വയംഭരണസ്ഥാപനമോ, ഒരു ഡിസ്ത്രിക്ട് മജിസ്ത്രേട്ടിൻെറയോ, ഒരു പൊലീസുസൂപ്രണ്ടിൻെറയോ പ്രവൎത്തനങ്ങളുടെ മേൽനോട്ടം വഹിക്കാനോ, 145-ാംവകുപ്പു പ്രഖ്യാപിക്കുന്നതിനെതിരായി അവരെ ഉപദേശിക്കാനോ ശ്രമിച്ചാലത്തെ അനുഭവമെന്തായിരിക്കും? ഒരു ഗ്രാമപഞ്ചായത്തു ആ ഗ്രാമത്തിൽ ഭരണകൂടത്തിൻെറ അധികാരം നടത്താനോ, എന്താണ് ചെയ്യേണ്ടതെന്നു് ഒരു പൊലീസുകാരനെ ഉപദേശിക്കാനോ ഒന്നു ശ്രമിച്ചുനോക്കട്ടെ! ജനാധിപത്യപരമായി തിരഞ്ഞെടുക്കപ്പെട്ട ഈ സമിതിയംഗങ്ങൾ വിദ്ധ്വംസകപ്രവൎത്തനങ്ങളിലേൎപ്പെട്ടെന്ന കുററംചുമത്തി ജയിലിലടയ്ക്കപ്പെട്ടില്ലെങ്കിൽ അവരുടെ നല്ലകാലമെന്നു പറയണം.

യഥാൎത്ഥ ജനാധിപത്യവും, ഔപചാരികജനാധിപത്യവും തമ്മിലുള്ള വ്യത്യാസമിതാണ്.

മേല്പറഞ്ഞ രാജ്യങ്ങളിലെല്ലാംതന്നെ "ഏകകക്ഷിസർവ്വാധിപത്യ"മാണുള്ളതെന്നു ജനാധിപത്യസോഷ്യലിസ്റ്റുകൾ പറഞ്ഞേക്കും. ഗ്രാമീണസമിതികൾ മുതൽ മേല്പോട്ടു തിരഞ്ഞെടുക്കപ്പെടുന്ന സമിതികളുടെ അധികാരമെന്തുതന്നെയായാലും, ശരി, അവിടെയെങ്ങും ജനാധിപത്യത്തിൻെറ കണികപോലുമില്ലെന്നു അവർ വാദിക്കും.

ഒന്നാമതായി ഈ ആരോപണം നുണയാണ്. വാസ്തവമല്ല. ചൈനയിൽതന്നെ, രാജ്യത്തെ വീണ്ടും പടുത്തുയർത്തുകയെന്ന പൊതുകടമ നിർവ്വഹിക്കുന്നതിൽ സഹകരിക്കുന്ന അനാവധി പാർട്ടികളുണ്ട്. ചൈനയിൽ "കമ്യൂണിസ്റ്റ്സർവ്വാധിപത്യ"മാണുള്ളതെന്ന ആരോപണത്തെ ആചാര്യനരേന്ദ്രദേവ്തന്നെ നിഷേധിച്ചിട്ടുണ്ട്.

ജനകീയജനാധിപത്യരാജ്യങ്ങളിൽ "ഗവർമ്മെണ്ടിനെതിരായ പാർട്ടികൾക്കു പ്രവർത്തനസ്വാതന്ത്ര്യമില്ലെന്നു പറയുന്നതു് ശരിയാണ്. സ്റ്റേററിൻെറ സ്വഭാവംതന്നെ എന്തുകൊണ്ടാണതെന്നും, എന്തുകൊണ്ടു അങ്ങിനെയിരിക്കണമെന്നും വ്യക്തമാക്കുന്നുണ്ടു്. ജനങ്ങളിൽനിന്നും വ്യത്യസ്തമായി, ജനങ്ങൾക്കെതിരായി, ജനങ്ങളിൽനിന്നും സ്വതന്ത്രമായി യാതൊന്നുംതന്നെയില്ലാത്ത ഗവർമ്മെണ്ടാണതു്. ജന്മിമാരോ കരിഞ്ചന്തക്കാരോ വ്യവസായക്കുത്തകകളോ അല്ല, വെറും സാധാരണക്കാരായ ജനങ്ങളാണ് രാജ്യത്തിൻെറ ഉടമകളായിത്തീരുക. പഴയ വ്യവസ്ഥ പുനഃസ്ഥാപിക്കാൻ നാടുവാഴി–സാമ്രാജ്യത്വശക്തികളുടെയും അവരുടെ ഏജണ്ടുമാരുടെയും തകർത്തുകളഞ്ഞ ഭരണം പുനഃസ്ഥാപിക്കാൻ ജനങ്ങൾ പിടിച്ചുപററിയ അധികാരം നശിപ്പിച്ചു ഉദ്യോഗസ്ഥദുഷ്പ്രഭുക്കളുടെ പ്രത്യേകാവകാശങ്ങൾ സ്ഥാപിക്കാൻ ശ്രമിക്കുന്ന പാർട്ടിയ്ക്കു മാത്രമേ ആ രാജ്യങ്ങളിൽ ഗവർമ്മെണ്ടിനെ എതിർക്കേണ്ടതായിട്ടുള്ളു. അത്തരം പാർട്ടികൾക്കു പ്രവർത്തനസ്വാതന്ത്ര്യം നൽകാവുന്നതുമല്ല.

വർഗ്ഗസംഘട്ടനങ്ങൾ അവസാനിക്കയും, ലോകത്തു നിലവിൽവന്നിട്ടുള്ളതിലും ഉയർന്നതരം ജനാധിപത്യം സ്ഥാപിക്കയുംചെയ്തിട്ടുള്ള സോവിയററയൂനിയനിൽ, കമ്യൂണിസ്റ്റ്പാർട്ടിയൊഴിച്ചു മററു പാർട്ടികളില്ലാത്തതിനെപ്പററി സ്റ്റാലിൻതന്നെ വിശദീകരിച്ചിട്ടുള്ളതിങ്ങിനെയാണ്:

"വിവിധ രാഷ്ട്രീയകക്ഷികളുടെ സ്വാതന്ത്ര്യത്തെപ്പററി ഞങ്ങൾക്കു അല്പം ഭിന്നമായ വീക്ഷണഗതിയാണുള്ളതു്. ഒരു പാർട്ടി ഒരു വർഗ്ഗത്തിൻെറ മുന്നണിവിഭാഗമാണ്. ധാരാളം പാർട്ടികളും അവയ്ക്കെല്ലാം പ്രവർത്തനസ്വാതന്ത്ര്യവും മുതലാളിമാരും തൊഴിലാളികളും, ജന്മിമാരും കൃഷിക്കാരും കുലാക്കുകളും,

സംഘം കൃഷിക്കാരും എന്നിങ്ങനെ ഒരിക്കലും സന്ധിചെയ്യാൻ വയ്യാത്ത പരസ്പരസംഘട്ടനത്തിലേർപ്പെട്ടിരിക്കുന്ന വിഭിന്നവർഗ്ഗങ്ങൾ ഉള്ള ഒരു സമുദായത്തിൽ മാത്രമേ ഉണ്ടായിരിക്കയുള്ളു. കൃഷിക്കാരും തൊഴിലാളികളും എന്ന രണ്ടു വർഗ്ഗങ്ങൾ മാത്രമാണ് സോവിയററ്യൂനിയനിലുള്ളത്. അവരുടെ താല്പര്യങ്ങൾ പരസ്പരവിരുദ്ധമല്ലെന്നു മാത്രമല്ല, പരസ്പര സൌഹാർദ്ദപരമാണെതാനും. അതുകൊണ്ടുതന്നെ സോവിയററ്യൂനിയനിൽ വിവിധ പാർട്ടികളുടെ നിലനില്പിനു കാരണമില്ല. വിവിധ പാർട്ടികളുടെ പ്രവർത്തനസ്വാതന്ത്ര്യത്തിൻെറ പ്രശ്നവുമുദിക്കുന്നില്ല. തൊഴിലാളികളുടെയും കൃഷിക്കാരുടെയും താല്പര്യങ്ങൾ ധീരമായി കാത്തുസൂക്ഷിക്കുന്ന കമ്യൂണിസ്റ്റ്പാർട്ടി മാത്രമാണ്. അതുകൊണ്ടു സോവിയററ്യൂനിയനിലുള്ളത്. ഈ വർഗ്ഗങ്ങളുടെ താല്പര്യങ്ങളെ കമ്യൂണിസ്റ്റ്പാർട്ടി വേണ്ടപോലെ കാത്തുരക്ഷിക്കുന്നുണ്ടെന്നുള്ളതു സംശയാതീതമായി തെളിയിക്കപ്പെട്ടിട്ടുമുണ്ട്." (സ്റ്റാലിൻെറ "ലെനിനിസത്തിൻെറ പ്രശ്നങ്ങൾ" പേജ് 57)

വർഗ്ഗസമരമെന്ന വാക്കു അർത്ഥശൂന്യമാണെന്നും, വർഗ്ഗങ്ങൾ എന്നൊരു വകതന്നെയില്ലെന്നും, പാർട്ടികൾ, ശൂന്യമായ ആശയങ്ങളുടെ മൂർത്തീഭാവമാണ്, വർഗ്ഗസമരത്തിൻെറ ഉപകരണങ്ങളല്ല എന്നും വിശ്വസിക്കുന്നവരൊഴിച്ചുള്ള സകലമാനപേർക്കും, സ്റ്റാലിൻെറ വാക്കുകളുടെ അർത്ഥം മനസ്സിലാക്കാൻ വിഷമമുണ്ടാവില്ല.

## 5. ഇന്ത്യൻഭരണകൂടം ഒരു വർഗ്ഗഭരണകൂടമാണോ?

ജനാധിപത്യമെന്ന വാക്കുകൊണ്ട് സോഷ്യലിസ്റ്റ് നേതാക്കന്മാർ എന്താണർത്ഥമാക്കുന്നതെന്നു നാം പരിശോധിക്കുകയുണ്ടായി. ജനാധിപത്യത്തെപ്പററിയുള്ള അവരുടെ സങ്കല്പവുമായി, ബൂർഷ്വാരാഷ്ട്രങ്ങളോടു പൊതുവേയും ഇന്ത്യൻ രാഷ്ട്രത്തോടു പ്രത്യേകിച്ചും ഉള്ള അവരുടെ മനോഭാവത്തിനു ഉററ ബന്ധമാണുള്ളത്.

ഭരണകൂടത്തെ രാജ്യവുമായി വേർതിരിച്ചുകാണാൻ കഴിയാത്ത അവർ ഭരണകൂടത്തോടുള്ള ഭക്തിവിശ്വാസങ്ങളെ തങ്ങളുടെ മൌലികപ്രമാണങ്ങളുമായംഗീകരിച്ചിരിക്കയാണ്. മാർക്സി

ൻെറയും ലെനിൻെറയും സിദ്ധാന്തങ്ങളേയും ചരിത്രം നിരത്തിവെക്കുന്ന പാഠങ്ങളേയും അവജ്ഞയോടുകൂടി തിരസ്കരിച്ചതിനുശേഷം അവർ പ്രഖ്യാപിക്കുന്നതു, ഭരണകൂടം വർഗ്ഗസമരത്തിൻെറ ആയുധമല്ല—തങ്ങളെ എതിർക്കുന്ന വർഗ്ഗങ്ങളെ അടിച്ചമർത്തുന്നതിനു് ചില നിർദ്ദിഷ്ടവർഗ്ഗങ്ങളുടെ കൈകളിൽ ത്രസിക്കുന്ന ആയുധമല്ല—എന്നാണു്. സോവിയററയൂനിയനിലും ജനാധിപത്യചൈനയിലും ജനാധിപത്യമില്ലാത്തതിൽ അവർ പരിദേവനം നടത്തുകയും, ആ രാജ്യങ്ങളോടു തുലനംചെയ്യുമ്പോഠം ഇന്ത്യയിൽ വേണ്ടത്ര ജനാധിപത്യമുണ്ടെന്നു സാക്ഷിപറയുകയുമാണു് അവർ ചെയ്യുന്നതു്.

"മെച്ചപ്പെട്ട ജനാധിപത്യമുള്ള" ഈ രാജ്യത്തു് ഉദ്യോഗസ്ഥന്മാരും, പട്ടാളവും, പൊലീസും കൈവശംവെച്ചനുഭവിക്കുന്ന അധികാരങ്ങഠം എന്തൊക്കെയാണെന്നു നാം പരിശോധിച്ചുകഴിഞ്ഞതാണു്. പൊലീസിനും, പട്ടാളത്തിനും, ഉദ്യോഗസ്ഥലോകത്തിനും വേണ്ടി ആണ്ടുതോറും നമ്മുടെ ഗവർമ്മെണ്ടു ചിലവഴിക്കുന്ന ഭീമമായ തുക എത്രയാണെന്നും നമുക്കറിയാം. ആരുടെ താല്പര്യങ്ങഠംക്കുവേണ്ടിയാണു് ഈ ശക്തികഠം വിനിയോഗിക്കപ്പെടുന്നതു്?

അലംഘ്യവും പരിപാവനവുമായി ഇന്ത്യൻ ഭരണഘടന പ്രഖ്യാപിച്ചിട്ടുള്ള ഒററ അവകാശം സ്വകാര്യസ്വത്തുടമാവകാശമാണു്. നഷ്ടപരിഹാരം നൽകാതെ സ്റ്റേററിനു, വിദേശികളുടെയോ നാടന്മാരുടെതോ ആയ യാതൊരു സ്വത്തും പിടിച്ചെടുക്കാനവകാശമില്ലെന്നു് വ്യവസ്ഥചെയ്തിരിക്കുന്നു. അടുത്ത ഭാവിയിലെങ്ങും ഇന്ത്യയിലെ വിദേശനിക്ഷേപങ്ങഠം ദേശീയവല്ക്കരിക്കില്ലെന്നും, അവയ്ക്കെതിരായി വിവേചനം കാണിക്കയില്ലെന്നും, അവരുടെ ലാഭം വിദേശങ്ങളിലേക്കു കയററുമതിചെയ്യാൻ വിദേശമുതലാളിമാരെ അനുവദിക്കുമെന്നും ഗവമ്മെണ്ടു് വ്യക്തമാക്കിയിട്ടുണ്ടു്. മുമ്പെന്നപോലെ നമ്മുടെ സാമ്പത്തികജീവിതക്രമത്തിൽ ഇന്നും ബ്രിട്ടീഷാധിപത്യം അനുവദിച്ചിരിക്കുന്നു. അമേരിക്കൻമൂലധനം ഫലപ്രദമായി ഇന്നു നുഴഞ്ഞുകയറിക്കൊണ്ടിരിക്കയാണു്. കഴിഞ്ഞവഷം വിദേശമൂലധനസ്ഥാപനങ്ങഠംക്കുണ്ടായ 38 കോടി രൂപയുടെ ലാഭത്തിൽ 31 കോടിയും കയററുമതി ചെയ്യാൻ അനുവദിക്കുകയുണ്ടായി.

രാജ്യത്തിൽ തങ്ങളുടെ ആധിപത്യം തുടരുന്നതിനും, ജനങ്ങളെ ഇത്ര നഗ്നമായ രീതിയിൽ കൊള്ളയടിക്കുന്നതിനും അനുവദിക്കുന്ന രാഷ്ട്രം ഒരു ഭിന്നവർഗ്ഗരാഷ്ട്രമല്ലത്രേ! വിദേശനിക്ഷിപ്തതാല്പര്യങ്ങളുടെ ലാഭത്തെയും മുതലിനെയും ആ ഭരണകൂടം സംരക്ഷിക്കുകയല്ലേ ചെയ്യുന്നതു്?

ശ്രീ. അശോകമേത്ത കണക്കാക്കിയിട്ടുള്ളതനുസരിച്ചു തന്നെ ഇന്ത്യയിലെ രണ്ടു ലക്ഷമാളുകളുടെ (മൊത്തം ജനസംഖ്യയുടെ 1|1750) പ്രതിവർഷാദായം 500 കോടി രൂപ (ഇന്ത്യയുടെ ദേശീയവരുമാനത്തിന്റെ 1|16 ആണു്. ഇവരുടെ കൂട്ടത്തിൽ വൻകിട ധനികന്മാരായ രാജാക്കന്മാരും, കോടീശ്വരന്മാരായ മൂലധനക്കുത്തകകളുമുണ്ടു്. അതിൽ 20 പേർ വൻകിടവ്യവസായ സ്ഥാപനങ്ങളുടെ 800 ഡയരക്ടർസ്ഥാനം വഹിക്കുന്നു.

ഈ സ്ഥിതിഗതികൾ തുടരാൻ സൌകര്യംനൽകുന്ന ഭരണഘടന നിർമ്മിക്കയും സ്വത്തുടമവർഗ്ഗത്തിന്റെ പാവനതാല്പര്യങ്ങൾ ഭീഷണിക്കു വിധേയമാകുമ്പോഴൊക്കെ, മുഴുവൻ അധികാരശക്തിയും വിനിയോഗിച്ചു കൈകടത്തുകയും ചെയ്യുന്ന ഒരു ഭരണകൂടം വർഗ്ഗഭരണകൂടമല്ലത്രേ! ജന്മിമാരെയും മൂലധനക്കുത്തകകളെയും അവരുടെ അവകാശങ്ങളേയും സംരക്ഷിക്കാൻ ഉററു നോക്കിക്കൊണ്ടിരിക്കയല്ലേ ഈ ഭരണകൂടം ചെയ്യുന്നതു്?

നാട്ടിലെ ക്ഷാമവും പട്ടിണിയും അവസാനിപ്പിക്കാൻ, ജന്മിത്തം അവസാനിപ്പിക്കയും, ഭൂമി സൌജന്യമായി കർഷകനും കർഷകത്തൊഴിലാളിക്കും നൽകാതെ സാദ്ധ്യമല്ലെന്നു ഇന്നു എല്ലാവരും സമ്മതിച്ചിട്ടുള്ളതാണു്. ഒരു ഭരണകൂടത്തിന്റെ ഭരണഘടനതന്നെ അതിനു് അനുവദിക്കാത്തതാണെങ്കിൽ ആ ഭരണകൂടം ഒരു പ്രത്യേകവർഗ്ഗത്തിന്റേതല്ലെന്നു പറയാമോ?

സ്റ്റേററുകളെപ്പററിയുള്ള മാർക്സിയൻ നിഗമനം പഴഞ്ചനാണെന്നും, ഭരണകൂടം "ക്രിയാത്മകമോ" നിഷേധാത്മകമോ (അശോകമേത്ത) അല്ലെങ്കിൽ "ജനാധിപത്യമോ" "സർവ്വാധിപത്യപരമോ" മാത്രമാണെന്നും സോഷ്യലിസ്റ്റ് നേതാക്കന്മാർ ഇന്നു വാദിക്കുന്നുണ്ടു്. ബൂർഷ്വാസിയുടെയും സാമ്രാജ്യവാദികളുടെയും ഭരണകൂടങ്ങൾ ഒരു വശത്തും, തൊഴിലാളിവർഗ്ഗത്തിന്റെയും, ജനകീയ ജനാധിപത്യത്തിന്റെയും ഭരണകൂടങ്ങൾ

മദ്ധ്യവശത്തുമായല്ലത്രേ നിലകൊള്ളുന്നതു്! ഏതെല്ലാം സ്ഥാപനങ്ങളെയും, ഏതു വ്യവസ്ഥിതിയേയും, ആരുടെ അവകാശങ്ങളെയും, അധികാരങ്ങളെയും ആണ് ബൂർഷ്വാരാജ്യങ്ങളിലെയും ഇന്ത്യയിലെയും ഭരണകൂടത്തിൻെറ അധികാരശക്തി സംരക്ഷിക്കുന്നതു എന്ന മൌലികപ്രശ്നം അവർ ഒരിക്കലും ഉന്നയിക്കുന്നില്ല. ആരുടെ താല്പര്യങ്ങൾക്കുവേണ്ടിയാണ് അധികാരത്തിൻെറ ഘടകങ്ങൾ — പൊലീസും പട്ടാളവും ഉദ്യോഗസ്ഥവലയവും, മുൻ ചൊന്നപോലെ "സ്വാതന്ത്ര്യ"ത്തിൻേറതായ കഴിഞ്ഞ അഞ്ചു കൊല്ലക്കാലവും വർത്തിച്ചിട്ടുള്ളതു്? ഈ ചോദ്യം അവരൊന്നു ചോദിച്ചിരുന്നെങ്കിൽ, തെലിങ്കാനാ, ആന്ധ്ര, മലബാർ, കൽക്കട്ടാ, കൂച്ചുബിഹാർ, ത്രിപുര, ബാലിയാ ഉടങ്ങിയ സ്ഥലങ്ങളിൽ എന്താണ് വാസ്തവത്തിൽ സംഭവിച്ചതെന്നു മനസ്സിലാക്കാൻ അവർ ശ്രമിച്ചിരുന്നെങ്കിൽ, ഇന്ത്യയിലെ ഭരണകൂടശക്തിക്കു വർഗ്ഗസ്വഭാവമുണ്ടോ ഇല്ലയോ എന്നവക്കു അറിയുവാൻ കഴിയുമായിരുന്നു.

മുതലാളിവർഗ്ഗത്തിൻെറഭരണകൂടം പൊളിച്ചുനീക്കണമെന്ന സുപ്രസിദ്ധമായ മാർക്സിൻെറ സിദ്ധാന്തത്തെയും, ഭരണകൂടത്തെപ്പററിയുള്ള മാർക്സിസ്റ്റ്സിദ്ധാന്തങ്ങളെയും എത്രതന്നെ കളിയാക്കിയിട്ടും അവർക്കു തൃപ്തിവരുന്നില്ല. നിലവിലുള്ള ഭരണകൂടത്തെ തകൎക്കൽ അവരുടെ ദൃഷ്ടിയിൽ രാജ്യത്തെതന്നെ തകൎക്കലും, സമുദായത്തെ തകർക്കലുമാണ്.

ബ്രിട്ടീഷ് മൂലധനം കണ്ടുകെട്ടലും, ഭൂമി കൃഷിക്കാരന്നു കൊടുക്കലും, ഭരണകൂടത്തിൻെറ അധികാരശക്തി ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്ന ഘടകങ്ങളിൽ നിക്ഷേപിക്കലും, സമ്പൂർണ്ണസ്വാതന്ത്ര്യത്തിൻെറയും സമ്പൂർണ്ണജനാധിപത്യത്തിൻെറയും അവശ്യോപാധികളാണ് എന്നു് അവർ സ്മരിക്കുന്നതേയില്ല. അങ്ങനെ ചെയ്യുന്നതുകൊണ്ടു രാജ്യം തകർക്കപ്പെടുന്നില്ല. നേരേമറിച്ചു രാജ്യത്തിൻെറ പുനർജ്ജീവനത്തിനുള്ള പരിതഃസ്ഥിതികൾ സൃഷ്ടിക്കയാണ് ചെയ്യുന്നതു്. അതിൻെറ അൎത്ഥം വ്യവസ്ഥയില്ലായ്മയെന്നും, വിനാശമെന്നുമല്ല; നേരെ മറിച്ചു്, യഥാൎത്ഥ സമാധാനം കൈവരുത്തലെന്നാണ്. കൂട്ടത്തോടെയുള്ള ചൂഷണത്തിൻെറ അടിസ്ഥാനത്തിൽ ലാത്തി

യും ബയണററും കാണിച്ച സംരക്ഷിക്കുന്ന വഞ്ചനാപരമായ സമാധാനമല്ല അതു്; ദേശീയ സാമ്പത്തികക്രമത്തെ തകർക്കുകയല്ല അതിൻെറ ഉദ്ദേശം. നേരെമറിച്ച് ജനങ്ങളെ ഒന്നടക്കം, അവരുടെ തിരഞ്ഞെടുക്കപ്പെട്ട ഘടകങ്ങളിൽക്കൂടി, സാമ്രാജ്യത്വത്തിൽനിന്നും ചൂഷണത്തിൽനിന്നും വിമുക്തമായ, കരിഞ്ചന്തയും അഴിമതിയുമില്ലാത്ത, ഒരു നൂതനസാമ്പത്തികക്രമത്തിൻെറ നിർമ്മാണത്തിനു് അണിനിരത്തുകയെന്നതാണ് അതിൻെറ ഉദ്ദേശം. രാജ്യരക്ഷയെ ദുർബ്ബലപ്പെടുത്തുകയെന്നല്ല അതിൻെറ അർത്ഥം. നേരെമറിച്ച് യഥാർത്ഥ ജനകീയസേന പടുത്തുണ്ടാക്കിയും, സുശക്തമായ വ്യവസായങ്ങൾ വളർത്തിയും, രാജ്യരക്ഷയെ ശക്തിപ്പെടുത്തലാണ് തന്മൂലം ഉദ്ദേശിക്കുന്നതു്. ഒരു രാജ്യത്തിൻെറ യഥാർത്ഥശക്തിയുടെ അടിസ്ഥാനം ജനകീയസേനയും, വ്യവസായശക്തിയുമാണെന്നുള്ളതിനു വിശദീകരണമാവശ്യമില്ല.

## 6. സോഷ്യലിസവും പ്രായോഗികാദർശവാദവും

സോഷ്യലിസ്റ്റ് നേതാക്കന്മാരുടെ ജനാധിപത്യമെന്തെന്നു് നാം കണ്ടുകഴിഞ്ഞു. അവരുടെ സോഷ്യലിസമെന്തെന്നുകൂടി നമുക്കൊന്നു നോക്കാം.

ഈ പ്രശ്നത്തെപ്പററി സോഷ്യലിസ്റ്റ് പാർട്ടി നേതാക്കന്മാർ വ്യക്തമായ തങ്ങളുടെ അഭിപ്രായം ഇതുവരെയും പറഞ്ഞുകഴിഞ്ഞിട്ടില്ല. സോഷ്യലിസമെന്ന വാക്കുകൊണ്ടു എന്താണ് അർത്ഥമാക്കുന്നതെന്നു്, 'സോവിയററയൂണിയനോടു ഒരുവശത്തും, ലേബർപാർട്ടിഭരണത്തിൻകീഴിലുള്ള ബ്രിട്ടനോടു മറുവശത്തുമായി അവർ പുലർത്തുന്ന മനോഭാവത്തിൽനിന്നു ഏറെക്കുറേ ഊഹിക്കാൻ കഴിയും.

സോവിയററയൂണിയനോടുള്ള അവരുടെ മനോഭാവമെന്തെന്നു് നമുക്കൊക്കെ അറിയാം. ലേബർഗവണ്മെൻറിൻകീഴിലുള്ള ബ്രിട്ടനോടുള്ള അവരുടെ മനോഭാവമെന്തായിരുന്നു? വിദേശനയത്തെപ്പററിയുള്ള തൻെറ റിപ്പോർട്ടിൽ ലോഹിയ പറയുന്നു:—

"യൂറോപ്യൻ സോഷ്യലിസം കരുത്തേറിയ പ്രായോഗികാദർശവാദം നേടിക്കഴിഞ്ഞിരിക്കുന്നു. അതിന് അധികാരത്തിൽ വരാൻ കഴിഞ്ഞിട്ടുള്ള രാജ്യങ്ങളിൽ (ബ്രിട്ടനെ ലോഹിയ ഉൾക്കൂട്ടത്തിൽ കാണുന്നുണ്ട്) ജനങ്ങളുടെ ജീവിതനിലവാരത്തെയും, സാമൂഹ്യരക്ഷയേയും പററിയാണ് ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നതു. അവരുടെ ജനങ്ങൾക്കു അവർ പഴങ്ങളും പാലും മററും ഉൾപ്പടെ മെച്ചപ്പെട്ട ഭക്ഷണം നൽകുകയും, ക്രമേണ അവരുടെ ആരോഗ്യവും ഭവനസൌകര്യങ്ങളും വർദ്ധിപ്പിക്കയുമാണ്."

മദ്രാസ് സമ്മേളനത്തിൽ ശ്രീ. ജയപ്രകാശ് സമർപ്പിച്ച റിപ്പോർട്ടിൽ അററ്ലിയുടെ ഗവണ്മെൻറിനെ "സോഷ്യലിസ്റ്റ് ഗവണ്മെ"ൻറായിട്ടാണ് വർണ്ണിച്ചതു്. ബ്രിട്ടനിൽ നടക്കുന്നതെന്തെന്ന് ഒരുപക്ഷേ ശ്രീ. ലോഹിയയെക്കാറം നന്നായറിയാവുന്ന ശ്രീ. അശോകമേത്ത, അററ്ലിയുടെ ഗവണ്മെൻറിനെ പാടിപ്പുകഴ്ത്തുകമാത്രമല്ല ബ്രിട്ടീഷ് ജനങ്ങളുടെ ചുമലിൽ ഭാരം വർദ്ധിപ്പിക്കുന്ന അതിൻെറ സാമ്പത്തികനയത്തെ പിന്താങ്ങുകയുമാണ് ചെയ്തതു്.

"സ്വന്തം ജനങ്ങളോടു അവർ പല സുഖങ്ങളും ത്യജിക്കാനും, കഷ്ടതകറം സഹിക്കാനും പറയുന്നതിനു മടിക്കാഞ്ഞ സർസ്റ്റാഫോർഡ്ക്രിപ്സ് അഭിനന്ദനാർഹനാണ്. സുഖങ്ങറം പരിത്യജിച്ചു കഷ്ടതകറം ജനാധിപത്യപരമായി സ്വയംവരിക്കാൻ തയ്യാറായ ബ്രിട്ടീഷ്ജനതയെ എത്ര അഭിനന്ദിച്ചാലും പോരാ" (ജനാധിപത്യസോഷ്യലിസം പേജ് 127)

എന്നാൽ വാസ്തവമെന്താണ്? അമേരിക്കൻസാമ്രാജ്യത്വത്തിൻെറ അനുജ്ഞയനുസരിച്ചു ആയുധനിർമ്മാണപരിപാടി നടപ്പാക്കുന്നതിനും, മലയ തുടങ്ങിയ രാജ്യങ്ങളിലെ കോളനിയുദ്ധങ്ങറം നടത്തുന്നതിനുമായി ബ്രിട്ടീഷ്ജനങ്ങളെ ലേബർപാർട്ടി നേതൃത്വം പട്ടിണിയിടുകയാണുണ്ടായതു്; ഈ നയം നടപ്പാക്കി, 1951-ലെ തിരഞ്ഞെടുപ്പിൽ ചർച്ചിലിൻെറ വിജയത്തിനു വഴിയൊരുക്കിയതാണ് സ്റ്റാഫോർഡ്ക്രിപ്സിൻെറ ശാശ്വതമായ നേട്ടം. അത്തരമൊരു പാർട്ടിയേ മാതൃകയായി സ്വീകരിച്ചവരെന്നുള്ളതു് ശ്രീ. അശോകമേത്തയ്ക്കും കൂട്ടുകാർക്കും "ശാശ്വതയശ

സ്സിനു'' കാരണമാവാം. ബ്രിട്ടനിലെ ലേബർഗവർമ്മെണ്ടു അമേരിക്കൻ സാമ്രാജ്യത്വത്തിനു നാണമില്ലാതെ സ്വയം അടിമപ്പെടുത്തിക്കൊണ്ടുള്ള ഒരു നയം സ്വീകരിക്കയും, ഈജിപ്ത്, മലയ തുടങ്ങിയ കോളനി ജനങ്ങൾക്കെതിരായി മർദ്ദനം അഴിച്ചുവിടുകയുമാണ് ചെയ്തിരിക്കുന്നതെന്നു് പ്രസിദ്ധമാണ്. ബ്രിട്ടൻെറ അതിർത്തികൾക്കുള്ളിൽത്തന്നെ അതെന്താണു് ചെയ്തിരുന്നതു്. ദേശീയവല്ക്കരണത്തെപ്പററിയുള്ള വാഗ്ദാനംതന്നെ ലേബർകക്ഷി എത്രകണ്ടു നടപ്പാക്കി? മുൻപിലത്തേക്കാൾ എത്രകണ്ടു ഉയൎന്ന ഒരു പങ്കു, ഇംഗ്ലണ്ടിൻെറ ദേശീയവരുമാനത്തിൽനിന്നു സാധാരണക്കാരായ ജനങ്ങൾക്കു ലഭിച്ചു? ഈ ചോദ്യങ്ങൾക്കുള്ള മറുപടികൾ അതിപ്രധാനങ്ങളാണ്. ആ മറുപടികൾ, സോഷ്യലിസമെന്നുവെച്ചാൽ സോഷ്യലിസ്റ്റ് നേതാക്കൾ എന്താണർത്ഥമാക്കുന്നതെന്നു് വ്യക്തമാക്കും.

ബ്രിട്ടീഷ് ലേബർപാർട്ടി നടപ്പാക്കിയെന്നു വീമ്പിളക്കാറുള്ള ദേശീയവല്ക്കരണംതന്നെ, നിലവിലുള്ള മുതലാളിത്തഭരണകൂടം ഭീമമായ തുകകൾ നഷ്ടപരിഹാരമായി നൽകി ഏതാനും വ്യവസായങ്ങൾ ഏറെറടുത്തു എന്നുള്ളതിൽകവിഞ്ഞ ഒരു നടപടിയായിരുന്നില്ല. അത്തരം സോഷ്യലിസം, സോഷ്യലിസവുമായി വിദൂരബന്ധംപോലുമുണ്ടെന്നു ഭാവിക്കാത്തവരുടെ ഭരണം നടന്നിരുന്ന ബൂർഷ്വാഭരണകൂടങ്ങൾപോലും നടപ്പാക്കിയിട്ടുണ്ടു്. അത്തരം സോഷ്യലിസം ഇന്ത്യയിൽതന്നെ ചില സംസ്ഥാനഗവമ്മെണ്ടുകളും മുനിസിപ്പാലിററികളും നടപ്പാക്കിയിട്ടുണ്ടു്. ബിസ്മാർക്കുപോലും അത്തരം സോഷ്യലിസം നടപ്പാക്കിയ ആളാണ്. ഇത്രയും ചെയ്താൽ സോഷ്യലിസമാവുമെങ്കിൽ എംഗൽസ് പറയുന്നതുപോലെ ''മെറർനിക്കും നെപ്പോലിയനും സോഷ്യലിസത്തിൻെറ സ്ഥാപകന്മാരുടെ ഇടയിൽ സ്ഥാനം പിടിക്കും.''

ലേബർഗവർമ്മെണ്ടു അധികാരത്തിൽവന്നു ആറുവർഷങ്ങൾക്കു ശേഷവും, ലേബർപാർട്ടിനേതാക്കന്മാരുടെ കണക്കനുസരിച്ചുതന്നെ ബ്രിട്ടൻെറ ദേശീയവ്യവസായങ്ങളുടെ ആറിലൊന്നിൽ കവിഞ്ഞു ദേശീയവല്ക്കരിക്കാൻ കഴിഞ്ഞിരുന്നില്ല. ആൾശക്തിയുടെ അടിസ്ഥാനത്തിൽ പറഞ്ഞാൽ, ദേശീയവല്ക്കരിക്കപ്പെട്ട വ്യവസായങ്ങളിൽ 1951-ൽ പണിയെടുത്തിരുന്നവരു

ടെ സംഖ്യ 25 ലക്ഷമായിരുന്നു. വ്യവസായത്തിൽ പണിയെടു ത്തിരുന്നവരുടെ മൊത്തസംഖ്യ 210 ലക്ഷമായിരുന്നു. കല്ക്കരി, ട്രാൻസ്പോർട്ട്, ഗ്യാസ്, എലക്ട്രിസിററി എന്നീ വ്യവസാ യങ്ങളാണ് ദേശീയവല്ക്കരിക്കപ്പെട്ടതു്. "വമ്പിച്ച ലാഭംനേ ടിയിരുന്ന നിർമ്മാണവ്യവസായങ്ങളുടെ മേൽ കൈവെച്ചിരു ന്നില്ല." (ലേബർമന്ത്‌ലി ഒക്ടോബർ 1951)

ആറുവർഷംകൊണ്ടു നടപ്പാക്കിയ ദേശീയവൽക്കരണം ഇത്തരത്തിലുള്ളതായിരുന്നു. അതിന്റെ വൈപുല്യവും ഈ തര ത്തിലുള്ളതായിരുന്നു.

ബ്രിട്ടനിലെ ആറുവർഷക്കാലത്തെ സോഷ്യലിസം സ ധാരണജനങ്ങളുടെ ജീവിതനിലവാരത്തെ എങ്ങിനെ ബാധിച്ചു? അതു മൂലധനപ്രഭുക്കളെ ബാധിച്ചതെങ്ങിനെയാണ്?

"സുഖങ്ങൾ പരിത്യജിച്ചു കഷ്ടതകൾ ജനാധിപത്യപര മായി സ്വയം വരിക്കാൻ" ജനങ്ങളെ ഉപദേശിച്ച സ്റ്റാഫോർഡ് ക്രീപ്സിനെ ശ്രീ. അശോകമേത്ത പ്രശംസിക്കയുണ്ടായി. അ തിന്റെ ഭാരം ആരുടെ, ഏതു വർഗ്ഗത്തിന്റെ മേലാണ് കെട്ടി വെച്ചതെന്നു അദ്ദേഹം പറയുകയുണ്ടായില്ല. ഈ ചോദ്യത്തിനുള്ള മറുപടി ലേബർകക്ഷിനേതാക്കന്മാർതന്നെ നൽകിയിട്ടുണ്ട്.

ലേബർഗവമ്മെണ്ടിന്റെ യുദ്ധകാര്യമന്ത്രിയായിരുന്ന മി. സ്റ്റ്റാച്ചി 1951ൽ പ്രസിദ്ധീകരിച്ച ഒരു ലഘുലേഖയിൽ പറ യുന്നു:—

"നമുക്കെല്ലാം അറിയാവുന്നതുപോലെ ജീവിതച്ചിലവു ഒച്ചഹമാംവണ്ണം വർദ്ധിച്ചുവരികയായിരുന്നു. ജീവിതച്ചിലവു മാത്രമല്ല വർദ്ധിച്ചുവന്നതു്, ലാഭനിരക്കും വാണംപോലെ കയററി വരികയായിരുന്നു"

മി. സ്റ്റ്റാച്ചിയുടെ ലഘുലേഖയുടെ പേരു അന്വത്ഥമാം വണ്ണം "നീതിപുലരുന്ന സമുദായ"മെന്നായിരുന്നു!

"ജീവിതച്ചിലവു ഉയരുന്നു.......ലാഭവും വളരെ വേഗം ഉയരുന്നു? ലേബർഗവർമ്മെണ്ടിലെ ഒരു മന്ത്രിയുടെ ഈ പ്രസ്താ വനയെ മി. ലോഹ്യ വരച്ചുകാട്ടുന്ന ചിത്രവുമായി ഒന്നു തുലനം ചെയ്യേണ്ടതാണ്.

"അതു അധികാരത്തിൽവന്നിട്ടുള്ള രാജ്യങ്ങളിൽ ജനങ്ങളുടെ ജീവിതനിലവാരമാണു് അതിൻെറ പ്രധാന ലക്ഷ്യം." മാത്രമല്ല "ബ്രിട്ടനിലെ വരുമാനത്തോതുകൾ തമ്മിലുള്ള അന്തരം കുറച്ചുകൊണ്ടുവരികയും സാമൂഹ്യചലനാത്മകത്വം അങ്ങിനെ വൎദ്ധിപ്പിക്കയുമാണു്." (ജനാധിപത്യസോഷ്യലിസം പേജ് 177)

നാലുവർഷക്കാലത്തെ തൊഴിലാളികക്ഷി ഭരണത്തിനു ശേഷം ദേശീയവരുമാനം വിതരണംചെയ്തിരുന്നതു ഏതു തോതിലാണു്? ലേബർ റിസർച്ച് വകുപ്പിൽനിന്നും പ്രസിദ്ധീകരിച്ച താഴെക്കാണിക്കുന്ന സ്ഥിതിവിവരക്കണക്കു അതിനു മറുപടി നൽകും. (1950നു ശേഷമുള്ള കണക്കുകൾ തയ്യാറാക്കിയിട്ടില്ല. നികുതിപിരിവിനു ശേഷമുള്ള വരുമാനത്തിൻെറ വിഭജനം

| | 1944 | 1950 |
|---|---|---|
| കൂലി, പട്ടാളത്തിൻെറ ശമ്പളം | 47 | 43 |
| വാടക, പലിശ, ലാഭങ്ങൾ | 32 | 35 |

(ലേബർ മന്ത്‌ലി ഒക്ടോം: 1951)

ഈ പട്ടികതന്നെ വിവരം വെളിപ്പെടുത്തുന്നുണ്ടു്. 1946ൽ ചർച്ചിലിൻെറ നേതൃത്വത്തിലുള്ള ഒരു ഗവമ്മേണ്ടായിരുന്നു ഭരിച്ചിരുന്നതെന്നു വിസ്മരിച്ചുകളയരുതു്. ലേബർപാർട്ടി വരുത്തിത്തീർത്ത പരിവർത്തനം പട്ടിക വ്യക്തമാക്കുന്നുണ്ടു്. ലേബർഗവൎമ്മേണ്ടിൻെറ സ്വഭാവം തൺപ്പൻകണക്കുകളിൽ അതു വെളിക്കു കൊണ്ടുവരുന്നു. ലേബർപാർട്ടി ആരുടെ താല്പര്യങ്ങളെയാണു് സംരക്ഷിച്ചതു ആരെയാണു് സേവിച്ചതു് എന്നു ഈ കണക്കു മൌനമായി പ്രസംഗിക്കുകയാണു്.

ഈ പാർട്ടിയെ എത്രതന്നെ പ്രശംസിച്ചിട്ടും സോഷ്യലിസ്റ്റ്പാർട്ടി നേതാക്കന്മാർക്കു മതിവരുന്നില്ലെന്നുള്ളതു് പ്രത്യേകം സ്മരണീയമാണു് ഈ സോഷ്യലിസത്തെയാണു് അവർ "യഥാൎത്ഥ സോഷ്യലിസം," പ്രായോഗിക സോഷ്യലിസം" എന്നൊക്കെ പുകഴ്ത്തുന്നതു്. ഇതേ സോഷ്യലിസത്തെപ്പററിയാണു് "ലേബർ ഗവർമ്മേണ്ടുകൾ പ്രവർത്തനരംഗത്തിൽ" എന്ന സോഷ്യലിസ്റ്റ്പാർട്ടിയുടെ ലഘുലേഖയിൽ പ്രകീർത്തിക്കയും, ഒടുവിൽ ഈ ഗവർമ്മേണ്ടുകളുടെ (ബ്രിട്ടൻ, ആസ്ട്രേലിയ, സ്വീഡൻ) നേട്ടങ്ങളും നിലനിൽപ്പുമാണു് വളരെ പുരോഗമിച്ച ജന

തയ്യ് ജനാധിപത്യസോഷ്യലിസത്തിലേക്കു നയിക്കുന്ന പാതയിൽക്കൂടി ചരിക്കാൻ കഴിയുമെന്ന് കാണിച്ചതെന്ന'' നിഗമനത്തിൽ എത്തിച്ചേരുകയും ചെയ്തുതെന്നും ഓർമ്മിക്കേണ്ടതാണ്.

ഇതിൽ കൂടിയ വ്യക്തതയാവശ്യമില്ല. ജനാധിപത്യസോഷ്യലിസമെന്ന വാക്കിന്റെ അർത്ഥം ബ്രിട്ടീഷ് ലേബർപാർട്ടിയുടെ സോഷ്യലിസമെന്നാണ്.

## 7. ജനാധിപത്യസോഷ്യലിസത്തിന്റെ സാമ്പത്തികലക്ഷ്യങ്ങൾ

സ്വതന്ത്ര ഇന്ത്യയിലെ സാമ്പത്തികക്രമത്തിന്റെ സ്വഭാവമേതുതരത്തിലുള്ളതായിരിക്കണം? പിന്നോക്കം നില്ക്കുന്ന ഒരു കാർഷികരാജ്യമായി ഇന്ത്യ 1947–ലും അതിനുശേഷവും തുടരുന്നതുപോലെതന്നെ കഴിഞ്ഞാൽമതിയോ? അതോ ഉയർന്നതരം വ്യവസായങ്ങളുടെയും ഉയർന്നതരം കൃഷിയുടേയുമായ ഒരു രാജ്യമായി ഇന്ത്യ ഉയരണമോ? രണ്ടാമതു പറഞ്ഞ ലക്ഷ്യം നേടാൻ കഴിയുമോ?

അതു സാദ്ധ്യമല്ലെന്നാണ് ബ്രിട്ടീഷുകാർ പറഞ്ഞുകൊണ്ടിരുന്നതെന്നു നമുക്കറിയാം. ഇന്ത്യ ഒരു കാർഷികരാജ്യമായിരുന്നു, അങ്ങിനെതന്നെ തുടരണം എന്നാണ് അവർ പറഞ്ഞതു്. രാജ്യത്തിന്റെ വ്യാവസായികവികസനത്തെ—വിശേഷിച്ചും ഭാരിച്ച യന്ത്രനിർമ്മാണവ്യവസായങ്ങളുടെ വികസനത്തെ—അവർ ബോധപൂർവ്വം തകർക്കുകയാണ് ചെയ്തതു്. രണ്ടാം ലോകമഹായുദ്ധകാലത്തുപോലും അവർ ഈ നയമാണ് അവലംബിച്ചിരുന്നതു്.

ബ്രിട്ടീഷുകാരുടെ ലക്ഷ്യം വിശദീകരണമാവശ്യമില്ലാത്തവണ്ണം സുവ്യക്തമാണ്. അവരുടെ വ്യാവസായികോല്പന്നങ്ങളുടെ ഒരു കമ്പോളമായും വ്യവസായങ്ങൾക്കാവശ്യമുള്ള അസംസ്കൃതപദാർത്ഥങ്ങളുടെ വിളഭൂമിയായും, ഗണ്യമായ തോതിൽ വ്യവസായവല്ക്കരണം നടത്താതെ, തുച്ഛമായ പ്രതിഫലം കൊടുത്തു് അദ്ധ്വാനശക്തി ചൂഷണംചെയ്തു അമിതലാഭം തട്ടിയെടുക്കാൻവേണ്ടി മൂലധനം നിക്ഷേപിക്കുന്നതിനുള്ള രംഗമായും,—അതെ ഒരു കോളനിയായിതന്നെ—ഇന്ത്യ നിലനില്ക്കണമെന്നു

തന്നെയാണ് അവർ ആഗ്രഹിച്ചതു്. ഇന്ത്യൻ റിസർവ്വ്ബാങ്കു റിപ്പോർട്ടിൽ കാണുന്നതു ഇന്ത്യയിൽ 320.24 കോടി രൂപയുടെ വിദേശവ്യവസായനിക്ഷേപമുള്ളതിൽ 80 കോടി രൂപ മാത്രമേ വ്യാവസായികോല്പാദനത്തിനും ലോഹഖനനത്തിനുമായി ഉപയോഗിക്കുന്നുള്ളവെന്നാണ്.

നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം ഈ നയത്തിന്റെ ഫലമെന്തെന്നു് എല്ലാവർക്കും അറിവുള്ളതാണ്.

ഇന്ത്യയെ പിന്നോക്കനിലയിൽത്തന്നെ ഉറപ്പിച്ചുനിർത്തുന്നതിനും, എന്നും ബ്രിട്ടീഷുകാരുടെ ആശ്രിതനിലയിൽത്തന്നെ തുടരുന്നതിനും വേണ്ടി പിന്തുടർന്നുവന്ന ഈ നയത്തെ ഇന്ത്യയിലെ ജനാധിപത്യവാദികൾ ഒന്നായി എതിർത്തിരുന്നതാണ്. നാഷണൽപ്ലാനിങ്ങ് കമ്മിററിയുടെ അദ്ധ്യക്ഷനായിരുന്ന പണ്ഡിററ് നെഹ്റു പ്രസ്തുത കമ്മിററിക്കു് 1939-ൽ എഴുതിയ ഒരു കുറിപ്പിൽ പറയുന്നതു് നോക്കുക:—

"നാട്ടിന്റെ സാമ്പത്തികാഭിവൃദ്ധി, വ്യവസായവല്ക്കരണം കൂടാതെ നടപ്പിൽവരികയില്ല. അതുകൊണ്ടു്, വ്യവസായവല്ക്കരണം ത്വരിപ്പിക്കയും, അടിസ്ഥാനപരവും നിയാമകവുമായ വ്യവസായങ്ങൾ എവിടെ എങ്ങിനെ സമാരംഭിക്കണമെന്നു് ചൂണ്ടിക്കാണിക്കയുമാണു് നാം ഉടനടി ചെയ്യേണ്ടതു്."

ഇതേ അഭിപ്രായം ശ്രീ: സുബാഷ്ചന്ദ്രബോസ് 1938ലും അതിനുശേഷവും പ്രകടമാക്കിയിട്ടുണ്ടു്.

അദ്ദേഹം പറയുകയുണ്ടായി:—"ദേശീയപുനരുദ്ധാരണം, ശാസ്ത്രത്തിന്റെ സഹായത്തോടുകൂടി മാത്രമേ സാദ്ധ്യമാവുകയുള്ളു. വ്യവസായവല്ക്കരണത്തിന്റെ ദശയിലേക്കു ഇന്ത്യയുടെ വളച്ച് ഇതുവരെ എത്തിച്ചേർന്നിട്ടില്ല."

കോൺഗ്രസ്സ് സംസ്ഥാന ഗവർമ്മെണ്ടുകളുടെ വ്യവസായവകുപ്പുമന്ത്രിമാരുടെ 1938-ൽ കൂടിയ ഒരു സമ്മേളനത്തിൽ പാസ്സാക്കിയ പ്രമേയം പറയുന്നതു ഇങ്ങനെയാണ്:—"ദാരിദ്ര്യം, തൊഴിലില്ലായ്മ, ദേശീയപ്രതിരോധം, സാമ്പത്തികപുനരുദ്ധാരണം തുടങ്ങിയ പ്രശ്നങ്ങളൊന്നുംതന്നെ വ്യവസായവൽക്കരണം കൂടാതെ പരിഹരിക്കാൻ സാദ്ധ്യമല്ലെന്നു വ്യവസായമന്ത്രിമാരുടെ ഈ സമ്മേളനം അഭിപ്രായപ്പെടുന്നു"

വ്യവസായവൽക്കരണത്തെ ഒരു മഹാവിപത്തായി കണ്ടിരുന്ന ഗാന്ധിയന്മാരൊഴിച്ച ദേശീയപ്രസ്ഥാനത്തിൽ അണിനിരന്ന എല്ലാ ജനവിഭാഗങ്ങളുടെയും മനോഭാവമിതായിരുന്നു.

പാർട്ടിയുടെ ആവിർഭാവം മുതൽ 1947വരെയും ഇന്ത്യൻ സോഷ്യലിസ്റ്റ്പാർട്ടിതന്നെ ഇന്ത്യയുടെ പുരോഗതിക്ക വൻതോതിലുള്ള വ്യവസായവൽക്കരണം ആവശ്യമാണെന്ന അഭിപ്രായത്തിൽ ഉറച്ചുനിന്നിട്ടുണ്ട്.

സോഷ്യലിസ്റ്റ്പാർട്ടിയുടെ 1947–ലെ നയപ്രഖ്യാപനത്തിൽ പറയുന്നു:—"ഉല്പാദനം ഇന്നത്തേതിൻെറ പത്തിരട്ടിയായി വർദ്ധിപ്പിക്കണം. ശാസ്ത്രത്തിൻെറയും സാങ്കേതികവിജ്ഞാനത്തിൻെറയും സഹായത്തോടുകൂടി മനുഷ്യാദ്ധ്വാനം കൂടുതൽ ഉല്പാദനപരമാക്കാതെ ഉല്പാദനം വർദ്ധിപ്പിക്കാൻ സാദ്ധ്യമല്ല. സോഷ്യലിസത്തിൻെറ ഉദ്ദേശം മനുഷ്യാദ്ധ്വാനത്തിൻെറ ഉല്പാദനശക്തി വർദ്ധിപ്പിക്കൽ മാത്രമല്ല അതു ലാഘവപ്പെടുത്തുകയും, തൊഴിലാളികൾക്ക വിശ്രമത്തിനും, വിനോദത്തിനും, കൂടുതൽ സമയം സമ്പാദിച്ചുകൊടുക്കുകയും കൂടിയാണ്. അതുകൊണ്ടു അദ്ധ്വാനം കൂടുതൽ ഉല്പാദനപരമാക്കാനും, അദ്ധ്വാനം ലഘൂകരിക്കുന്നതിനുംവേണ്ടി ശാസ്ത്രത്തെയും സാങ്കേതിക വിജ്ഞാനത്തെയും പരമാധി ഉപയോഗപ്പെടുത്തുകയാണ് വേണ്ടത്."

സോഷ്യലിസ്റ്റ്സമുദായത്തിൻെറ ലക്ഷ്യം സാംസ്കാരികവും ഭൌതികവുമായ ഏററവും ഉയൻ ജീവിതനിലവാരം നേടുകയാണ് എന്നും നയ പ്രഖ്യാപനം വ്യക്തമാക്കുന്നു.

സോഷ്യലിസ്റ്റ്പാർട്ടിയുമായി അഭിപ്രായവ്യത്യാസമുള്ളവർപോലും ഈ അഭിപ്രായങ്ങളെ ശരിവയ്ക്കാതിരിക്കയില്ല. ഉല്പാദനം വർദ്ധിപ്പിക്കാനും ഇന്ത്യയുടെ പിന്നോക്കനിലയും ജനങ്ങളുടെ ദാരിദ്ര്യവും അവസാനിപ്പിച്ച നാടിനെ യഥാർത്ഥ സ്വാതന്ത്ര്യത്തിലെത്തിക്കാനുംവേണ്ടി ശാസ്ത്രത്തെയും സാങ്കേതികവിജ്ഞാനത്തെയും പ്രയോജനപ്പെടുത്തുകതന്നെയാണ് വേണ്ടതു്.

ഈ ലക്ഷ്യങ്ങൾ ഇന്നു വലിച്ചെറിഞ്ഞുകളഞ്ഞിരിക്കയാണെന്നു സോഷ്യലിസ്റ്റ്പാർട്ടി അംഗങ്ങൾക്കെല്ലാമറിയാം. ഇതെല്ലാം തെററായിരുന്നുവെന്നും, സോഷ്യലിസ്റ്റ്പാർട്ടി അതിൻെറ സാമ്പത്തികലക്ഷ്യങ്ങൾ പുനർനിർവ്വഹിക്കണമെന്നും ജനന

ശ്രീ: ലോഹിയ പറയുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ കമ്മ്യൂണിസത്തിന്റെ ഒരു കുറവുതന്നെ, "കമ്മ്യൂണിസം മുതലാളിത്തത്തിന്റേതായ ഉല്പാദനരീതി അപ്പാടെ സ്വീകരിച്ചു കളഞ്ഞു; മുതലാളിത്തത്തിന്റേതായ ഉല്പാദനബന്ധങ്ങൾ നശിപ്പിക്കാനാണ് കമ്മ്യൂണിസത്തിന്റെ ശ്രമം" എന്നുള്ളതാണ്. രണ്ടു മഹാവിപത്തുകളായി അദ്ദേഹം കണ്ടുപിടിച്ച മുതലാളിത്തവും കമ്മ്യൂണിസവും, "ഇന്നു നിലവിലുള്ള" സാങ്കേതിക പുരോഗതിയിൽ അടിയുറപ്പിച്ചിട്ടുള്ള സംസ്കാരത്തിന്റെ രണ്ടു രൂപഭേദങ്ങളാണ്. യൂറോപ്പിനും അമേരിക്കയ്ക്കും ഇന്ന് ആവശ്യമുള്ളത്, "വികാരതീഷ്ണതകുറഞ്ഞ, സമചിത്തതയുള്ള ജീവിതമാണ്" എന്നും ഇന്നത്തെ ലോകത്തിന്റെ കുഴപ്പംതന്നെ "മനുഷ്യന് തന്നോടുതന്നെ സമാധാനം പുലർത്താൻ കഴിയുന്നില്ല" എന്നുള്ളതാണെന്നും മററുമാണ് ലോഹിയയുടെ മററു കണ്ടുപിടിത്തങ്ങൾ. വമ്പിച്ച തോതിൽ ഇന്ത്യയെ വ്യവസായവൽക്കരിക്കാനുള്ള ശ്രമം സാമ്പത്തികാർത്ഥത്തിൽ ഒരു വ്യാമോഹവും വിപത്തുമായി കലാശിക്കുമെന്നുതന്നെയല്ല, "ഇന്ത്യൻ കാർഷിക മണ്ഡലത്തിൽ കമ്മ്യൂണിസം കൈകടത്താൻ തുടങ്ങുമ്പോൾതന്നെ നൂററാണ്ടുകളായി ഇന്ത്യ പാടിപ്പുകഴ്ത്തുന്ന ഗീതയുടെയും ഉപനിഷത്തുകളുടെയും സംസ്കാരത്തിന്റെ മരണമണിയടിക്കയും ചെയ്യു"മെന്നാണ് ലോഹിയ മുന്നറിയിപ്പു നൽകുന്നത്.

മേൽപറഞ്ഞ കാരണങ്ങളാലും, "ജനസംഖ്യാവർദ്ധനവും, സാങ്കേതിക വിജ്ഞാനത്തിന്റെ അഭാവവും"കൊണ്ടു, ചൈനയേപ്പോലെ ലോകത്തിന്റെ മൂന്നിൽ രണ്ടു ഭാഗം വരുന്ന അവികസിത രാജ്യങ്ങളോടൊപ്പം ഇന്ത്യയും, പ്രാകൃതമായ കൃഷിയിലും "എലക്ട്രിക്സിററിയും മോട്ടോറും ഉപയോഗിച്ചു നടത്തുന്ന ചെറുതരം വ്യവസായങ്ങളിലും" കവിഞ്ഞ യാതൊന്നിനുംവേണ്ടി ശ്രമിക്കേണ്ടതില്ല. അവരുടെ സോഷ്യലിസ്റ്റ് സാമ്പത്തികക്രമത്തിന്റെ പൊതുരീതി ഇതാണ്. (പാച്ച്മാരി പ്രസംഗങ്ങളിൽനിന്നുള്ള ഉദ്ധരണികൾ.)

ശ്രീ: അശോകമേത്ത കുറേക്കൂടി അവ്യക്തമായ ഭാഷയിലാണ് ഇതിനെപ്പററി വിശദീകരിച്ചതു്:—സഹകരണത്തിലും,

ചെറുതരം ഉപകരണങ്ങളിലും, ആത്മാർത്ഥമായ അദ്ധ്വാനത്തിലും കൂടിയാണ് ഇന്ത്യയുടെ പുരോഗതി നേടേണ്ടതു്. ചെറുകിട ഉല്പാദനസമ്പ്രദായം പഞ്ചായത്തുഭരണത്തിൻെറ ചട്ടക്കൂട്ടിനകത്തു വളർത്തുകയാണ് അതിനാവശ്യം (പാച്ച്മാരി സമ്മേളനത്തിൽ ജനറൽസിക്രട്ടറിയുടെ റിപ്പോർട്ട്.)

പാച്ച്മാരിസമ്മേളനത്തിനു് ഏതാണ്ട് ഒരു വർഷം മുമ്പൊരിക്കൽ രാഷ്ട്രീയവും സാമ്പത്തികവുമായ അധികാരകേന്ദ്രീകരണത്തിൻെറ വിപത്കരമായ ഫലങ്ങളിലേക്കു ശ്രീ. ജയപ്രകാശ് നാരായണൻ ജനങ്ങളുടെ ശ്രദ്ധയെ ക്ഷണിക്കുകയും, "വികേന്ദ്രീകൃതവ്യവസായങ്ങളുടെ" ആവശ്യകതയെപ്പററി ഊന്നുകയും ചെയ്യുകയുണ്ടായി. (രാഷ്ട്രീയപ്രവണതകൾ, ജയപ്രകാശ്)

ഇതെല്ലാം നവീനസിദ്ധാന്തങ്ങളാണെന്നു സോഷ്യലിസ്റ്റ് നേതാക്കൾ വിചാരിക്കുന്നുണ്ടെങ്കിൽ അവർക്കു തെററിപ്പോയിരിക്കുന്നു എന്നു പറയേണ്ടിയിരിക്കുന്നു. ഏതാണ്ടു പതിനേഴു വർഷം മുമ്പു സോഷ്യലിസ്റ്റ് പാർട്ടി രൂപവൽക്കരിക്കപ്പെട്ട കാലത്തു ഒരാൾ, സോഷ്യലിസ്റ്റെന്നു പാർട്ടി ഒരിക്കലും അംഗീകരിക്കാതിരുന്ന ഒരാൾ, ഈ സംഗതി ഇത്രവളരെ വളച്ചുകെട്ടാതെ പറഞ്ഞിട്ടുണ്ടു്.

"ഗ്രാമവ്യവസായങ്ങളുടെ വികസനത്തിലാണ് യഥാർത്ഥ സോഷ്യലിസം കുടികൊള്ളുന്നതു്. ഭീമമായ തോതിലുള്ള ഉല്പാദനംമൂലം പടിഞ്ഞാറൻരാജ്യങ്ങളിൽ ആവിർഭവിച്ച അരാജകാവസ്ഥ ഈ നാട്ടിൽ ഉടലെടുക്കണമെന്നു നാമാഗ്രഹിക്കുന്നില്ല." (സർദാർ വല്ലഭായിപട്ടേൽ, ജനവരി 3. 1935)

കാർഷികസാമ്പത്തികരീതിയിലുള്ള "വികാരതീക്ഷ്ണതയില്ലാത്ത സമചിത്തതയുള്ള" ഒരു ജീവിതത്തിൻെറ മധുരിമകൾ സോഷ്യലിസ്റ്റ്നേതാക്കന്മാർ പെട്ടെന്നങ്ങവേ കണ്ടുപിടിച്ചതാണെന്നാരും ധരിച്ചുകളയരുതു്. പാർട്ടിയുടെ ഔദ്യോഗികനയപ്രഖ്യാപനം 1951-ൽ വീണ്ടും അച്ചടിച്ചുകൊണ്ടിരുന്നപ്പോൾ, ജനാധിപത്യസോഷ്യലിസമെന്ന അടിസ്ഥാനഗ്രന്ഥത്തിൽ ഈ നയം അശോകമേത്ത വ്യക്തമാക്കുകയും ശ്രീ. ലോഹിയ അതു പാച്ച്മാരിയിൽവെച്ചു പ്രഖ്യാപിക്കയുമാണുണ്ടായതു്. ആ ഗ്രന്ഥം ഒന്നു

മറിച്ചുനോക്കുമ്പോഠംത്തന്നെ അതു വ്യക്തമാകും. ഇന്ത്യൻ ജന ങ്ങളെ "നിഷ്ക്രിയമായ അഭിമാനകരമല്ലാത്ത മൃഗതുല്യമായ" ജീവിതത്തിലേക്കു തള്ളിവിട്ടതെന്നു മാർക്സിനാൽ അധിക്ഷേപിക്ക പ്പെട്ടതും, ബ്രിട്ടീഷുകാർക്കും മററു വിദേശീയശക്തികഠംക്കും നിഷ്പ്രയാസം ഇന്ത്യയെ കീഴ്പ്പെടുത്തിക്കൊടുത്തതുമായ പ്രാകൃത ഗ്രാമീണസമുദായവ്യവസ്ഥയിന്മേൽ കെട്ടിപ്പടുത്തിരുന്ന ഇന്ത്യ യിലെ പിന്നോക്കസാമ്പത്തികക്രമത്തെ ശ്രീ. അശോകമേത്ത പുകഴ്ത്തിപ്പറഞ്ഞ വാക്കുകഠം നാം വായിക്കേണ്ടതാണ്:

"മനുഷ്യാത്മാവിൻെറ പിശറുപിടിച്ച സമുദ്രത്തെപ്പററി വിശകലനംചെയ്യാൻ ശ്രമിച്ച എല്ലാവരും എത്തിയിട്ടുള്ളതു് ഈ നിഗമനത്തിലാണ്: സംഭ്രമപരമായ ഏകത്വത്തിലുള്ള ശാന്തിയോ, തുല്യതയോ, സൈ്വരതയോ, കുറിപിടിയ്ക്കലോ, തുലാസ്സൊപ്പിക്കലോ ആണ് മനുഷ്യൻെറ പരിണതസിദ്ധി. അതാണ് എല്ലാം സംഘട്ടനത്തിൻെറയും പര്യവസാനം.

"ഏകീഭാവവും സാർവ്വത്രികത്വവും ഇന്ത്യൻ സമുദായത്തി ൻെറ ഒരു ഭാഗമായിത്തീർന്നിട്ടുണ്ട്. ജാതിയുടെ കോൽച്ചങ്ങല കളാൽ സാമൂഹ്യഘടന ശിഥിലമാക്കപ്പെടുകയോ കെട്ടിവരിയ പ്പെടുകയോ ചെയ്തപ്പോഠംത്തന്നെ, സമുദായത്തിൻെറ മുതുകിൽ നാടുവാഴിസമ്പദ്വ്യവസ്ഥയുടെ ഭാരം കെട്ടിത്താഴ്ത്തപ്പെട്ടപ്പോഠം ത്തന്നെ, ആദ്ധ്യാത്മികസംസ്കാരം അകന്നുപോയിരുന്നു. മനു ഷ്യൻെറ സുരക്ഷിതത്വം നശിച്ചു. അവൻ അവനെത്തന്നെ സ്വയം അഭയംതേടി.

"........വ്യവസായവൽക്കരണം സാമ്പത്തികമായി അഭി വൃദ്ധിപ്പെടുത്തുന്നുണ്ടെങ്കിലും ആദ്ധ്യാത്മികമായി ബീഭത്സമാക്കുക യാണ്; അധഃപതിപ്പിക്കുകയാണ്."

അങ്ങിനെ വ്യവസായവല്ക്കരണത്തിന്നെതിരായ പ്രക്ഷോഭ ണത്തിൻെറ പതാക വളരെക്കാലം മുമ്പേതന്നെ ഉയർത്തിയ താണ്. പിന്നോക്കനിലയെ വാഴ്ത്തി സ്തുതിക്കാൻ, "ഗ്രാമീണ ജീവിതമെന്നു" ശ്രീ: അശോകമേത്ത വിളിക്കുന്നതിനെ പാടി പ്പുകഴ്ത്താൻ വളരെക്കാലം മുമ്പേ തുടങ്ങിയതാണ്. പിന്തിരിപ്പൻ റൊമാൻറിസിസമെന്നും; പെററിബൂർഷ്വാ ആദർശവാദമെന്നും, ഗാന്ധിസത്തോടുള്ള അടവുപറയൽ എന്നും പറഞ്ഞു തള്ളിക്കളെ

ഞ്ഞതുകൊണ്ടു മാത്രമായില്ല. സോഷ്യലിസ്റ്റ്പാർട്ടിയുടെ ഈ "നവീനസിദ്ധാന്തത്തെ" ഇങ്ങിനെയൊക്കെ ചിത്രീകരിക്കുന്നതു ശരിയായിരിക്കും. അതു മാത്രം പോരാ. കുറേക്കൂടി ആഴത്തിൽ കടന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. ഈ സിദ്ധാന്തം ആരുടെ താല്പര്യത്തെയാണ് സഹായിക്കുന്നതെന്നുകൂടി നാം നോക്കണം. സോഷ്യലിസ്റ്റ്പാർട്ടിയുടെ മേൽ അതിന്റെ നേതൃത്വം അടിച്ചേല്പിക്കാൻ ശ്രമിക്കുന്ന സിദ്ധാന്തത്തിന്റെ പിന്തിരിപ്പൻ ഉള്ളടക്കം ശരിക്കും മനസ്സിലാക്കാൻ അത്യാവശ്യമാണ്.

നാലു വർഷംമുമ്പ് 1948 ജൂണിൽ ഊട്ടകമണ്ടിൽവെച്ച് ഐക്യരാഷ്ട്രസംഘടനയുടേതായ ഒരു സാമ്പത്തികസമ്മേളനം നടക്കുകയുണ്ടായി. തങ്ങളുടെ രാജ്യങ്ങളുടെ വ്യവസായവല്ക്കരണത്തിനുവേണ്ടി അമേരിക്കയിൽനിന്നു മൂലധനോപകരണങ്ങൾ വേണ്ടത്ര ലഭിക്കണമെന്നു ആവശ്യപ്പെട്ട ഇന്ത്യ, പാക്കിസ്ഥാൻ, ബർമ്മ തുടങ്ങിയ രാജ്യങ്ങളുടെ പ്രതിനിധികളെ സംബോധന ചെയ്തുകൊണ്ടു അമേരിക്കൻ അമ്പാസിഡർ ഡാ: ഗ്രേഡി അവർ ഉന്നയിച്ച ആവശ്യങ്ങളെ ധിക്കാരപൂർവ്വം തിരസ്കരിച്ചുകൊണ്ട് പ്രസംഗിച്ചു:—"ഒരു കാർഷികരാജ്യമായിരുന്ന അമേരിക്കയ്ക്കു ഒരു ഉയന്ന വ്യവസായരാജ്യമായി സ്വയം പരിവർത്തനം ചെയ്യാൻ 100 വർഷങ്ങൾ വേണ്ടിവന്നു എന്നു ഏഷ്യൻരാജ്യങ്ങൾ ഓർമ്മിക്കണം. ആ കാലയളവിനെ വളരെയൊന്നും ഹ്രസ്വമാക്കാൻ ആർക്കും സാദ്ധ്യമല്ല."

അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ പ്രതിനിധി ബ്രിട്ടീഷ് സാമ്രാജ്യവാദികളുടെ തികഞ്ഞ അനുവാദത്തോടുകൂടി ഏഷ്യൻ രാജ്യങ്ങളുടെ വ്യവസായവല്ക്കരണത്തെ അങ്ങിനെ "വീറ്റോ" ചെയ്യുകയാണുണ്ടായതു്. സോവിയററയൂണിയന്റെ അനുഭവങ്ങൾ അദ്ദേഹത്തിനു സാരമുള്ളവയല്ല. പോളണ്ടിലും റുമേനിയയിലും മററു പൂർവ്വയൂറോപ്യൻ രാജ്യങ്ങളിലും നടക്കുന്ന വ്യവസായവല്ക്കരണപരീക്ഷണങ്ങളുടെ വിജയങ്ങളും അർത്ഥമില്ലാത്തവയാണ്. അമ്പിളിയമ്മാമനെ പിടിച്ചുതരണമെന്നു പറഞ്ഞു കരയുന്ന ഒരു കുഞ്ഞിനോടു പ്രായമായ ഒരാൾ പറയുന്ന മട്ടിൽ, അധികാരഭാവത്തിൽതന്നെ അമേരിക്കൻപ്രതിനിധി പറഞ്ഞു:— "ഞങ്ങൾക്കുതന്നെ നൂറുവർഷം വേണ്ടിവന്നു. അതിൽ കുറഞ്ഞ

കാലംകൊണ്ടു നിങ്ങഠംക്കു കിട്ടാൻപോകുന്നില്ല. അതുകൊണ്ടു ഇന്നുള്ളതുകൊണ്ടു തൃപ്തിപ്പെടുക; ഈ നിലപാടു നിങ്ങഠം സ്വീകരിച്ചാൽ ഞങ്ങഠം നിങ്ങളെ സഹായിക്കാം. നിങ്ങഠം ഏതുതുതിവരെ വ്യവസായവല്ക്കരിക്കണമെന്നും, അതു ഏതു തോതിൽ വേണമെന്നും ഞങ്ങഠം തീരുമാനിച്ചുകൊള്ളാം.''

പിന്നീടു നടന്ന സംഭവങ്ങഠം വിശദീകരിക്കേണ്ടയാവശ്യമില്ല. ഇന്ത്യാഗവമ്മേണ്ടു ഇന്ത്യയെ പിന്നോക്ക ആശ്രിതരാജ്യമാക്കി നിർത്താൻവേണ്ടി തയ്യാറാക്കപ്പെട്ട "കൊളമ്പു പദ്ധതി അംഗീകരിക്കയും അതിൻെറ അടിസ്ഥാനത്തിൽ പഞ്ചവത്സര പദ്ധതി തയ്യാറാക്കുകയും ചെയ്തു. അമേരിക്കയുമായി ഇന്ത്യാഗവമ്മേണ്ടു ഒപ്പുവെച്ച കരാർ ഇന്ത്യയുടെ വ്യവസായവല്ക്കരണത്തെ സഹായിക്കയില്ലെന്നു പരക്കെ അറിയാം. ഒരു കാലത്തു വ്യവസായവല്ക്കരണത്തിനുവേണ്ടി വാദിച്ചിരുന്ന നെഹ്റു തൻെറ ചിരകാലസ്വപ്നം ഉപേക്ഷിച്ചുകഴിഞ്ഞിരിക്കുന്നു. അദ്ദേഹത്തിനു ഉത്തരവാദിത്വബോധവും മനഃപാകതയുമുണ്ടായിരിക്കുന്നുവത്രേ! ആംഗ്ലോ-അമേരിക്കൻ സാമ്രാജ്യവാദികഠം കല്പിച്ചതനുസരിച്ചുള്ള സാമ്പത്തികനയം നെഹ്റു സ്വീകരിക്കയും ചെയ്തിരിക്കുന്നു.

സോഷ്യലിസ്റ്റ് പാർട്ടിനേതാക്കന്മാരുമങ്ങിനെ ചെയ്തിരിക്കയാണ്. പഞ്ചവത്സരപദ്ധതി അവരംഗീകരിക്കയും അതിൻെറ നടപ്പാക്കലിനു തങ്ങളുടെ സഹകരണം വാഗ്ദാനംനൽകുകയും ചെയ്തിട്ടുണ്ട്. പഴയപടി കോളനിയാക്കിത്തന്നെ ഇന്ത്യയെ നിലനിറുത്തുക മാത്രമല്ല, തൊഴിലാളികഠംക്കു പണിമുടക്കാനുള്ള അവകാശം നിഷേധിക്കയും അവരുടെ കൂലിനിരക്കു മരവിപ്പിക്കയും, മുതലാളിമാരുടെ ലാഭക്കൊള്ള ഇഷ്ടംപോലെ നടത്തുന്നതിനു സ്വാതന്ത്ര്യംനൽകുകയും ആണ് പഞ്ചവത്സരപദ്ധതി ചെയ്യുന്നതു്. കുപ്രസിദ്ധമായ ട്രൂമാൻെറ ചതുർമുഖപദ്ധതിയുടെ ഒരു ഭാഗമായി അമേരിക്കൻസാമ്രാജ്യത്വം മുന്നോട്ടുവെച്ച കമ്മ്യൂണിററിപ്രോജക്ററുകളെ അവർ അംഗീകരിക്കയും ചെയ്തിരിക്കുന്നു.

ജീവൽപ്രധാനങ്ങളായ പ്രശ്നങ്ങളെ അവ്യക്തതയിലേക്കു തള്ളിവിടുന്നതിനുവേണ്ടി സോഷ്യലിസ്റ്റ് നേതാക്കന്മാർ നട

ത്തുന്ന ആദർശപ്രസംഗങ്ങളുടെ പിന്നിലുള്ള നഗ്നമായ പരമാർത്ഥമിതാണ്. വ്യവസായവൽക്കരണം, സാമ്പത്തികനേട്ടങ്ങളം കൈവരുത്തുമെങ്കിലും, സാംസ്കാരികപാപ്പരത്തവും, ആത്മീയാധഃപതനവും കെട്ടഴിച്ചുവിടുമെന്നും "കൃഷി ആധുനികരീതിയിൽ പുനഃസംഘടിപ്പിച്ചാൽ ഗീതയുടെയും ഉപനിഷത്തുകളുടെയും തത്വജ്ഞാനം തകൎന്നുപോകു"മെന്നും മററുമുള്ള അവരുടെ കണ്ടുപിടുത്തങ്ങളുടെ പിന്നിലുള്ള യാഥാർത്ഥ്യം ഇതാണ്.

ജനാധിപത്യസോഷ്യലിസത്തിൻെറ പുതിയ സാമ്പത്തികനയം, താത്വികമായി ഗാന്ധിസത്തിന്നു അടിയറപറച്ചിൽ മാത്രമല്ല, കുറേക്കൂടി ദുരുദ്ദേശപരമായ ഒരർത്ഥം അതിന്നുണ്ട്. നമ്മെ വെറുംആശ്രിതരാക്കി തുടൎന്നുപുലത്തണമെന്നു ആഗ്രഹിക്കുക മാത്രമല്ല, സാമ്പത്തികമായ നുഴഞ്ഞുകയററത്തിൽക്കൂടി നമ്മെ അടിമത്തത്തിൻെറ ചങ്ങലയിൽ ബന്ധിക്കാൻ കിണഞ്ഞു ശ്രമിക്കുകയുംകൂടി ചെയ്യുന്ന അമേരിക്കൻസാമ്രാജ്യത്തിനു് ഇന്ത്യയെ സാമ്പത്തികവും രാഷ്ട്രീയവുമായി അടിയറവെയ്ക്കുകയാണ് അവരുടെ കറുത്ത ലക്ഷ്യം. സഹായത്തിൻെറ മുഖംമൂടിയിൽ പ്രത്യക്ഷപ്പെട്ടിരിക്കുന്ന അമേരിക്കൻനുഴഞ്ഞുകയററത്തെ അടച്ചാധിക്ഷേപിച്ച ശ്രീ. കുമരപ്പ തുടങ്ങിയ ഗാന്ധിശിഷ്യന്മാർക്കു ഗാന്ധിയൻ ധനതത്വശാസ്ത്രത്തിൽ ഉള്ള വിശ്വാസം ഒരു തടസ്സമായി തീൎന്നില്ല. സോഷ്യലിസ്റ്റ് നേതാക്കന്മാർ അങ്ങിനെ ചെയ്യുന്നില്ല. എന്നുതന്നെയുമല്ല ഇന്ത്യയെ അടിമരാജ്യമാക്കുന്നതിനുള്ള അമേരിക്കൻപരിപാടിയുടെ ഒരു ഭാഗമായ കമ്മ്യൂണിററിപ്രോജക്ററുകളെ അവർ സ്വാഗതംചെയ്തിരിക്കയുമാണ്. "സയൻസും സാങ്കേതികവിജ്ഞാനവും കഴിവനുസരിച്ചു പരമാവധി ഉപയോഗപ്പെടുത്തുക" അതായിരുന്നു 1947-ലെ സോഷ്യലിസ്റ്റ് പാൎട്ടിയുടെ നയപ്രഖ്യാപനം.

വൻതോതിലുള്ള വ്യവസായവല്ക്കരണം "ദുരാശകളെ പുലത്തുന്നൊരു മഹാവിപത്താണ്" എന്ന മുന്നറിയിപ്പാണ് 1952-ൽ ലോഹിയ ചുകപ്പുപലക പൊക്കിക്കാണിച്ചു നൽകുന്നതു്.

"സാംസ്കാരികവും ഭൌതികവുമായി ഏററവും ഉയർന്ന ജീവിതനിലവാര"മായിരുന്നു അവരുടെ 1947-ലെ പ്രഖ്യാപിത ലക്ഷ്യം.

"ഇന്ത്യയുടെ പുരോഗതി സഹകരണത്തിലും, ചെറുകിട ഉപകരണങ്ങളിലും അത്യദ്ധ്വാനത്തിലുംകൂടിയാണ് നേടേണ്ടതു്"—ഇതാണ് ശ്രീ. അശോകമേത്തയുടെ 1952-ലെ കണ്ടുപിടുത്തം.

എന്തെല്ലാം സ്വാധീനശക്തികൾ, എന്തെല്ലാം സംഭവങ്ങൾ, എന്തെല്ലാം വസ്തുതകൾ ഈ കാലുമാററത്തിനു പിന്നിലുണ്ട്? മറുപടി പറയേണ്ടതു് സോഷ്യലിസ്റ്റ്നേതാക്കന്മാരാണ്.

## 8. "മുടിവെച്ചുവാഴുന്ന സാമ്പത്തികനിയമങ്ങൾ"

വമ്പിച്ച വ്യവസായവൽക്കരണനയത്തിനെതിരായി "താത്വികവും ആത്മീയവുമായ കാരണങ്ങൾ മാത്രമേ ശ്രീ. അശോകമേത്തയും സുഹൃത്തുക്കളും ചൂണ്ടിക്കാണിച്ചിട്ടുള്ളുവെന്നു് ആരെങ്കിലുംപറയുന്നെങ്കിൽ അതു അവരോടു കാണിക്കുന്ന അനീതിയായിരിക്കും. തൂക്കമേറിയ സാമ്പത്തികകാരണങ്ങളും അവർ എടുത്തു കാണിച്ചിട്ടുണ്ടു് . പക്ഷെ ഈ കാരണങ്ങൾ, ബ്രിട്ടീഷും അമേരിക്കനും ആയ സാമ്രാജ്യത്വങ്ങളുടെ താത്വികചിന്തകന്മാർ പറയാറുള്ളവതന്നെയാണെന്നു പറഞ്ഞാൽ പിന്നൊന്നും പറയാനില്ല. "ഒരു വിപ്ലവത്തിനു തകിടംമറിക്കുവാൻ സാദ്ധ്യമല്ലാത്ത, മുടിവെച്ചുവാഴുന്ന, മാററാനാവാത്ത ചില സാമ്പത്തികനിയമങ്ങളുണ്ടു്". (അശോകമേത്ത, ജനാധിപത്യസോഷ്യലിസം പേജ് 119)

"പിന്നോക്കസാമ്പത്തിക ക്രമത്തിൻെറ മേൽ" ഈ നിയമങ്ങൾ ചില നിബ്ബന്ധങ്ങൾ "അടിച്ചേൽപ്പിക്കുന്നുവെന്നു ശ്രീ: അശോകമേത്ത പറയുന്നു. പിന്നോക്ക സാമ്പത്തിക ക്രമം നിലവിലിരുന്ന സോവിയററുയൂണിയനിലും, മററു ജനകീയ ജനാധിപത്യരാജ്യങ്ങളിലും, അത്തരം വികസനത്തെ ഈ നിയമങ്ങൾ തടഞ്ഞുവെന്നു ശ്രീ: മേത്ത പറയുന്നില്ല. അവിടങ്ങളിൽ ഈ വിക

സനം നടത്തിയതും നടത്തിക്കൊണ്ടിരിക്കുന്നതും "നിർബ്ബന്ധിതാദ്ധ്വാനവും, തടങ്ങൽപാളയങ്ങളും രഹസ്യപ്പോലീസും" വൻതോതിൽ ഉപയോഗിച്ചാണ് എന്നു മാത്രമാണ് അദ്ദേഹം പറയുന്നതു. അതുകൊണ്ടു "മുടിവെച്ചുവാഴുന്ന, തടയാനാവാത്ത ആ നിയമങ്ങളെ നാമനുസരിക്കയും, വമ്പിച്ച വ്യവസായവൽക്കരണം വേണ്ടെന്നുവെയ്ക്കുകയും ചെയ്യണ"മെന്നാണ് അദ്ദേഹത്തിൻെറ ഉപദേശം.

ഊട്ടകമണ്ഡിൽ മുഴങ്ങിക്കേട്ട ഗ്രേഡിയുടെ ശബ്ദത്തിൻെറ പ്രതിധ്വനികളെന്നു ചിലർ വിമർശനം പാസ്സാക്കിവിട്ടേക്കും. ഗൌരവമേറിയ സാമ്പത്തികപ്രശ്നങ്ങളുടെ ചർച്ചക്കിടയിൽ അത്തരം ബാലിശമായ അഭിപ്രായങ്ങൾക്കു സ്ഥാനമില്ല. "ഒരു പിന്നോക്ക സാമ്പത്തിക ക്രമത്തിൻെറ വികസനം ത്വരിപ്പിക്കുന്നതിൻെറ മൌലികപ്രശ്നങ്ങൾ പഠിക്കുന്ന ഒരാളുടെ ധാരണയിൽ ഊഷ്മളവികാരങ്ങളെയോ, രാഷ്ട്രീയ പരിഗണനകളേയോ നിറം പകർത്താനനുവദിച്ചുകൂടാ (ജനാധിപത്യ സോഷ്യലിസം 112.)

രാജ്യത്തിൻെറ മുന്നിൽ വയ്ക്കാനുള്ള ഭാവിപരിപാടി എന്താണ്?

ഇന്ത്യയുടെ അവികസിത സാമ്പത്തികക്രമം, ജീവിതനിലവാരത്തിൻെറ അടിയന്തിരമായ ഉയർത്തൽ അനുവദിക്കുന്നില്ല.... നമ്മുടെ സാമ്പത്തിക ജീവിതത്തിൻെറ പൊതുവായ വികസനത്തിൻെറ നമ്മുടെ ശരാശരി വിഭവസമ്പത്തു പരിമിതപ്പെടുത്തുകയും ചെയ്യുന്നു." (ജനാധിപത്യസോഷ്യലിസം പേജ് 201.)

നമ്മുടെ വിഭവങ്ങൾ "പരിമിതപ്പെടുത്തപ്പെട്ടിരിക്കുന്നു;" നമ്മുടെ ജനസംഖ്യ അതിഭീമവുമാണ്. "മുടിവെച്ചുവാഴുന്ന അദൃശ്യമായ സാമ്പത്തിക നിയമങ്ങൾ" എന്നുമെന്നും പിന്നോക്കം നില്ക്കുന്ന ഒരവസ്ഥ നമ്മുടെ തലയിൽ വെട്ടിവെച്ചിരിക്കയാണ്. "അതുകൊണ്ടു നമ്മുടെ നാടിൻെറ ജീവിതനിലവാരം ഒരു കാലത്തും അമേരിക്കയിലെയും പടിഞ്ഞാറൻ യൂറോപ്പിലെയും ജീവിതനിലവാരങ്ങളുടെ ഉയർച്ചയിലെത്തുകയില്ല." (ജനാധിപത്യസോഷ്യലിസം പേജ് 202.)

ശ്രീ: ജയപ്രകാശ്നാരായണൻ വാഴ്ത്തിസ്തുതിക്കയും, "സോഷ്യലിസ്റ്റ് ചിന്തയിലെ ആണിക്കല്ലെന്നു" പാർട്ടിയുടെ ഒരു സിക്രട്ടറിയായ ശ്രീ. പ്രേംഭാസിൻ അഭിനന്ദിക്കയും ചെയ്ത ജനാധിപത്യസോഷ്യലിസം പടച്ചുവിട്ട ഏററവും സമർത്ഥമായ അടിസ്ഥാനഗ്രന്ഥത്തിൻെറ അവസാനപുറത്തിൽ എത്തിച്ചേരുന്ന നിഗമനമാണീ വാചകം.

പ്രകൃതിയും സാമ്പത്തിക നിയമങ്ങളും കൂടിച്ചേർന്നു ഇന്ത്യയെ പിന്നോക്കരാജ്യമായി നിലനിറുത്താനും ജനങ്ങളെ പട്ടിണിക്കാരാക്കാനും ഗൂഢാലോചന നടത്തിയിരിക്കയാണത്രേ! ഇത്തരം വാക്കുകാം, സാമ്രാജ്യത്വത്തിൻെറ സ്തുതിഗായകരുടേയും മുരടിച്ച പിന്തിരിപ്പന്മാരുടെയും ഭാഷയാണെന്നു മുമ്പു സോഷ്യലിസ്റ്റ്നേതാക്കന്മാർതന്നെ പറഞ്ഞിട്ടുണ്ട്. അതിനു കാരണം "വികാരപാരവശ്യവും രാഷ്ട്രീയ പരിഗണനകളും" അവരുടെ വീക്ഷണകോണത്തിനു നിറം കയററിയതുകൊണ്ടായിരിക്കാം. ബാല്യപ്രായം കഴിഞ്ഞു വളൎന്ന അവരിന്നു യാഥാർത്ഥ്യവാദികളായി കഴിഞ്ഞിരിക്കുന്നു!

ഇന്ത്യയുടെ ജനസംഖ്യ അതിഭീമവും, മൂലധനം വളരെ പരിമിതവുമാണെന്നു് അവർ വാദിക്കുന്നു. ബ്രിട്ടീഷുമൂലധനം പിടിച്ചെടുത്താൽകൂടിയും, മൂലധനം വളരെ കുറവായിരിക്കും. വിപുലമായ വ്യവസായവൽക്കരണത്തിനു് അതിഭീമമായ മൂലധനം ഉണ്ടാക്കുകയാണെി വേണ്ടതു്. ജനങ്ങളെ കൂടുതൽ പാപ്പരടിക്കാതെ, അവരുടെ ചുമലിൽ അമിതമായ ഭാരം കയററിവെയ്ക്കാതെ, നാടൊട്ടുക്കു അടിമപ്പാളയങ്ങളും നിർബ്ബന്ധിതാദ്ധ്വാനവും ഏർപ്പെടുത്താതെ അങ്ങനെ ചെയ്യാൻ സാദ്ധ്യമല്ലെന്നു അവർ ഉറപ്പിച്ചു പറയുന്നു. അതുകൊണ്ടു പ്രാകൃതമായ കൃഷിസമ്പ്രദായവും, ചെറുകിട വ്യവസായങ്ങളും മാത്രമുള്ള രാജ്യമായിതന്നെ ഇന്ത്യ തുടരേണ്ടിയിരിക്കുന്നു.

ഈ വാദഗതി തെററാണെന്നു തെളിയിക്കാനുള്ള ശ്രമങ്ങാം അവരെസംബന്ധിച്ചിടത്തോളം പരാജയപ്പെടുകയേയുള്ളു. പൊളിച്ചുതള്ളിയ മാൻസസിൻെറ സിദ്ധാന്തമവർ ശവക്കുഴിയിൽനിന്നും തോണ്ടിയെടുത്തു കൊണ്ടുവരികയാണെന്നും, ഭൂമിയുടെ

മേൽ വർദ്ധിച്ചുവരുന്ന സമ്മർദ്ദവും, ഇന്ത്യൻ ജനങ്ങളുടെ ദാരിദ്ര്യവുമാണ് സത്വരമായ വ്യവസായവല്ക്കരണത്തെ ഒഴിച്ചുനിർത്താനാവാത്ത ഒരു സാമ്പത്തികാവശ്യമാക്കിത്തീർക്കുന്നതെന്ന് ആരെങ്കിലും ഈ മനുഷ്യന്മാരോടു പറയുന്നതുകൊണ്ടും വിശേഷമൊന്നുമുണ്ടാവാനില്ല. സാമ്പത്തികമായി പിന്നോക്കംനില്ക്കുന്ന ഒരു രാജ്യം രാഷ്ട്രീയമായി ആശ്രിതരാജ്യമായിരിക്കയേ ഉള്ളുവെന്നും രാഷ്ട്രീയാശ്രിതത്വവും, പിന്നോക്കസാമ്പത്തികനിലയും, ഒത്തുചേർന്നേ കാണപ്പെടുകയുള്ളുവെന്നും മററും ഒരാൾ അവരോടു പറഞ്ഞാൽ അതും അവർ ചെവിക്കൊള്ളുകയില്ല. ചൈനയിൽ സംഭവിച്ചുകൊണ്ടിരിക്കുന്നതെന്തെന്നും, നമ്മുടെ കൺമുമ്പിൽ വെച്ചുതന്നെ ആ മഹാരാജ്യത്തിൽ മൌലികമായ പരിവർത്തനം നടക്കുകയാണെന്നും അവരോടു പറയുന്നതുകൊണ്ടും വിശേഷമൊന്നും വരാനില്ല.

അനേകവർഷങ്ങളിലെ യുദ്ധംമൂലം തകർക്കപ്പെട്ട സാമ്പത്തികനിലയും, ഇന്ത്യയുടേതിനെക്കാൾ ഭീമമായ ജനസംഖ്യയും, ഇന്ത്യയുടെ വീതംപോലും വികസിപ്പിക്കപ്പെട്ടിട്ടില്ലാത്ത ഗതാഗതസൌകര്യങ്ങളും ഉള്ള ചൈന, മി. ഗ്രേഡി ഉന്നയിക്കയും ജനാധിപത്യസോഷ്യലിസത്തിൻെറ നേതാക്കന്മാർ തങ്ങളുടെ പാർട്ടിയുടെ അടിസ്ഥാനപ്രമാണമായംഗീകരിക്കയും ചെയ്ത ആ സാമ്പത്തികനിയമങ്ങളുടെ മുമ്പിൽ കാൽമുട്ടുകൾ മടക്കിയില്ല. തൊണ്ണൂറു ശതമാനം കാർഷികസാമ്പത്തികവ്യവസ്ഥയോടുകൂടിയ ചൈന, ''തൻെറ കാർഷികസ്വഭാവം മാററി ഒരു വ്യാവസായികരാജ്യമായിത്തീരാനുള്ള പദ്ധതി നടപ്പാക്കാൻ ആരംഭിച്ചിരിക്കയാണ്. (പീപ്പിൾസ് ചൈന—ഏപ്രിൽ, 1-1952)

ജനങ്ങളെ പാപ്പരടിച്ചും, പട്ടിണിക്കിട്ടും നിർബ്ബന്ധിതമായി പണിയെടുപ്പിച്ചുമല്ല, നേരെമറിച്ച് ഉല്പാദനത്തിൻെറ പ്രവർത്തനങ്ങളിൽനാട്ടുകാരെ മുഴുവൻ അണിനിരത്തിയും, അങ്ങിനെ പുതിയ സമ്പത്തുല്പാദിപ്പിച്ചുമാണ് അവിടെമൂലധനം സൃഷ്ടിക്കുന്നതെന്നു ശ്രീമതി വിജയലക്ഷ്മിപണ്ഡിററ് തന്നെ പറയുന്നു. സോവിയററ്യൂണിയൻെറ സഹായത്തോടും, മഹത്തായ ആ ജനതയുടെ അനുഭവങ്ങളെ മുറുകെപിടിച്ചുകൊണ്ടും ജനകീയ ചൈനയുടെ നേതാക്കന്മാർ തങ്ങളുടെ നാട്ടിൻെറ ഭൂപ്രകൃതി

തന്നെ മാററിമറിക്കുന്നതിനുള്ള ഒരു മഹത്തായ സംരംഭത്തിലേ ല്പെട്ടിരിക്കയാണു്. അതോടൊപ്പം ജനങ്ങളുടെ ജീവിതനില വാരം ഉയരുകയുമാണു്. ഒരു തരത്തിലും കമ്മ്യൂണിസത്തിൻെറ മിത്രങ്ങളല്ലാത്ത ദൃക്‌സാക്ഷികൾ ഇതു ശരിവെച്ചിട്ടുണ്ടു്.

അവർ നേരിൽ കണ്ടതിനെപ്പററി പറഞ്ഞതു തങ്ങൾക്ക വിശ്വാസമാവുന്നില്ലെന്നും, ഒരു പിന്നോക്കരാജ്യത്തെ വ്യവ സായവല്കരിക്കാനുള്ള ശ്രമമെന്നു പറഞ്ഞാൽ നിർബ്ബന്ധിതാ ദ്ധ്വാനമെന്നാണു് അർത്ഥമെന്നും "ജനാധിപത്യസോഷ്യലിസ" ത്തിൽ ശ്രീ: അശോകമേത്ത പറയുന്നതുപോലെ വാദിക്കാനാണു് അവർ പോകുന്നതെങ്കിൽ, ഐക്യരാഷ്ട്രസംഘടന പ്രസിദ്ധപ്പെ ടുത്തിയിട്ടുള്ള "ലോകസാമ്പത്തികറിപ്പോർട്ടി (1951–52)ൽ ജന കീയചൈനയിലെ സ്ഥിതിഗതികളെപ്പററി പറയുന്ന ഭാഗം ഒന്നു വായിച്ചുനോക്കണമെന്നു മാത്രമാണു് സോഷ്യലിസ്റ്റുനേ താക്കളോടു പറയാനുള്ളതു്.

"കൂടുതൽ ഭൂമിയിൽ കൃഷിയിറക്കിയതിൻെറയും, ജലസേ ചനസൌകര്യങ്ങൾ വർദ്ധിപ്പിച്ചതിൻെറ, അണുനാശിനികളും, ശാസ്ത്രീയവളങ്ങളും കൂടുതലായുപയോഗിച്ചതിൻെറയും ഫല മായി 1950–51ൽ കാർഷികോല്പാദനം ഗണ്യമായി വർദ്ധിക്ക യുണ്ടായി. കാർഷികപരിഷ്കാരം, കൃഷിവ്യവസായങ്ങളുടെ പുന രുദ്ധാരണം ഇവയെത്തുടർന്നു ജനങ്ങളുടെ യഥാർത്ഥമായ ആദായവും, തൊഴിലാളികളുടേയും കൃഷിക്കാരുടേയും സാധനോപഭോഗവും 1950–51ൽ ഗണ്യമായി വർദ്ധിക്കയുണ്ടായി."

ഈ റിപ്പോർട്ടു തയ്യാറാക്കിയതു കമ്യൂണിസത്തിൻെറ സു ഹൃത്തുക്കളല്ല എന്നു സ്മരിക്കേണ്ടതാണു്. ജനകീയചൈനയെ ഐക്യരാഷ്ട്രസംഘടനയിൽ പ്രവേശിപ്പിക്കാൻ വിസമ്മതിച്ച ഒരു സംഘടനയുടെ അധികാരികൾ നിയോഗിച്ച സാമ്പത്തിക വിദഗ്ദ്ധന്മാർ തയ്യാറാക്കിയതാണു് ഈ റിപ്പോർട്ടു്.

സോഷ്യലിസ്റ്റുനേതാക്കന്മാർ സോവിയററുസാമ്രാജ്യത്വ ത്തെപ്പററി പറയുകയും, സോവിയററുയൂനിയൻ മററു രാജ്യങ്ങ ളുടെമേൽ ആധിപത്യം നടത്താൻ ശ്രമിക്കയാണെന്നു പ്രഖ്യാപി ക്കയുംചെയ്യാറുണ്ടു്. അമേരിക്ക ഇന്ത്യക്കുനൽകുന്ന "സഹായ"

വുമായി സോവിയററ്യൂനിയൻ ചൈനക്കു നൽകുന്ന സഹായം ഒന്നു തട്ടിച്ചുനോക്കി കാണേണ്ടതാണ്. ലണ്ടൻ "ടൈംസ്" പത്രം ഫിബ്രവരി 14 1952-ൽ എഴുതിയ മുഖപ്രസംഗത്തിൽ ഇങ്ങിനെ പറഞ്ഞിരിക്കുന്നു:-

"റഷ്യ തൻെറ വാഗ്ദാനം പാലിച്ചതായി കാണുന്നു. ചീനയിലെ അസംസ്കൃതസാധനങ്ങൾക്കു പകരം വായ്പകളും വിഭവങ്ങളും നൽകി സഹായിക്കാമെന്നാണ് റഷ്യ വാഗ്ദാനംചെയ്തിരുന്നത്. ട്രാക്ടറുകളും കൊയ്ത്തുയന്ത്രങ്ങളും കലപ്പകളും ടെക്സ്റ്റയിൽമില്ലുകൾക്കു വേണ്ട മഗ്ഗങ്ങളും, ലോഹപ്രവൎത്തന ഫാക്ടറികൾക്കും റയിൽവേകൾക്കും വേണ്ട ഉപകരണങ്ങളും, കയററി അയച്ചുവെന്ന വാൎത്തയാണ് ഈ വൎഷം ലഭിച്ചിരിക്കുന്നത്. പാലങ്ങൾ, റയിൽവേകൾ, അണകൾ, സാനിട്ടറിസ്റ്റേഷനുകൾ മുതലായവയുടെ നിൎമ്മാണത്തിനു വേണ്ടത്ര എഞ്ചിനീയർന്മാരുടെ സംഘങ്ങളെ റഷ്യ അയച്ചുകൊടുത്തിട്ടുണ്ട്. ഈ എഞ്ചിനീയർമാർ ഡയറക്ടർമാരായിട്ടല്ല, ആവശ്യമുള്ള ജോലി ചെയ്തുതീൎക്കുന്നതിനുള്ള തൊഴിലാളികളായിട്ടാണു ചൈനയിലേക്കു വന്നതും, ജോലികഴിഞ്ഞു തിരിച്ചുപോകുന്നതുമെന്നുമുള്ളത് അത്ഥചത്തായ സംഗതിയാണ്."

ചൈനയിൽ എന്താണ് നടക്കുന്നത്?

ഏതാനും വർഷങ്ങൾക്കുമുമ്പുവരെ വിനാശകാരികളായിരുന്ന നദികളെ മെരുക്കിയെടുക്കുകയും, 1949നും 51നുമിടക്കു തന്നെ വെള്ളപ്പൊക്കംമൂലം നാശനഷ്ടങ്ങൾ സൎവ്വസാധാരണമായിരുന്ന സ്ഥലത്തിൻെറ വിസ്തീൎണ്ണം 670 ലക്ഷം ഹെക്ടയറിൽ നിന്നും 140 ലക്ഷം ഹെക്ടയറാക്കികുറയ്ക്കുകയും ചെയ്തുകഴിഞ്ഞിരിക്കുന്നു. രാജ്യത്തിൻെറ എല്ലാ ഭാഗത്തും വമ്പിച്ച ജലസേചന പദ്ധതികൾ നടപ്പാക്കുകയുമാണ്. ഭീമമായ അണക്കെട്ടുകൾ നിൎമ്മിക്കയും, ദശാബ്ദങ്ങളായി തരിശായിട്ടിരുന്ന ഭൂപ്രദേശങ്ങൾ ഉഴുതുമറിച്ചു കൃഷിയിറക്കുകയും ചെയ്തിരിക്കുന്നു. ചൈനയുടെ ചരിത്രത്തിലൊരിക്കലുമുണ്ടായിട്ടില്ലാത്ത തോതിലേക്കു കാൎഷികോല്പാദനം പാഞ്ഞുകയറിയിരിക്കുന്നു.

വ്യവസായികമണ്ഡലത്തിലെ പുരോഗതി കുറേക്കൂടി അ ന്യൂയാർഹമാണ്. 1950നും 51നുമിടയ്ക്കു വടക്കുകിഴക്കൻ ചൈനയിലെ വ്യവസായികോല്പാദനം 24.1ശതമാനം വർദ്ധി പ്പിക്കുകയുണ്ടായി. 1951നും 52നുമിടയ്ക്കു ഈ വർദ്ധനവ് 41.5 ശതമാനമാകുന്നതാണ്. (1849നും 1929നുമിടയ്ക്കു അമേ രിക്കയിലുണ്ടായ വ്യവസായികോല്പാദനത്തിൻെറ വർദ്ധനവു 4.8 ശതമാനമാണെന്നു ശ്രീ. അശോകമേത്ത പറഞ്ഞിരിക്കുന്നു.) രണ്ടുകൊല്ലത്തിനുള്ളിൽ വടക്കുകിഴക്കൻ ചൈനയിൽ, മുൻലക്ഷ്യത്തേ ക്കാരം അധികമായി ഉല്പാദിപ്പിച്ച പുതിയ മൂലധനം 100ലക്ഷം ടൺ ഭക്ഷ്യധാന്യം (300 കോടി രൂപ)യാണ്.

ചൈന മുന്നേറുന്നതു ഈ തോതിലാണ്. ജനസംഖ്യവർദ്ധ നവും, താഴ്ന്ന സാങ്കേതികവിജ്ഞാനവും ഉയർത്തിവിട്ട പ്രശ്ന ങ്ങളെ ചൈന പരിഹരിക്കുന്നതിങ്ങനെയാണ്. അവര മൂല ധനമുല്പാദിപ്പിക്കുന്നതും ഇങ്ങിനെയാണ്. ശ്രീ അശോകമേത്ത യുടെ കാൽമുട്ടു മടക്കിച്ച, മുടിവെച്ചുവാഴുന്ന സാമ്പത്തികനിയമ ങ്ങരം ജനകീയചൈനയുടെ നേതാക്കന്മാരെ സംഭ്രാന്തരാക്കി യില്ല. മുതലാളിമാരുടേയും ജന്മിമാരുടെയും വാഴ്ചയിൻകീഴിൽ മാത്രമേ ഈ നിയമങ്ങരം പ്രാബല്യത്തിൽ ഇരിക്കയുള്ളു. ഓരോ സാമൂഹ്യവ്യവസ്ഥിതിക്കും അതിൻേറതായ നിയമങ്ങളുണ്ട് മാർക്സിസവുമായുള്ള വിദൂരബന്ധംപോലുമുപേക്ഷിക്കാതിരിക്ക യും, സോവിയററുയൂനിയൻെറ അനുഭവങ്ങളിൽനിന്നും പാഠ ങ്ങരം പഠിക്കാൻ ശ്രമിക്കുകയും ചെയ്തിരുന്നെങ്കിൽ ഇതു ശ്രീ. അ ശോകമേത്തയ്ക്കും, കൂട്ടർക്കും മനസ്സിലാക്കാൻ ബുദ്ധിമുട്ടുണ്ടാകുമാ യിരുന്നില്ല.

## 9. ജനാധിപത്യസോഷ്യലിസത്തിൻെറ തത്വസംഹിത.

ജനാധിപത്യസോഷ്യലിസത്തിൻെറ തത്വസംഹിതയെ ന്താണ്? അതിൻെറ അടിസ്ഥാനതത്വങ്ങളെന്തെല്ലാമാണ്? ഈ തത്വങ്ങളുടെ പ്രത്യേക സ്വഭാവവിശേഷങ്ങളെന്തെല്ലാമാണ്?

സോഷ്യലിസ്റ്റ് ചിന്തയിലേക്ക ജനാധിപത്യസോഷ്യലിസത്തിന്റെ സംഭാവനകളെന്തെല്ലാം? മാർക്സിന്റെയും ലെനിന്റെയും ഏതെല്ലാം തത്വങ്ങളെ സോഷ്യലിസ്റ്റ്പാർട്ടി സ്വീകരിച്ചു? ഏതെല്ലാം തിരസ്കരിച്ചു? ഫേബിയനിസം, സോഷ്യൽഡിമോക്രസി, മാർക്സിനു മുമ്പുണ്ടായിരുന്ന ആദർശവാദം, ഗാന്ധിസം, തുടങ്ങിയവയിൽനിന്നും അതിനുള്ള വ്യത്യാസങ്ങളേവ?

പാർട്ടി സമ്മേളനങ്ങളിലും ചർച്ചായോഗങ്ങളിലും, ഇത്തരം ചോദ്യങ്ങൾ, പാർട്ടിമെമ്പർമാരും, വിമർശകരും, തുടരെ തുടരെ ഉന്നയിച്ചിട്ടുള്ളതാണ്. ഈ ചോദ്യങ്ങൾക്കുള്ള ശരിയായ മറുപടികൾ ഇതുവരെയും നൽകപ്പെട്ടിട്ടില്ല. ചില നേതാക്കന്മാർ പാർട്ടി മാർക്സിസ്റ്റാണെന്നും, എന്നാൽ പാർട്ടി "യാഥാസ്ഥിതികത്വവും സിദ്ധാന്തവാദവും" തിരസ്കരിച്ചിരിക്കയാണെന്നും അവകാശവാദം പുറപ്പെടുവിക്കയുണ്ടായി. ശ്രീ: ലോഹിയായെപ്പോലുള്ള ചില നേതാക്കന്മാർ മാർക്സിസവുമായി യാതൊരു ബന്ധവുമില്ലെന്നു തീർത്തുപറഞ്ഞിട്ടുമുണ്ട്. ഈ ചോദ്യങ്ങൾക്ക പരസ്പരവിരുദ്ധമായ മറുപടികൾ പലപ്പോഴായി തട്ടിവിട്ടിട്ടുള്ള നേതാക്കന്മാരും കുറവല്ല.

സോഷ്യലിസ്റ്റ്പാർട്ടി പടച്ചുവിട്ടിട്ടുള്ള ചില സിദ്ധാന്തങ്ങളെ നാം പരിശോധിച്ചുകഴിഞ്ഞു. സാർവ്വദേശീയമായ അവരുടെ നിലപാടും, ജനാധിപത്യത്തേയും സോഷ്യലിസത്തേയും പററി അവർ പരത്തുന്ന അഭിപ്രായങ്ങളെയും അവരുടെ സാമ്പത്തിക ലക്ഷ്യങ്ങളെയും പററി നാം പരിശോധിച്ചുകഴിഞ്ഞു. അവരുടെ ഈ സിദ്ധാന്തങ്ങളിലൊന്നിലുംതന്നെ പുതുമയോ, സ്വന്തമെന്നു പറയാവുന്നതോ ആയ യാതൊന്നുമില്ലെന്നും നാം കണ്ടു. സോഷ്യലിസ്റ്റ്പാർട്ടി പ്രചരിപ്പിക്കുന്ന എല്ലാം സിദ്ധാന്തങ്ങളെപ്പററിയും ഇതാണ് വാസ്തവം. സോഷ്യലിസ്റ്റ്പാർട്ടിയുടെ സാഹിത്യ ജലാശയമാകെ മുങ്ങിത്തപ്പി പരിശോധിച്ചാലും, മാർക്സിസത്തിന്റെ വിമർശകന്മാരും തിരുത്തിയെഴുത്തുകാരും, ബൂർഷ്വാചരിത്രകാരന്മാരും, സാമ്പത്തികശാസ്ത്രജ്ഞന്മാരും പെററിബൂർഷ്വാ ആദർശവാദികളും യൂട്ടോപ്യന്മാരും, ഗാന്ധിജിയും, ഗാന്ധിയന്മാരും പറഞ്ഞതല്ലാതെ ഒരൊററ ആശയ

മെങ്കിലും കണ്ടുകിട്ടുകയില്ല. പൊളിക്കപ്പെട്ട വാദങ്ങൾ പുതുവേഷമണിയിച്ചു, പുതു കണ്ടുപിടിത്തങ്ങളായിങ്ങനെ മുമ്പൊരിക്കലുമണിനിരത്തിയിട്ടില്ല.

ഏതെങ്കിലുമടിസ്ഥാനസിദ്ധാന്തവുമായി, വ്യക്തമായ അടിസ്ഥാനതത്വചിന്തയുമായി, ജനാധിപത്യസോഷ്യലിസത്തിൻെറ സിദ്ധാന്തങ്ങളും പ്രവർത്തനപരിപാടികളും ബന്ധപ്പെടുത്താനുള്ള ശ്രമം പരാജയപ്പെടുകയേ ഉള്ളൂ. ജനാധിപത്യസോഷ്യലിസത്തിനു അതിൻെറതായി വ്യക്തമായ തത്വസംഹിതയില്ല. തൊഴിലാളിവർഗ്ഗത്തിൻെറ വിപ്ലവസിദ്ധാന്തമായ മാർക്സിസത്തെ ചവുട്ടി മാററി, ബൂർഷ്വാതത്വാചാര്യന്മാർ തട്ടിവിടാറുള്ള പിന്തിരിപ്പൻ സിദ്ധാന്തങ്ങളെ അടിസ്ഥാന പ്രമാണമായി സ്വീകരിച്ചിരിക്കയാണ്. ബൂർഷ്വാസിയുടെ പൊളിക്കപ്പെട്ട സിദ്ധാന്തങ്ങളെ വീണ്ടും കുത്തിപ്പൊക്കി, "മാർക്സിസത്തിൻെറ പിടിവാദ"ങ്ങളെന്നു പറഞ്ഞാക്ഷേപിച്ചു തിരസ്കരിച്ച സിദ്ധാന്തങ്ങളുടെ സ്ഥാനത്തു അവർ പ്രതിഷ്ഠിച്ചിരിക്കയാണ്. എക്കണോമിക് റെമാൻറിസിസവും, ഫേബിയനിസവും, കമ്യൂണിസത്തിനും, വിപ്ലവത്തിനും എതിരായ വിരോധവും, അതേസമയം നിലവിലുള്ള വ്യവസ്ഥിതിയെപ്പററി ചില വിമർശനം പാസ്സാക്കലും, പ്രാകൃതമായ കാർഷികസമ്പ്രദായത്തെ വാഴ്ത്തി സ്തുതിക്കലും, അമേരിക്കൻ ജീവിതരീതിയെ ആരാധിക്കയും, കോളനിസമ്പ്രദായത്തെ അധിക്ഷേപിക്കലും, ബ്രിട്ടീഷ് ലേബർപാർട്ടിയെ വാടിപ്പുകഴ്ത്തലും, പാർല്ലിമെണ്ട് സമ്പ്രദായത്തോടുള്ള ബൂർഷ്വാവിശ്വാസം പുലർത്തലും, നിരാഹാരസത്യഗ്രഹത്തിൽ വിശ്വാസം പ്രഖ്യാപിക്കലും കൂട്ടിച്ചേർത്തു ഗാന്ധിസത്തിൻെറയും സോഷ്യൽ ഡിമോക്രാറിയുടെയും ചിന്താഗതികളെ കൂട്ടിച്ചേർത്തു സ്വീകാര്യമായി തോന്നിയ ചില മാർക്സിയൻ ആശയങ്ങൾ കൊണ്ടൊരു ലോലമായ പുറഞ്ചട്ടയുമിട്ടു ജനാധിപത്യസോഷ്യലിസത്തിൻെറ ആദർശരൂപം തയ്യാറാക്കിവെച്ചിരിക്കയാണ്.

ജനാധിപത്യസോഷ്യലിസത്തിൻേറതായ ഈ പുറഞ്ചട്ടയുള്ളിൽ കോൺഗ്രസ്സുമായുള്ള ബന്ധം വിടത്തുന്ന അവസരത്തിൽതന്നെ പ്രഖ്യാപിച്ച-ഗവർമ്മെണ്ടിനെതിരായ ബഹുജന

വിരോധത്തെ, കോൺഗ്രസ്സുമായി കൂട്ടായി ഭരിക്കുക, അല്ലെങ്കിൽ വോട്ടുപെട്ടിയിൽകൂടി അധികാരത്തിൽവരികയെന്ന ഉദ്ദേശത്തോടുകൂടിയ ഒരു പാർല്ലിമെണ്ടറി പ്രതിപക്ഷം രൂപവല്ക്കരിക്കുന്നതിനു ഗവമ്മെണ്ടിനെതിരായ ബഹുജനവിരോധത്തെ പ്രയോജനപ്പെടുത്തുകയെന്ന ലക്ഷ്യത്തെ ഒതുക്കിവെച്ചിരിക്കയാണു്. അത്തരം ഒരു പാർട്ടിക്കു കമ്യൂണിസത്തെ അധിക്ഷേപിക്കയും, ബഹുജനങ്ങളുടെ ധീരസമരങ്ങളെ എതിർക്കയും, ജനാധിപത്യമാർഗ്ഗങ്ങളിലുള്ള വിശ്വാസം ഉച്ചത്തിൽ പ്രഖ്യാപിച്ചു ഭരണാധികാരിവർഗ്ഗത്തിൻെറ ഉത്തമവിശ്വാസം നേടുകയും ചെയ്യേണ്ടതാവശ്യമാണു്. പാർട്ടി രൂപവല്ക്കരിക്കുമ്പോഴേ ജനാധിപത്യസോഷ്യലിസത്തിൻെറ ലക്ഷ്യവും മാർഗ്ഗവുമിതായിരുന്നു. ബാക്കിയുള്ളതൊക്കെ പുറംപൂച്ചും, ബാഹ്യമോടികളുമാണു്.

നിർഭാഗ്യവശാലെന്നുപറയട്ടെ, തങ്ങളും വേഷംകെട്ടി ആടാൻപോകുന്ന സാർവ്വദേശീയവും ദേശീയവുമായ ഇന്നത്തെ പരിതഃസ്ഥിതികളും നേരിൽ പഠിക്കാൻ അവർ ശ്രദ്ധിച്ചില്ല. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം ലോകമുതലാളിത്വത്തിൻെറയും, കോളനിവ്യവസ്ഥയുടെയും കുഴപ്പം മൂർഛിച്ചിരിക്കുന്നു. വിപ്ലവശക്തികൾക്കു മുൻപൊരിക്കലുമുണ്ടായിട്ടില്ലാത്ത മുന്നേററമുണ്ടായി. ഒരു പുതിയ ഘട്ടത്തിലേക്കു സോഷ്യലിസവും ജനാധിപത്യവും സമാധാനവും ഒരു വശത്തും, സാമ്രാജ്യത്വവും, പിന്തിരിപ്പത്തവും, യുദ്ധവും മറു വശത്തുമായി നടക്കുന്ന സമരം പ്രവേശിച്ചിരിക്കയാണു്. ഇന്ത്യയിൽ 1947ൽ നേടിയ മിഥ്യസ്വാതന്ത്ര്യത്തിനു ജനങ്ങളെ നേരിടുന്ന ഒരൊററ പ്രശ്നംപോലും പരിഹരിക്കുന്നതിനു കഴിഞ്ഞിട്ടില്ല. സാമ്രാജ്യത്വചൂഷണംമൂലം തകച്ചയിലെത്തിയിരിക്കുന്ന ഇന്ത്യയുടെ സാമ്പത്തികനില ശിഥിലമായിക്കൊണ്ടിരിക്കയാണു്.

ഈ പ്രശ്നങ്ങൾക്കൊന്നും ജനാധിപത്യസോഷ്യലിസം മറുപടിപറയുന്നില്ല. രണ്ടു ചേരികളും തമ്മിലുള്ള സമരത്തിൽ തങ്ങൾ നിഷ്പക്ഷരായിരിക്കുമെന്നാണു് അവരുടെ പ്രഖ്യാപിതനയം. ചൈനീസ്ജനതയുടെ വിജയത്തിൻെറയും, മലയ, വിയററ്നാം തുടങ്ങിയ രാജ്യങ്ങളിലെ യുദ്ധങ്ങളുടെയും, കൊറിയ

യിലെ അമേരിക്കൻകയ്യേററത്തിൻെറയും ലോകാധിപത്യത്തിനു വേണ്ടി നടത്തുന്ന യുദ്ധസന്നാഹങ്ങളുടെയും മുന്നിൽ അവരുടെ മിഥ്യാനിഷ്പക്ഷത പൊളിഞ്ഞുവീണു. നിർമ്മാണപരവും ജനാധിപത്യപരവുമായ മാർഗ്ഗങ്ങളിലാണ് തങ്ങാക്കു വിശ്വാസമെന്നു് അവർ പ്രഖ്യാപിച്ചു. സ്ഥാപിതതാല്പര്യങ്ങളുടെ ആക്കമേറിവരുന്ന ആക്രമണങ്ങാം ജനങ്ങളുടെ മേൽ സമരങ്ങളടിച്ചേല്പിക്കയും ജനാധിപത്യാവകാശങ്ങളെ ഗവർമ്മെണ്ടു ചവുട്ടിമെതിക്കയും ചെയ്യുന്ന ഇന്ത്യയിലെ ഇന്നത്തെ സാഹചര്യങ്ങളിൽ അത്തരം പ്രഖ്യാപനത്തിനു് മാത്രമായി അർത്ഥമൊന്നുമില്ല. അതുകൊണ്ടു പാർട്ടിയുടെ മുഖംമൂടി പൊളിഞ്ഞു തനിനിറം പുറത്താവാതെ രക്ഷയില്ല.

ഈ കാലമത്രയും സോഷ്യലിസ്റ്റ് പാർട്ടിക്കു നേരിടേണ്ടിവന്ന ആവതില്ലായ്മ ഡാക്റ്റർ ലോഹിയ പാച്ചുമാഹി സമ്മേളനത്തിൽ ചെയ്ത പ്രസംഗത്തിൽ തെളിഞ്ഞുകാണാം:—

"മുതലാളിത്തത്തിൻെറയും കമ്മ്യൂണിസത്തിൻെറയും ലോകങ്ങാക്കിടയിൽപ്പെട്ടു, യാഥാസ്ഥിതികത്വത്തിൻെറയും പരിവർത്തനത്തിൻെറയും അവകാശവാദങ്ങളെ സന്ധിചെയ്യിച്ചുകൊണ്ടു, അരാജകത്വം സൃഷ്ടിക്കാതെ പരിവർത്തനത്തിൻെറ ആവശ്യങ്ങളെയും, ഇന്നത്തെ നിലപാടിനെ ശക്തിപ്പെടുത്താതെ യാഥാസ്ഥിതികത്വത്തിൻെറ ആവശ്യങ്ങളെയും സേവിച്ചുകൊണ്ടു, ഒരു തത്വശാസ്ത്രം പടച്ചെടുക്കാൻ സോഷ്യലിസത്തിനു കഴിവുണ്ടായില്ല."

വ്യക്തതയുടെ വെളിച്ചംവീശുന്ന ഈ സമ്മതം ജനാധിപത്യസോഷ്യലിസത്തിൻെറ സ്വഭാവം പൊളിച്ചുകാട്ടുകയും, നാം മുമ്പു പറഞ്ഞതു ശരിയാണെന്നു സംശയാതീതമായി തെളിയിക്കുകയും ചെയ്യുന്നു. ജനാധിപത്യസോഷ്യലിസത്തിനു ഇന്നും അടിസ്ഥാനപ്രമാണങ്ങളൊന്നുംതന്നെയില്ല. യാഥാസ്ഥിതികത്വത്തിൻെറയും പരിവർത്തനത്തിൻെറയും അവകാശവാദങ്ങളെ സന്ധിയിലെത്തിക്കുന്ന ഒരു തത്വശാസ്ത്രം അവർക്കിനിയും പടച്ചുണ്ടാക്കേണ്ടിയിരിക്കുന്നു.

യാഥാസ്ഥിതികത്വത്തിന്റെയും പരിവർത്തനത്തിന്റെയും വാദങ്ങളെ ഒത്തുതീർപ്പിലെത്തിച്ചു, നിലവിലുള്ള വ്യവസ്ഥിതിയുടെ ഗുണഭോക്താക്കളുടെയും, അതിന്റെ അടിയിൽപ്പെട്ടു ഞെരുങ്ങുന്നവരുടെയും താല്പര്യങ്ങളെ സന്ധിചെയ്യിച്ചു, ഇന്നത്തെ വ്യവസ്ഥിതിയുടെ തകർച്ച(ലോഹിയായുടെ ഭാഷയിൽ അരാജകത്വം)യിലെത്തിക്കുന്ന ഉഗ്രസംഘട്ടനം ഒഴിവാക്കി, പുരോഗതിയെ മന്ദഗതിയിലാക്കുക ഇതാണ് അവരുടെ ഉന്നം.

ബൂർഷ്വാമിതവാദികളുടെയും, ആദർശവാദികളുടെയും, വർഗ്ഗസമരത്തെ കുറതീർന്ന തിന്മയായി കണ്ടിരുന്ന വിവിധാഭിപ്രായക്കാരും മാർക്സിന്റെ ചരിത്രപരമായ വളർച്ചയുടെ നിയമങ്ങളെ തുടരെത്തുടരെ തെററാണെന്നു തെളിയിക്കുന്നവരുമായ സോഷ്യൽഡെമോക്രാററുകളുടെയും പ്രഖ്യാപിതലക്ഷ്യമിതായിരുന്നു, ജനാധിപത്യസോഷ്യലിസത്തിന്റെ ഇന്നത്തെയും ലക്ഷ്യമിതാണ്.

ഈ ലക്ഷ്യം ഒരിക്കലും നേടിയിട്ടില്ല. അതൊരു ദുസ്വപ്നമാണെന്നു തെളിയിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു. സംഘട്ടനത്തിനു മൂർച്ചകൂട്ടിവരികയാണ്. യാഥാസ്ഥിതികത്വത്തിന്റെയും പരിവർത്തനത്തിന്റെയും അവകാശങ്ങളെ യോജിപ്പിലെത്തിക്കാൻ സാദ്ധ്യമല്ലെന്നു തെളിയിക്കപ്പെട്ടിരിക്കുന്നു. മാർക്സിന്റെ നിഗമനങ്ങൾ ശാസ്ത്രീയസത്യമാണെന്നു, ചരിത്രം തെളിയിച്ചുകഴിഞ്ഞിരിക്കുന്നു. ഓരോ സോഷ്യൽഡെമോക്രാററിക്പാർട്ടിയേയും തുടരെത്തുടരെയുള്ള കുഴപ്പങ്ങളിലേയ്ക്കും, വിപ്ലവത്തെ തുടരെത്തുടരെയുള്ള വഞ്ചിക്കലിലേയ്ക്കും നയിക്കുകയും, സോഷ്യൽഡെമോക്രസിയെ ഭരണാധികാരിവർഗ്ഗത്തിന്റെ "വിദേശഹസ്തങ്ങളിലെ ആയുധമാക്കിത്തീർക്കുകയുമാണ് ഈ നയം ചെയ്തിട്ടുള്ളതു്.

അതേഗതിതന്നെയാണ്, ഇന്ത്യയിലും ജനാധിപത്യസോഷ്യലിസത്തിനുള്ളതു്. മാർക്സിസത്തെ വലിച്ചുപൊളിച്ചുകളഞ്ഞു, അററം കുററംതീർത്തു ശക്തിപ്പെടുത്താൻ ഇറങ്ങിയിരിക്കുന്ന ശ്രീ. അശോകമേത്തയുടെയും ശ്രീ. ജയപ്രകാശ് നാരായന്റെയും

വിശ്വാസങ്ങൾക്കു കടകവിരുദ്ധമായിത്തന്നെ ചരിത്രപരമായ വളർച്ചയുടെ നിയമങ്ങളും ഭൂമിശാസ്ത്രപരമായ അതൃത്തികളും അംഗീകരിക്കുന്നില്ലെന്നു തെളിയിക്കപ്പെട്ടിരിക്കയാണ്!

# 10. പാച്ച്മാരിയും ശേഷവും

"ജനാധിപത്യസോഷ്യലിസത്തിൻെറ അവ്യക്തത 1950ൽ മദ്രാസ്സമ്മേളനത്തിൽവെച്ച കഠിനവിമർശനങ്ങൾക്കു പാത്രമായപ്പോൾ ശ്രീ. ജയപ്രകാശ് വാഗ്ദാനംചെയ്യുകയുണ്ടായി:– ജനാധിപത്യസോഷ്യലിസത്തിൻെറ കുറേക്കൂടി പൂർണ്ണമായ ഒരു ചിത്രം അവതരിപ്പിക്കാൻ അടുത്തവഷത്തിനുള്ളിൽ കഴിയുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. അതിനുവേണ്ടി ഞാനും ചിലതൊക്കെ ചെയ്യുന്നതാണ്." ആ വാഗ്ദാനം സോഷ്യലിസ്റ്റ്പാർട്ടിയിലെ ബഹുഭൂരിപക്ഷം അംഗങ്ങളുടെയും പ്രതീക്ഷക്കു അനുസൃതമായല്ല പാലിക്കപ്പെട്ടതു്. "രാഷ്ട്രീയപ്രവണതകൾ" എന്ന പേരിൽ 1951–ൽ താൻ പ്രസിദ്ധീകരിച്ച ലഘുലേഖയിൽ ശ്രീ. ജയപ്രകാശ് പറയുന്നു:–

"സർവ്വോദയപരിപാടി വായിക്കുന്ന ഏതൊരാൾക്കും വർണ്ണവർഗ്ഗരഹിതമായ സമുദായമെന്ന പൊതുലക്ഷ്യം കൂടാതെതന്നെ, സോഷ്യലിസ്റ്റ്പാർട്ടി വെച്ചിരിക്കുന്ന അടിയന്തിരപരിപാടിയുടെ 80 ശതമാനം അതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നു കാണാവുന്നതാണ്." കൂടാതെ "അടിസ്ഥാനപരമായ സാമൂഹ്യവിപ്ലവത്തിനുള്ള ഒരു സമഗ്രപരിപാടിയാണ് സർവ്വോദയപദ്ധതിയെന്നു" അദ്ദേഹം അഭിനന്ദിക്കയും ചെയ്തു.

"ജനാധിപത്യസോഷ്യലിസത്തിൻെറ കുറേക്കൂടി പൂർണ്ണമായ ചിത്രത്തിനു"വേണ്ടിയുള്ള അന്വേഷണം അതിൻെറ ലക്ഷ്യപ്രാപ്തിയെ സമീപിക്കയായിരുന്നു. ആ ചിത്രത്തിൻെറ 80 ശതമാനം 1951 ആഗസ്റ്റിൽതന്നെ പൂരിപ്പിക്കപ്പെടുകയുണ്ടായി.

ബാക്കി ഭാഗം പൂർത്തിയാക്കിയതു ഇക്കഴിഞ്ഞ മേയിൽ സോഷ്യലിസ്റ്റ്പാർട്ടിയുടെ പാച്ച്മാരികൺവൻഷനിൽവെച്ചായിരുന്നു.

പാച്ച്മാരികൺവെൻഷനിൽ ഉന്നയിക്കയും അംഗീകരിക്കയും ചെയ്ത സാമ്പത്തികവും രാഷ്ട്രീയവുമായ സിദ്ധാന്തങ്ങൾ നാം പരിശോധിച്ചുകഴിഞ്ഞു. അതിനെപ്പററി ഇനിയും വലുതായൊന്നും പറയേണ്ടതായിട്ടില്ല. അതിൻെറ ഉള്ളടക്കത്തെ മറച്ചുവെയ്ക്കുന്നതിനു്, അവ ഉച്ചരിച്ച ഗൌരവംകലന്ന രീതിക്കോ അവയെ പൊതിഞ്ഞുവെച്ച ആത്മീയമായ വാചകപ്പൂച്ചുകൾക്കോ കഴിഞ്ഞില്ല. അവിടെ വന്നിരുന്ന പ്രതിനിധികൾ പോലും ഭയാശങ്കകളോടെയാണു് സ്ഥലം വിട്ടതു്.

ജനാധിപത്യശക്തികൾ നേടിയ മഹത്തായ ശക്തിയും, കോൺഗ്രസ്സിൻെറ സ്വാധീനശക്തിക്കും അന്തസ്സിനും ഉണ്ടായ ഭീമമായ ഇടിവും, ജനങ്ങളുടെ ഇടയിൽ ഐക്യത്തിനും സമരത്തിനുംവേണ്ടി പ്രത്യക്ഷപ്പെട്ട മഹത്തായ ആവേശവും പ്രത്യക്ഷമാക്കിയ പൊതുതിരഞ്ഞെടുപ്പുകളെ സോഷ്യലിസ്റ്റ്നേതാക്കന്മാർ എങ്ങിനെയാണു് വീക്ഷിച്ചതു്?

“പൊതുതിരഞ്ഞെടുപ്പിൻെറ ഫലമായുണ്ടാവുന്ന രാഷ്ട്രീയജീവിതത്തിൻെറ ശഥിലീകരണത്തെ നിസ്സാരമാക്കിത്തള്ളാൻ പാർട്ടിക്കു സാദ്ധ്യമല്ല” എന്നാണു് സമ്മേളനമംഗീകരിച്ച പ്രമേയം പറയുന്നതു്. തിരഞ്ഞെടുപ്പിനുമുമ്പു നിരാശ്യം, വീഴ്ച നാശവുമല്ലാതെ ബഹുജനങ്ങളുടെ സുധീരസമരങ്ങളെ കാണാൻ അവക്കു കഴിവില്ലാതെ പോയതുപോലെതന്നെ തിരഞ്ഞെടുപ്പിനുശേഷവും അവർ കാണുന്നതു രാഷ്ട്രീയജീവിതത്തിൻെറ ശിഥിലീകരണം മാത്രമാണെന്നു അവരുടെ പ്രമേയങ്ങളും പ്രസംഗങ്ങളും വ്യക്തമാക്കുന്നു. പുതിയ രാഷ്ട്രീയസ്ഥിതികളെ പാർട്ടി ജനറൽ സിക്രട്ടരി ശ്രീ. അശോകമേത്ത സമ്മേളനത്തിൽ സമർപ്പിച്ച റിപ്പോർട്ടിൽ സംഗ്രഹിക്കുന്നതിങ്ങിനെയാണു്:–

“ഈയിടെ നടന്ന തിരഞ്ഞെടുപ്പുകൾ കോൺഗ്രസ്സിനു ശക്തിനല്കിയിട്ടുണ്ടെന്നു നിസ്സംശയം പറയാം. നാലുകോടിയിൽപരമാളുകൾ കോൺഗ്രസ്സിനു് വോട്ടുകളും, ബഹുജനാനുമതിയോടുകൂടിയ പുതുക്കിയ അധികാരപത്രവും നല്കിയിരിക്കുന്നു.”

ആറു കോടി ജനങ്ങൾ കോൺഗ്രസ്സിനെതിരായി വോട്ടു ചെയ്യുകയും കോൺഗ്രസ്സിന്നു ജനങ്ങളുടെ ഇടയിൽ ഒരുകാലത്തു കുത്തകസ്വഭാവത്തിൽ ഉണ്ടായിരുന്ന ഉന്നതസ്ഥാനം, നഷ്ടപ്പെടുകയും, ചെയ്തിട്ടുണ്ട്. കോൺഗ്രസ്സിനു നഷ്ടപ്പെട്ട സ്ഥാനം വർഗ്ഗീയമൂരാച്ചികളല്ല പുരോഗമനശക്തികളാണ് കൈവശമാക്കിയതു്. ഇതെല്ലാം കൂടിച്ചേർന്നു ജനങ്ങളുടെ മുമ്പിൽ വമ്പിച്ച പുതിയ സാദ്ധ്യതകൾ തുറന്നിട്ടുകൊടുത്തുവെങ്കിലും; സോഷ്യലിസ്റ്റ്നേതൃത്വം അതിനെപ്പററിയൊന്നും മിണ്ടുന്നില്ല.

ശ്രീ: അശോകമേത്ത തുടരുന്നു:—"ഗണ്യമായ അളവിൽ ആത്മവിശ്വാസം വീണ്ടെടുക്കാൻ കോൺഗ്രസ്സിനു് കഴിഞ്ഞു. അതിന്ന് മഹത്തായ ഒരു സന്ദർഭമാണ് ഇന്നു ലഭിച്ചിരിക്കുന്നതു്. കഴിഞ്ഞ നാലു കൊല്ലക്കാലമായി കോൺഗ്രസ്സിലേക്കു തിരിഞ്ഞുനോക്കിയിട്ടില്ലാത്ത യുവലോകം അതിനെ ആശയോടുകൂടി ഉററുനോക്കാൻ തുടങ്ങും. കോൺഗ്രസ്സിനകത്തു അട്ടത്തകാലത്തെങ്ങും ശിഥിലീകരണമുണ്ടാവാനിടയില്ല. എന്തായാലും സോഷ്യലിസത്തിലേക്കു കോൺഗ്രസ്സു നീങ്ങാനുള്ള സാദ്ധ്യതയുണ്ടെന്നു പറഞ്ഞുകൂടാ."

ഇത്ര സമുജ്ജ്വലവർണ്ണങ്ങളിൽ കോൺഗ്രസ്സിൻെറ ഭാവി വരച്ചുകാണിക്കാൻ ശ്രീ: എസ്സ്. കെ. പട്ടീൽപോലും സന്നദ്ധനാവുമോ എന്നു് സംശയമാണ്. കോൺഗ്രസ്സ് പിന്തുടരാൻ പോകുന്ന സാമ്പത്തിക-രാഷ്ട്രീയനയങ്ങളെപ്പററി പറയുമ്പോൾ, കഴിഞ്ഞ അഞ്ചുകൊല്ലക്കാലത്തെ കോൺഗ്രസ്സ്ഭരണം അവരെയാതൊന്നും പഠിപ്പിച്ചതായി കാണാൻകഴിയുന്നില്ല. അവരുടെ ഒരൊററ ഭയം "സോഷ്യലിസത്തിലേക്കു കോൺഗ്രസ്സ് നീങ്ങാനുള്ള സാദ്ധ്യത കുറവാണെന്നു" മാത്രമാണ്. യഥാർത്ഥ്യത്തിൻെറനേരെ കാട്ടുന്ന കണ്ണടയ്ക്കലും, സമരംചെയ്തു മുന്നേറുന്ന ജനങ്ങളെ കാണാൻ തയ്യാറാകാതിരിക്കലും, നമ്മുടെ ജനങ്ങളിൽ ബഹുഭൂരിപക്ഷം തൊഴിച്ചെറിഞ്ഞയാളുകളുടെ മുമ്പിൽ നടത്തുന്ന അടിപണിയലും കാണുമ്പോൾ നാമെന്താണു മനസ്സിലാക്കേണ്ടതു്? ഈ നട്ടെല്ലില്ലായ്മയും, ആത്മവിശ്വാസക്കുറവിനും, കറതീർന്ന അടിമത്വത്തിനും പിന്നിലെന്താണുള്ളതു്? അതെന്തുതന്നെയായാലുംശരി, ജനങ്ങളിൽനിന്നുമകററി, ജനാധിപത്യസോഷ്യ

ലിസത്തിന്റെ സിദ്ധാന്തങ്ങളിലേക്കും, പ്രവൎത്തനങ്ങളിലേക്കും ഇവരെ നയിക്കുന്നതു് ആ ഘടകങ്ങളാണു് എന്നു നിസ്സംശയം പറയാം.

ഈ [illegible]ങ്ങൾ വീണ്ടും തുടരുമെന്നു സോഷ്യലിസ്റ്റ് നേതാക്കന്മാർ ശക്തിയായ ഭാഷയിൽ ഉറപ്പിച്ചുപറഞ്ഞിട്ടുണ്ടു്. “കമ്മ്യൂണിസത്തിന്റെ വെല്ലുവിളി”യെ നേരിടേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ശ്രീജയപ്രകാശ് പ്രസംഗിച്ചു. പാർട്ടിയുടെ അടിസ്ഥാനപരമായ നിലയെ വിശദീകരിച്ചുകൊണ്ടു് ശ്രീ: അശോകമേത്ത ഇങ്ങിനെ പറയുകയുണ്ടായി:—കമ്മ്യൂണിസത്തെ നിയന്ത്രിക്കുന്നതിനുള്ള നയത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തുന്നതു് സോഷ്യലിസ്റ്റ് പാർട്ടിക്കു കൂടുതൽ പ്രയോജനം കൈവരുത്തും.” “കമ്മ്യൂണിസത്തെ നിയന്ത്രിക്കുക” എന്ന ശൈലി “ഉരുക്കുമറ”യെന്ന ശൈലി ഡാ: ഗിബത്സ് ആദ്യം ഉപയോഗിച്ചുതുടങ്ങിയതുപോലെ അമേരിക്കൻ സാമ്രാജ്യവാദികൾ പ്രയോഗത്തിൽ വരുത്തിയിട്ടുള്ളതാണെന്നും സ്മരിക്കേണ്ടതാണു്.

ഇന്ത്യൻ തിരഞ്ഞെടുപ്പിന്റെ ഫലങ്ങൾ അമേരിക്കൻ ഭരണാധികാരിവൃത്തങ്ങളിൽ ഇളക്കിവിട്ട സംഭ്രാന്തി എല്ലാവൎക്കും അറിവുള്ളതാണു്. ചെസ്റ്റർബൌൾസ്, ഡീൻ അച്ചിസൺ, തോംപ്പ് തുടങ്ങി ട്രൂമാൻ വരെയുള്ളവരുടെ പരസ്യപ്രസ്താവനകൾ എടുത്തുപറയേണ്ട ആവശ്യമില്ല. “ധനസഹായം”, “കരാറുകൾ”, “വായ്പകൾ” എന്നീ മാൎഗ്ഗങ്ങളിൽക്കൂടി ഇന്ത്യയിലെ “ജനാധിപത്യത്തെ” സംരക്ഷിക്കുകയാണു് തങ്ങളുടെ കടമയെന്നു അവർ പറയുന്നു.

“കമ്മ്യൂണിസത്തെ നിയന്ത്രിച്ചുനിറുത്തുക”യാണു് അവരുടെ പ്രഖ്യാപിതലക്ഷ്യം. ബ്രിട്ടൻ, ഫ്രാൻസു തുടങ്ങിയ എല്ലാ രാജ്യങ്ങളുടെയും ഈയിടെയുള്ള ചരിത്രം കാണിക്കുന്നതുപോലെ അവരുടെ യഥാർത്ഥലക്ഷ്യം ഇന്ത്യയെ അവരുടെ ഒരുപഗ്രഹമാക്കലാണു്; ഇന്ത്യാഗവൺമെണ്ടിനെ ചിയാങ്ങ് കൈഷേക്കിന്റെയോ, ബവോദയുടെയോ, സിങ്മാൻറീയുടെയോ ഗവർമ്മെണ്ടുകളെപ്പോലെ ഒരു പാവ ഗവൺമെണ്ടാക്കുകയെന്നുള്ളതാണു്.

കമ്മ്യൂണിസ്റ്റ് വിരോധ തിമിരംമൂലം ഈ ദേശീയ വിപത്തിനെ കാണാൻ കഴിയാത്തവർ അവരുടെ നയം അവരെ എവിടെ

കൊണ്ടെത്തിക്കുമെന്നും, അതാർക്കു സഹായകമായിരിക്കുമെന്നും ഒന്നു ഇരുന്നു ചിന്തിക്കേണ്ടതാണ്.

അനീതിക്കും കഷ്ടതയ്ക്കുമെതിരായി ആവശ്യമുള്ളിടത്തെല്ലാം സത്യഗ്രഹസമരം നടത്താൻ പാർട്ടിഘടകങ്ങളെ അധികാരപ്പെടുത്തുന്ന ഒരു പ്രമേയവും പാൾച്ച്മാറിയിൽവെച്ച് അംഗീകരിച്ചിട്ടുണ്ട്. ബഹുജനസമരവിരുദ്ധനയം ഉപേക്ഷിച്ചുവെന്നല്ല അതിൻെറ അർത്ഥം. പുതിയ പരിതഃസ്ഥിതികളിൽ പഴയനയം തന്നെ നടപ്പിലാക്കുകയെന്നു മാത്രമാണ് ഇതിൻെറ അർത്ഥം.

അഹിംസയും ഹിംസയുമല്ല ഇവിടെ പ്രശ്നം. അക്രമവും അക്രമരാഹിത്യവുമല്ല ഇവിടെ പ്രശ്നം, കൃഷകന്മാർക്കും ഗവമ്മെണ്ടിനും എതിരായ സമരത്തിൽ ഉണർന്നെഴുനേല്ക്കുന്ന ബഹുജനങ്ങാംക്കുള്ള പങ്ക് എന്താണെന്നുള്ളതുമാത്രമാണ്. അവർ അതിൽ സജീവമായി പങ്കെടുക്കണോ? അതോ അനുഭാവികളായ കാണികളായി കയ്യുംകെട്ടി ഇരുന്നാൽ മതിയോ? സോഷ്യലിസ്റ്റ് പാർട്ടി നടത്തിയിട്ടുള്ള പല സത്യഗ്രഹസമരങ്ങളും കാണിക്കുന്നതു രണ്ടാമതു പറഞ്ഞ ജോലിയാണ് സോഷ്യലിസ്റ്റ്നേതാക്കന്മാർ ബഹുജനങ്ങാംക്കു നൽകിയിരിക്കുന്നതെന്താണ്. സോഷ്യലിസ്റ്റ്കാർ സംഘംസംഘമായി സത്യഗ്രഹംനടത്തുക; ബഹുജനങ്ങാം നോക്കിയിരിക്കുക അതാണ് അവർ ആഗ്രഹിക്കുന്നതു്. അത്തരം പ്രകടനപരമായ സമരങ്ങാം ജനങ്ങളെ വളരെയൊന്നും സഹായിക്കയില്ല അത്തരം സമരങ്ങാം സമര വീര്യംകെടുത്തുകയും, പ്രധാന കടമകളിൽനിന്നു ബഹുജന ശ്രദ്ധയെ വ്യതിചലിപ്പിക്കയും മാത്രമേ ചെയ്യുകയുള്ളു. ബഹുജന ദൃഷ്ടിയിൽ പാർട്ടിയുടെ സ്ഥാനം വീണ്ടെടുക്കുന്നതിനുമാത്രമായിട്ടാണ് അത്തരം സമരങ്ങാം നടത്തിയിട്ടുള്ളതു്. യഥാർത്ഥ ജനാധിപത്യപ്രസ്ഥാനത്തെ തടഞ്ഞു "കമ്മ്യൂണിസത്തെ നിയന്ത്രിക്കുക യെ"ന്ന മൌലിക നയത്തിൻെറ ഒരു ഭാഗമായി സമരങ്ങളെയും കാണേണ്ടതാണ്.

സോഷ്യലിസ്റ്റ്–പ്രജാപ്പാർട്ടികളുടെ ആസന്നമായ വിലയനയത്തെപ്പററി പല ഊഹാപോഹങ്ങളും ഇറക്കിവിടുന്നുണ്ട്. ഈ രണ്ടു പാർട്ടികളുടെയും താത്വികമായ ഐക്യമാണ് ഇതിന

ടിസ്ഥാനമെങ്കിൽ അതു രണ്ടു പാർട്ടികളുടെ മാത്രം കാര്യമാണ്. അങ്ങനെയല്ലെന്നു എല്ലാവർക്കുമറിയാം. സോഷ്യലിസ്റ്റ് നേതാക്കന്മാരെ സംബന്ധിച്ചെടത്തോളം അവരുടെ പ്രധാനഉന്നം, കമ്മ്യൂണിസ്റ്റ് പാർട്ടിയെ ഒററതിരിക്കുകയും, മദ്രാസിലെ ജനാധിപത്യമുന്നണി പൊളിക്കുകയും കെ. എം. പി. പിയുടെ മേൽ കോൺഗ്രസ്സല്ല കമ്മ്യൂണിസമാണ് പ്രധാന ശത്രുവെന്ന മൌലിനയം അടിച്ചേല്പിക്കുകയുമാണ്. ഈ ശത്രുവിനെയാണ് ഇന്നു പ്രധാനമായും എതിർത്തു തോല്പിക്കേണ്ടിയിരിക്കുന്നതു്. അതിന്നു, തിരഞ്ഞെടുപ്പിനുശേഷം ജനാധിപത്യശക്തികൾക്കുണ്ടായ ഏററവും മഹത്തായ നേട്ടമെന്നു നിസ്സംശയം അഭിമാനിക്കാവുന്ന, മദ്രാസിലെ ജനാധിപത്യമുന്നണിയെ പൊളിക്കേണ്ടിവരികയാണെങ്കിൽ, ജനാധിപത്യസോഷ്യലിസത്തിന്നു അതൊരു പ്രശ്നമല്ല.

ജനങ്ങളോടും ബഹുജനപ്രസ്ഥാനങ്ങളോടുമവർക്കുള്ള മനോഭാവമിവിടെ തെളിഞ്ഞു കാണാം. കമ്മ്യൂണിസത്തിനെതിരായി പോരാടുക മാത്രമാണ് അവരുടെ ഒരൊററകടമ. അവർ കെട്ടിപ്പടുക്കാൻ കിണഞ്ഞു ശ്രമിക്കുന്ന മുന്നണി—കമ്മ്യൂണിസത്തിനെതിരായ ഒരു സമരമുന്നണി മാത്രമാണ്.

ഈ അപായകരമായ നയപരിപാടികൾ തുടരുമ്പോൾ തന്നെ സ്ഥിതിഗതികൾ ദ്രുതഗതിയിൽ മാറിക്കൊണ്ടിരിക്കയാണ്. വടക്കൻ ചൈനയിൽ അമേരിക്കൻ വിമാനങ്ങൾ നടത്തുന്ന ബോംബാക്രമണം ലോകത്തെ മുഴുവൻ ഞെട്ടിപ്പിക്കുന്ന യുദ്ധവിപത്തിനെ ഉയർത്തിക്കാണിക്കുന്നു. ഇന്ത്യയ്ക്കകത്തെ നമ്മുടെ സാമ്പത്തികനിലതന്നെ കുഴപ്പത്തിൽ പെട്ടിരിക്കുന്നു. തന്മൂലം അനേകകോടി ജനങ്ങൾ അനന്തമായ കഷ്ടതയിലേക്കു തള്ളപ്പെട്ടിരിക്കയാണ്. രാജ്യത്തിൻെറ എല്ലാ ഭാഗത്തും ക്ഷാമം താണ്ഡവമാടുകയാണ്. ഗവർമ്മെണ്ടിൻെറ പുതിയ ഭക്ഷ്യനയം കുഴപ്പത്തെ വർദ്ധിപ്പിക്കുകമാത്രമേ ചെയ്യുകയുള്ളു. ഗവമ്മെണ്ടിനെതിരായി അലയടിച്ചുയരുന്ന ബഹുജനവിരോധത്തിനു സംഘടിത രൂപം നൽകി യോജിച്ച ബഹുജനസംഘടനകളുടെ ആണിക്കല്ലുകളിൽ ഉറപ്പിക്കയും നയിക്കയും നേതൃത്വം നൽകുകയും ചെയ്യണം. ഭാരമേറിയ ചുമതലകളാണ് ഇവയെല്ലാം ചേർന്നു

നമ്മുടെ തലയിൽ ഏല്പിച്ചിരിക്കുന്നതു. ജനങ്ങളുടെ വെല്ലുവിളിയെ നേരിടാൻവേണ്ടി പുതിയ അധികാരങ്ങൾ നേടി നഖശിഖാന്തം ആയുധമണിയുന്ന ഗവമ്മെണ്ടിനെ പരാജയപ്പെടുത്താൻ യാതൊരു പാൎട്ടിക്കുമിന്നു ഒററയ്ക്കു കഴിയുകയില്ല. ഗവമ്മെണ്ടിൻെറ നയപരിപാടികളെ എതിൎക്കുന്നതിന്നു നിയമസഭകൾക്കകത്തു യോജിച്ച ജനകീയപ്രതിപക്ഷം, നിയമസഭയ്ക്കു വെളിയിൽ ഗവമ്മെണ്ടിനെതിരായി ബഹുജനങ്ങളെ യോജിപ്പിച്ചണിനിരത്തൽ, തൊഴിലാളികളുടെയും കൃഷിക്കാരുടെയും, വിദ്യാൎത്ഥികളുടെയും, ഇതരവിഭാഗങ്ങളുടെയും, വൎഗ്ഗങ്ങളുടെയും യോജിച്ച അവകാശസമരങ്ങൾ—ഈ മാൎഗ്ഗം മാത്രമേ വിജയത്തിലേക്കുള്ള വഴി തെളിക്കുകയുള്ളു: കഴിഞ്ഞ അഞ്ചുവൎഷത്തിൻെറ ചരിത്രം ഇതു വ്യക്തമാക്കുന്നു.

നേതാക്കന്മാരുടെ പിന്തിരിപ്പൻ നയങ്ങളെപ്പോലുമവഗണിച്ചു ലക്ഷക്കണക്കിന്നു ജനങ്ങൾ പൊതുതിരഞ്ഞെടുപ്പുകാലത്തു സോഷ്യലിസ്റ്റ് പാൎട്ടിക്കു വോട്ടു ചെയ്തതു കമ്മ്യൂണിസത്തെ വ്യാപിക്കാതെ നിയന്ത്രിച്ചുനിൎത്തുമെന്നു നേതാക്കന്മാർ ചെയ്ത വാഗ്ദാനത്തെ കരുതിയല്ല, ഗവമ്മെണ്ടിനെതിരായി പടവെട്ടുന്ന ഒരു പാൎട്ടിയായി അവർ സോഷ്യലിസ്റ്റ് പാൎട്ടിയെ കണ്ടതുകൊണ്ടാണു്; രാജ്യത്തിൻെറ നാനാഭാഗത്തുമുള്ള സോഷ്യലിസ്റ്റ് പാൎട്ടി പ്രവൎത്തകന്മാരുടെനിസ്വാൎത്ഥമായ പ്രവൎത്തനങ്ങളുടെ ഫലമായാണു്. ഈ ബഹുജനങ്ങളോടു സോഷ്യലിസ്റ്റ് പാൎട്ടിക്കും, മെമ്പർമാൎക്കും, പ്രവൎത്തകന്മാൎക്കും ചുമതലയും ഉത്തരവാദിത്വവുമുണ്ടു്. കഴിഞ്ഞ കാലങ്ങളിലെ പാൎട്ടിയുടെ നയങ്ങൾക്കും വഴക്കങ്ങൾക്കും എതിരായി സമരം ചെയ്തും ബഹുജനങ്ങളുടെ അവകാശങ്ങളും, ദേശീയസ്വാതന്ത്ര്യവും, ജനാധിപത്യവും കൊളനി ജനതകളുടെ സ്വാതന്ത്ര്യവും, ലോകസമാധാനവും സംരക്ഷിക്കുന്നതിനുവേണ്ടി സമരം ചെയ്തു മാത്രമേ ആ കടമയും ചുമതലയും അവൎക്കു നിൎവ്വഹിക്കാൻ സാധിക്കയുള്ളു.

## കുറിപ്പ്:—

പേജ് 50-ൽ 2ാം പേരയായി ഇങ്ങിനെ ചേർത്തി വായിക്കുക:-

"റഷ്യയെക്കുറിച്ച് വെബ്ബ്ദമ്പതികൾ എഴുതിയ, ശ്രദ്ധേയവും, ശാശ്വതവുമായ ആ പുതിയ ഗ്രന്ഥത്തിൽ സോവിയററു സമുദായം വിശാലവും, ജീവിക്കുന്നതുമായ ജനാധിപത്യാടിസ്ഥാനത്തിൽ എങ്ങിനെ കെട്ടിപ്പടുത്തിരിക്കുന്നു എന്നു പ്രദിപാദിക്കുന്നു. അതു വായനക്കാരന്നു് അത്യന്തം രസാവഹമായിരിക്കും. പാശ്ചാത്യമാതൃകയിലുള്ള ഒരു ജനാധിപത്യരാജ്യമല്ല റഷ്യയെന്നു വിശ്വസിക്കപ്പെടുന്നുണ്ടു്. എന്നിട്ടും മറെറല്ലായിടത്തെയുംകാൾ കൂടുതലായി ജനാധിപത്യത്തിൻെറ അത്യന്താപേക്ഷിതഘടകങ്ങളെ നമുക്കു അവിടെ ബഹുജനങ്ങളുടെയിടയിൽ കാണാൻ കഴിയും. നഗരങ്ങളിലും ഗ്രാമങ്ങളിലുമായി 6 ലക്ഷം വമ്പിച്ച ജനാധിപത്യസ്ഥാപനങ്ങൾ അതിൻേറതായ സോവിയററുകൾ മുഖാന്തിരം, ഇടതടവില്ലാതെ ചർച്ചകളും വാദപ്രതിവാദങ്ങളും നടത്തി നയരൂപീകരണത്തിൽ സഹായിച്ച ഉയർന്ന കമ്മിററികളിലേക്കു പ്രതിനിധികളെ തിരഞ്ഞെടുത്തുകൊണ്ടു് അവിടെ പ്രവർത്തനം നടത്തുന്നു. പതിനെട്ടുവയസ്സിനുമേൽ പ്രായമുള്ള എല്ലാ ജനങ്ങളെയും, പൌരന്മാരുടേതായ ഈ സംഘടനകൾ ഉൾക്കൊള്ളുന്നു. ഉല്പാദകരെന്ന നിലക്കു ജനങ്ങളെല്ലാം ഉൾക്കൊള്ളുന്ന മറെറാരു സംഘടനയുണ്ടു്. ഉപഭോക്താക്കളെന്ന നിലയിൽ എല്ലാ ജനങ്ങളെയും ഉൾക്കൊള്ളുന്ന ഇതുപോലെതന്നെ വിപുലമായ മൂന്നാമതൊരുതരം സംഘടനയുണ്ടു്. പൊതുകാര്യങ്ങളെപ്പററി ചർച്ചയും രാജ്യഭരണനിർവ്വഹണവും കോടാനുകോടി ജനങ്ങൾ നടത്തിവരികയാണു്. ചരിത്രത്തിൽ ഇന്നുവരെയും ജനാധിപത്യനടപടികൾ ഇത്രത്തോളം പ്രയോഗത്തിൽ വന്നിട്ടില്ല.

(1936-ൽ ഇന്ത്യൻനാഷണൽ കോൺഗ്രസ്സിൻെറ
ലക്നോ വാർഷികസമ്മേളനത്തിൽ
പണ്ഡിററു് നെഹറു ചെയ്ത അദ്ധ്യക്ഷപ്രസംഗം.)

ദേശാഭിമാനി പ്രസ്സ്, കോഴിക്കോട് 1.

KOTTAYAM PUBLIC LIBRARY
**KOTTAYAM.**

*Cl. No.* M335 *Acc. No.* 12569

This book should be returned on or before the date last stamped below.

6 MAR 1966
20 NOV 1972
9 JUN 1988
5 OCT 2000

ന 335 12569

അജയകുമാർ ഘോഷ്:

ഇന്ത്യൻ സോഷ്യലിസ്റ്റു പാർട്ടി
യുടെ പ്രമാണങ്ങളും. പ്രവൃത്തി
കളും.

M 335.
Ady-9